THE LEGISLATIVE ASSEMBLY (REMOVAL OF DIS-QUALIFICATIONS) AMENDMENT BILL, 1979

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, ഞാൻ ഈ ബില്ലിനെ ശക്തിയായി എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് രാഷ്ട്രീയ പ്രവർത്തകർക്ക് അവരുടെ സേവനത്തിനുള്ള വിലയും പരിഗണനയും ഈ ബില്ലുകൊണ്ട് നിഷേധിക്കുകയാണ് ചെയ്യുന്നത്. ഈ ബില്ലു വായിച്ചു നോക്കുമ്പോൾ മഹാകവി ചങ്ങമ്പുഴയുടെ ചില വരികളാണ് എനിക്ക് ഓർമ്മ വരുന്നത്.

''ലോകപുഷ്പത്തിൻ മരന്ദം മുഴുവനും
ഹാ കുബേരൻമാർക്ക് മാത്രമായുള്ളതാ
പാടില്ലതിൽ നിന്നൊരു തുള്ളിയെങ്കിലും
പാവങ്ങളായവർ സ്വാദു നോക്കീടുവാൻ
നിർവിഘ്നമിസ്വാർത്ഥതയ്ക്ക് സുഖിക്കുവാൻ
നിർമ്മിച്ചു വെച്ച നിയമവും നീതിയും
അത്യുഗ്രമാകുമപരാധമാണു പോ-
ലല്പമതിങ്കൽ പ്രതിഷേധ സൂചനം.''

ആ നിലയിലാണ് ഞാൻ ഈ ബില്ലിനെ കാണുന്നത്. ഗവൺമെന്റ് അധികാര വികേന്ദ്രീകരണത്തിനു വേണ്ടി നിയമം പാസ്സാക്കിയെങ്കിലും അധികാര കേന്ദ്രീകരണം എന്നുള്ള വാദവുമായിട്ടാണ് മുമ്പോട്ടു പോകുന്നത് എന്നുള്ളതിനു തെളിവാണ് ഈ ബിൽ. നിയമസഭയിൽ തെരഞ്ഞെടുക്കപ്പെട്ടു വരുന്നവരിൽ ചിലരുടെ സ്വാധീനം നിലനിറുത്തുവാൻ വേണ്ടിയും അവരുടെ ആശ്രിതരെ പിടിച്ചു നിറുത്താൻവേണ്ടിയുമാണ് ഇത്തരത്തിലുള്ള ഒരു ബിൽ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളത്. എം. എൽ. എ.-മാർക്ക് പല ഉത്തരവാദപ്പെട്ട ജോലികളും ഉണ്ട്. അവർക്ക് വളരെയധികം കടമകളുണ്ട്, കർത്തവ്യങ്ങളുണ്ട്. എം.എൽ.എ.-മാർക്ക് ചെയർമാൻസ്ഥാനങ്ങളെല്ലാം നൽകിക്കഴിഞ്ഞാൽ രാഷ്ട്രീയമായിട്ടുള്ള പല അഴിമതികളും നടത്തുവാൻ അവസരം കിട്ടും. ബഹുമാനപ്പെട്ട കാളാശ്ശേരിയെ ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നതെങ്കിലും അദ്ദേഹത്തെ ഈ നിയമത്തിൽ ഒരു കരുവാക്കിയിരിക്കുകയാണ്. ഭരണ കക്ഷിയിൽപെട്ട പല മെമ്പർമാർക്കും കോർപ്പറേഷന്റെ ചെയർമാൻസ്ഥാനം വാഗ്ദാനം ചെയ്തിരിക്കുകയാണ്. പലർക്കും അതേറെടുക്കുവാനുള്ള വിഷമംകൊണ്ട് ഇപ്രകാരം ഒരു ബിൽ കൊണ്ടു വരുന്നതുവരെ കാത്തിരിക്കുകയായിരുന്നു. ബഹുമാനപ്പെട്ട ഹരിജനായ കാളാശ്ശേരിയുടെ കാര്യം പറഞ്ഞുകൊണ്ടായാലും ഈ നിയമം പാസ്സാക്കിക്കഴിഞ്ഞാൽ പല എം. എൽ. എ.-മാർക്കും അത്തരത്തിലുള്ള സ്ഥാനം ഏറെറടുക്കുവാൻ സാധിക്കും എന്നാണ് ഇതു കൊണ്ട് മനസ്സിലാകുന്നത്. ഇത് ഹരിജനങ്ങളെ രക്ഷിക്കുവാൻ വേണ്ടി കൊണ്ടുവന്ന ഒരു നിയമം അല്ല. സർ, പാവപ്പെട്ട ആദിവാസികൾക്ക് വേണ്ടി ഇവിടെ ഒരു നിയമം കൊണ്ടുവന്നു. എന്നിട്ട് അത് ഇതേവരെ നടപ്പിലാക്കിയിട്ടില്ല. അപ്പോൾ ഹരിജനങ്ങളെ രക്ഷിക്കുവാനാണെന്നു പറയുന്നതിൽ യാതൊരർത്ഥവുമില്ല. ഈ ബിൽ ഈ രാജ്യത്തെ ചില ആളുകൾക്കുവേണ്ടി കൊണ്ടുവന്നിട്ടുള്ളതാണ്. സർ, ഈ ബിൽ പാസാക്കിയാൽ ഈ രാജ്യത്തെ പൊതുജനസേവകൻമാരോട് ചെയ്യുന്ന ഒരു വഞ്ചനയായിരിക്കും. അവരെ നിരുൽസാഹപ്പെടുത്തുന്നതും ദോഷകരവുമായ ഒരു ബില്ലാണിത്. ഈ ബിൽ പാസാക്കുന്നതിൽ എനിക്ക് അതിയായ പ്രതിഷേധം ഉണ്ട്. ഈ ബില്ലിനെ ശക്തിയായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഭാസ്കരൻ നായർ: ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഇത് കാളാശ്ശേരി ബില്ലാണെന്നൊക്കെ ഇവിടെ പറഞ്ഞു. അദ്ദേഹത്തെ അങ്ങിനെ അപമാനിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹത്തിന്റെ പേരുമായിട്ട് കണക്ഷൻ ചെയ്യണമെന്ന ആഗ്രഹം എനിക്കില്ല. മറ്റൊരു പേര് കൊടുത്താൽ കൊള്ളാമെന്ന ആഗ്രഹം എനിക്കുണ്ട്. കൂറ് മാറ്റ സഹായ സഹകരണ ബില്ല് എന്ന് ആക്കിയാൽ കൊള്ളാമെന്ന് എനിക്ക് ഒരു ഭേദഗതിയുണ്ട്. ഇത് പ്രത്യേക ഉദ്ദേശത്തോടുകൂടി കൊണ്ടു വന്നിരിക്കുകയാണെന്ന് വളരെ വ്യക്തമാണ്. ശ്രീ. ജേക്കബ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇതിന്റെ ന്യായാന്യായതകളെപ്പറ്റി നിയമ പുസ്തകവും മറ്റും വച്ച് വാദിക്കുന്നതു കേട്ടു. ഈ ഗവൺമെന്റിന് ഇങ്ങനെ ഒരു ബില്ല് കൊണ്ടുവരാനുള്ള അവകാശമുണ്ടെന്നുള്ളതിനെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസമില്ല. പക്ഷേ എന്ത് അടിസ്ഥാനത്തിൽ, എന്ത് സാഹചര്യത്തിൽ, ആണ് ഈ ബില്ല് കൊണ്ടു വന്നിരിക്കുന്നത് എന്നുള്ളതാണ് പ്രശ്നം. ഇതിന്റെ സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്റ്റ്സ് ആൻറ് റീസൺസിൽ പറയുന്നത് പ്രത്യേക ഉദ്ദേശത്തോടു കൂടിയാണ് ഈ ബില്ല് ഇവിടെ കൊണ്ടുവന്നതെന്നാണ്. അതിൽ പറയുന്നത്—

In the interest of the proper management and administration of Government Companies and statutory Corporations owned or controlled by the State Government, it was considered expedient to provide that the office of Chairman of any such company or Corporation will not also disqualify the holder thereof from being chosen as and for being a member of the Legislative Assembly

കോർപ്പറേഷന്റേയും ഹോൾഡിംഗ് കമ്പനികളുടേയും ന്യായയുക്തമായ, കാര്യക്ഷമമായ പ്രവർത്തനത്തിന് എം. എൽ. എ.-മാരെ ചെയർമാനാക്കുന്നത് നല്ലതാണെന്ന് ഗവൺമെന്റിന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ അവരെ ചെയർമാനാക്കുകയാണെങ്കിൽ എം. എൽ. എ. ആണെന്നുള്ള ഡിസ്കാളിഫിക്കേഷൻ വരികയില്ലെന്നുള്ള തത്വത്തോട് യോജിക്കാൻ നിവൃത്തിയില്ലെന്നാണ് എനിക്കു പറയാനുള്ളത്. ഡിസ്ട്രിക്റ്റ് അഡ്മിനിസ്ട്രേഷൻ ബില്ല് ഇവിടെ ചർച്ച ചെയ്ത അവസരത്തിൽ ആ കൗൺസിലിലെ ചെയർമാനോ വൈസ് ചെയർമാനോ സ്റ്റാൻറിംഗ് കമ്മിറ്റിയിലെ അംഗം ആകണമെങ്കിൽ എം. എൽ. എ.-ക്ക് ആകണമെങ്കിൽ തെരഞ്ഞെടുപ്പിൽ മൽസരിക്കണമെന്നും തെരഞ്ഞെടുപ്പിൽ വിജയിച്ചാൽ എം. എൽ. എ. സ്ഥാനം രാജി വയ്ക്കണമെന്നും വ്യക്തമാക്കിയിരിക്കുകയാണ്. എം. എൽ. എ.-യെ സംബന്ധിച്ചിടത്തോളം 24 മണിക്കൂറും ജോലി ചെയ്യേണ്ട ആളായിത്തീർന്നിരിക്കുകയാണ്. നിയോജകമണ്ഡലത്തിലെ പ്രതിനിധി ആയിട്ടു വരുന്ന ഒരാൾ അവിടെയുള്ള സങ്കീർണ്ണങ്ങളായ എല്ലാ പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിന് നിയുക്തനായ ഒരാൾ മറ്റ് ഏതെങ്കിലും ഉദ്യോഗം സ്വീകരിക്കുകയാണെങ്കിൽ രണ്ടിനും നീതി പുലർത്താൻ സാദ്ധ്യമല്ലെന്ന് വ്യക്തമാണ്. എം. എൽ. എ. എന്നുള്ള നിലയിൽ ഹോൾഡിംഗ് കമ്പനിയിലോ ബോർഡിലോ കോർപ്പറേഷനിലോ ചെയർമാൻ സ്ഥാനം വഹിക്കുകയാണെങ്കിൽ എം. എൽ. എ. എന്നുള്ള അദ്ദേഹത്തിൽ അർപ്പിച്ചിരിക്കുന്ന ജോലി ശരിക്ക് നിർവ്വഹിക്കുന്നതിന് സാധിക്കുകയില്ല. ഗവൺമെന്റിന് ആ നിലയിൽ ഏതെങ്കിലും പ്രത്യേകമായ ഉദ്ദേശത്തിൽ കൂറുമാറ്റത്തെ ഉദ്ദേശിച്ചോ തന്റെ പാർട്ടിയിലുള്ള ആളെ പിടിച്ചു നിർത്തണമെന്നോ ഉള്ള ഉദ്ദേശത്തിൽ കൊണ്ടു വരുന്ന ദുരുദ്ദേശപരമായ ഈ ബില്ലിനെ ശക്തിയായി എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കരുണാകരൻ: സർ, ഞാൻ ഈ ബില്ലിനെ ശക്തിയായി എതിർക്കുകയാണ്. ഗവൺമെന്റിന്റെ പൊതു നയത്തിന് അനുയോജ്യമായ ഒരു ബില്ലാണ് ഇതെന്നു പറയുന്നതിൽ തെറ്റില്ല. ഈ ഗവൺമെന്റിന്റെ നയ പരിപാടികളും പരിശോധിച്ചാൽ ഇത്തരം നിയമങ്ങളും പലതും കൊണ്ടു വന്നിട്ടുണ്ട്. ഡിസ്ട്രിക്റ്റ് അഡ്മിനിസ്ട്രേഷൻ ബില്ലിന്റെ ചർച്ച അവസാനിപ്പിച്ചു കൊണ്ട് ചില സുഹൃത്തുക്കൾ സൂചിപ്പിച്ചത് ഈ നിയമസഭയും കഴിഞ്ഞ നിയമസഭയും പല പ്രസിദ്ധങ്ങളായ നിയമം പാസ്സാക്കിയ ചരിത്രം ഉണ്ടായിട്ടുണ്ട് എന്നാണ്. പ്രസിദ്ധം മാത്രമല്ല കുപ്രസിദ്ധമായ നിയമവും പാസ്സാക്കിയ ചരിത്രം ഈ നിയമസഭയ്ക്കും പഴയ നിയമസഭയ്ക്കും ഉണ്ടെന്ന് വിസ്മരിക്കാൻ നമുക്ക് കഴിയുകയില്ല. നമ്മുടെ നിയമസഭ തന്നെയാണ് ഒരു ദിവസത്തെ പണിമുടക്ക് നടത്തിയാൽ 6 ദിവസം വേതനം നിഷേധിക്കുന്ന ബില്ല് പാസ്സാക്കിയത്. അതു പോലെ തന്നെ പണിമുടക്കിനെ പരോക്ഷമായി എതിർക്കുന്ന ബില്ല് പാസ്സാക്കിയത്. കഴിഞ്ഞ പ്രാവശ്യം വിൽപ്പന നികുതി അടിച്ചേൽപ്പിക്കുന്ന നിയമം കൊണ്ടു വന്നു. അതു പോലെ കോഴിക്കോട്ടെ ചാത്തമംഗലം എഞ്ചിനീയറിംഗ് കോളേജിനു വേണ്ടി പുതിയ നിയമം സൃഷ്ടിച്ചു. ഇങ്ങനെ കുപ്രസിദ്ധമായ നിയമനിർമ്മാണത്തിന്റെ കൂട്ടത്തിൽ രാഷ്ട്രീയ അഴിമതിക്ക് മുഖമുദ്ര അണിഞ്ഞു കൊണ്ട് ഈ നിയമം കൂടി ഗവൺമെന്റ് കൊണ്ടുവന്നു. ഈ നിയമം കൊണ്ടുവന്നതിനെ ന്യായീകരിക്കുന്നതിനു വേണ്ടി ശ്രീ. ജേക്കബ് ഇൻഡ്യയിലെ പല സംസ്ഥാനങ്ങളും സന്ദർശിച്ച് പല നിയമങ്ങളും അദ്ദേഹം ഇവിടെ ഉദ്ധരിക്കുകയുണ്ടായി. സ്വന്തം മനസ്സാക്ഷിക്കെതിരായിട്ട് അദ്ദേഹം ദയനീയമായ വാദപ്രതിവാദമായിരുന്നു നടത്തിയതെന്ന് പറയാതിരിക്കാൻ വയ്യ. ഓരോ സംസ്ഥാനത്തിലും രാഷ്ട്രീയവും സാമൂഹ്യവുമായിട്ടുള്ള വ്യത്യസ്ത സ്ഥിതിഗതികളും നിലവിലുണ്ട്. അതുകൊണ്ട് ഇത്തരം പല നിയമങ്ങളും അവിടെ നടന്നു എന്നു വരും. കർണ്ണാടകത്തെ സംബന്ധിച്ചിടത്തോളം.....

ശ്രീ. ഇ. പി. ഗോപാലൻ: ലോകത്തിൽ ഒരിടത്തും ഇതുപോലുള്ള ഒരു നിയമനിർമ്മാണം ഉണ്ടായിട്ടില്ലെന്ന് ഒരു അംഗം പറഞ്ഞപ്പോൾ ഇൻഡ്യാ രാജ്യം ലോകത്തിൽ ഉൾപ്പെട്ടതാണെന്നും ഇൻഡ്യാ രാജ്യത്തിലെ അഞ്ചോ ആറോ സംസ്ഥാനങ്ങൾ ഇതുപോലുള്ള നിയമം പാസ്സാക്കിയിട്ടുണ്ടെന്നും പറയുന്നത് അറിവു കൂട്ടാനാണോ അറിവില്ലാതാക്കാനാണോ സഹായിക്കുക?

ശ്രീ. പി. കരുണാകരൻ: ശ്രീ. ഇ. പി. ക്ക് ഏതു രീതിയിൽ വേണമെങ്കിലും വ്യാഖ്യാനിക്കാം. കർണ്ണാടകത്തിൽ ഓരോ ഡിസ്ട്രിക്റ്റിലും രാഷ്ട്രീയ നില വ്യത്യസ്തമാണ്. ഒരേ രീതിയിൽ വളർച്ച വന്നു എന്ന് വരില്ല. കർണ്ണാടകത്തിൽ ഈ അടുത്ത കാലത്ത് ഇന്ദിരാ കോൺഗ്രസ്സിന്റെ ഡിസ്ട്രിക്റ്റ് കോൺഫറൻസു നടന്നു. ആ ഡിസ്ട്രിക്റ്റ് കോൺഫറൻസിൽ എഴുതി വച്ചിരുന്നത്

''Welcome to Smt. Indira Gandhi, Prime Minister of India'' എന്നായിരുന്നു. അതുപോലെ തന്നെ മലയാള മനോരമയിൽ ടി. വി. ആർ. ഷേണായി മുമ്പ് എഴുതിയ ലേഖനത്തിൽ റെയിൽവേ വാഗണിൽകൂടി വാഗൺ കണക്കിന് വയ്ക്കോൽ കടത്തിക്കൊണ്ടു പോയി ഇലക്ഷനു വേണ്ടി പ്രചരണം നടത്തിയ ചിത്രം ഉണ്ടായിരുന്നു. പല

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളവും രാഷ്ട്രീയ സാമൂഹ്യരംഗത്തുള്ള വളർച്ച വ്യത്യസ്തമായിരിക്കാം. ഈ ബില്ലിനെ അനുകൂലിക്കാൻ വേണ്ട ന്യായം ധാരാളം കാണും. ശ്രീ.ഇ. പി. ക്കു തന്നെ അറിയാമല്ലോ? പെറന്നമ്മയെ തച്ചാലും രണ്ടുണ്ട് പക്ഷം എന്ന് ഒരു പഴഞ്ചൊല്ലുണ്ട്. അതുകൊണ്ട് വ്യാഖ്യാനിക്കാൻ വേണ്ടി അനുകൂലമായ വാദങ്ങളും അവതരിപ്പിക്കാൻ നമുക്കു യാതൊരു പ്രയാസവുമില്ല. ഇന്നത്തെ നിയമവ്യവസ്ഥയനുസരിച്ചുതന്നെ എം. എൽ. എ. മാർക്ക് കോർപ്പറേഷൻ ചെയർമാനാകാവുന്നതാണ്. റെമ്യൂണറേഷൻ വാങ്ങിക്കാൻ പാടില്ലെന്നേയുള്ളു. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട കാരണം എന്താണ്? കാളാശ്ശേരി ദാമോദരന്റെ കേസ് 1978 ഡിസംബർ 30-ാം തീയതിയാണ് വാദം കേൾക്കാൻ വച്ചത്. 29-ന് ആണ് ഓർഡിനൻസ് കൊണ്ടുവന്നത്. ഇതിനു മുമ്പ് കൊണ്ടുവരാൻ എന്തുകൊണ്ട് കഴിഞ്ഞില്ല. അതുപോലെതന്നെ എന്തുകൊണ്ട് വൈകികൊണ്ടുവരാൻ കഴിഞ്ഞില്ല. പ്രതിപക്ഷമെന്നല്ല മറന്ന് പലർക്കും കാളാശ്ശേരി ഓർഡിനൻസ് എന്ന അഭിപ്രായമാണ്. രാഷ്ട്രീയമായ ചില സ്വാധീനം ഉപയോഗിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. എം. എൽ. എ. മാർക്ക് കോർപ്പറേഷൻ ചെയർമാനായിട്ട് നിൽക്കണമെന്നാണ് ഇപ്പോഴത്തെ വാദം. എം. എൽ. എ. മാരുടെ വേതനവ്യവസ്ഥകളെ സംബന്ധിച്ച് സംസാരിക്കുമ്പോൾ ശ്രീ. ജേക്കബ് 450 രൂപ മതി, വർദ്ധിപ്പിക്കേണ്ട ആവശ്യമില്ലെന്നാണ് പറഞ്ഞത്. നമുക്കറിയാം ഈ നിയമസഭയിൽ അഞ്ചാറ് മന്ത്രിമാർ ലോകം ചുറ്റിസഞ്ചരിച്ച് ഉലകം ചുറ്റും വാലിബൻമാരായിട്ട് വന്നു. നാലു ലക്ഷം രൂപ ചെലവാക്കി. എനിക്ക് കിട്ടിയ ചോദ്യോത്തരത്തിൽ മൂന്നു ലക്ഷത്തി അറുപത്തെണ്ണായിരം രൂപ മൂന്നു മാസത്തെ മന്ത്രിമാരുടെ ഫോൺ ബില്ലിനുവേണ്ടിവന്നു. എം. എൽ. എ. മാർ ചുറ്റിസഞ്ചരിച്ചതിന് ഇരുപത്തിയൊമ്പതും മുപ്പതും ലക്ഷം രൂപ ചെലവാക്കിയെന്ന് പത്രത്തിൽ വാർത്ത വന്നതാണ്.

പക്ഷേ അതേസമയത്ത് റെമ്യൂണറേഷൻ കൊടുക്കണമെന്നും കൊടുക്കേണ്ട എന്നും വാദിക്കുന്നത് ശരിയല്ല. 450 രൂപ അലവൻസ് വേണം. അപ്പോഴും എം. എൽ. എ. മാർക്ക് ചെയർമാനായാലും ശരി, എം. എൽ. എ. മാരുടെ എല്ലാ അവകാശങ്ങളും എടുക്കാം, അതേ സമയത്ത് ചെയർമാനായി എന്തെങ്കിലും അവകാശമുണ്ടെങ്കിൽ അതെല്ലാം എടുക്കാം. നാം നമ്മുടെ കൊച്ചു സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെക്കുറിച്ച് എപ്പോഴും പറയാറുണ്ട്. നികുതി പിരിവിന്റെ ഭൂരിഭാഗവും ഉദ്യോഗസ്ഥൻമാരുടെ ശമ്പളമിനത്തിൽ ചെലവഴിക്കുന്നു, വികസനപ്രവർത്തനങ്ങൾക്ക് പണം ചെലവാക്കാൻ കഴിയുന്നില്ല എന്നൊക്കെ എല്ലായ്പ്പോഴും നാം പറയാറുണ്ട്. അതിന്റെ കൂടെ കുറേ ആളുകൾ എം. എൽ. എ. മാരായി പോയതുകൊണ്ട് അവർക്ക് എന്തും കൊടുക്കാം എന്നുള്ള രീതിയിൽ വിഡ്ഢിത്തം എഴുതി വയ്ക്കുന്നത് ശരിയല്ല. കാരണം ഡിസ്ട്രിക്റ്റ് അഡ്മിനിസ്ട്രേഷൻ ബില്ലിന്റെ ചർച്ചാവേളയിൽ ഞാൻ ഇതു പറഞ്ഞതാണ്. എം. എൽ. എ. മാർ ഡിസ്ട്രിക്റ്റ് കൗൺസിലിൽ മെമ്പറൻമാരായി വരാൻ പാടില്ലെന്നു ഞങ്ങൾ പറഞ്ഞതാണ്. അത് ഇപ്പോൾ അധികാരവികേന്ദ്രീകരണമെന്ന ജില്ലാഭരണ ബിൽ അധികാരം കേന്ദ്രീകരിക്കാനുള്ള സ്ഥിതിയിൽ എത്തിയിരിക്കുകയാണ്. അധികാരവികേന്ദ്രീകരണമെന്ന തത്വത്തിൽനിന്നു വ്യതിചലിക്കാൻവേണ്ടി ഗവൺമെന്റ് ഓരോ നടപടിയും നടത്തിക്കൊണ്ടിരിക്കുകയാണ്. അടിയന്തിരാവസ്ഥക്കാലത്ത് ഇന്ദിരാഗാന്ധി കൊണ്ടുവന്ന ആർഡിനൻസിനെ നിങ്ങൾ അംഗീരിച്ചില്ലേ? അതുകൊണ്ട് ഇന്ദിരാഗാന്ധിയുടെ പ്രതീകമായി മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെ കാണാൻ കഴിയുകയുള്ളു. ആറു വർഷക്കാലം പാർലമെൻറിലേക്ക് നിൽക്കാൻ പാടില്ല, രാഷ്ട്രീയരംഗത്തുനിന്നു തിരോധാനം ചെയ്യേണ്ട സ്ഥിതി വന്നപ്പോഴാണ് ഇന്ദിരാഗാന്ധി ആർഡിനൻസ് കൊണ്ടുവന്നു രാഷ്ട്രീയ രംഗത്തു നിൽക്കാൻ ശ്രമിച്ചത്. അതുകൊണ്ടാണ് ചിക്കമഗ്ലൂർ തിരഞ്ഞെടുപ്പിൽ മൽസരിക്കാൻ സാധിച്ചത്. അതിനെ എതിർക്കുന്ന ആളുകളാണ് നിങ്ങൾ. അന്നു കോടതി വിധി വന്നപ്പോൾ രാഷ്ട്രീയാധികാരം നിലനിറുത്താൻ കഴിയുകയില്ല, കോടതിയിൽ ചോദ്യം ചെയ്തതിനെ പരാജയപ്പെടുത്താൻ കഴിഞ്ഞില്ല എന്നു ബോദ്ധ്യമായപ്പോഴാണ് വളരെ വ്യക്തമായി ആർഡിനൻസ് കൊണ്ടു വന്നു മുൻകാല പ്രാബല്യം കൊടുത്തത്. അതിനെ എതിർക്കുന്ന നിങ്ങൾതന്നെ ഈ ബിൽ കൊണ്ടുവരുന്ന സമയത്ത്, അടിയന്തിരാവസ്ഥയെ എതിർക്കുന്ന ആളുകൾ ഇന്ദിരാഗാന്ധി കൊണ്ടുവന്ന ആർഡിനൻസിൻെറ അതേ സ്വരത്തിലും ശബ്ദത്തിലും വരുന്ന ബില്ലിന് പിൻതുണ നൽകുകയാണ് ചെയ്യുന്നത്. നമ്മുടെ സംസ്ഥാനത്തിൻെറ സാമ്പത്തികമായ സ്ഥിതി പരിഗണിച്ചാലും അതുപോലെതന്നെ ദുർബല വിഭാഗങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്ന കാര്യം പരിഗണിച്ചാലും അതിന് ഉതകുന്ന ഒരു ആർഡിനൻസല്ല അതിനുപരിയായി രാഷ്ട്രീയ സ്ഥിരതയെകൂടി കണക്കാക്കിയിട്ടുള്ള ഒരു ആർഡിനൻസാണ് ഇവിടെ ബില്ലായി കൊണ്ടു വന്നിരിക്കുന്നത്. എല്ലാ എം. എൽ. എ. മാർക്കും മന്ത്രിമാരാകാൻ കഴിയുകയില്ല. എം. എൽ. എ. മാർ റെമ്യൂണറേഷൻ ഇല്ലാതെ മറ്റാനുകൂല്യങ്ങൾ ഇല്ലാതെ ചെയർമാനാകുന്നതുകൊണ്ട് ഗുണമില്ല. എം. എൽ. എ. യ്ക്കുള്ള ആനുകൂല്യം പറ്റുക അതേ സമയത്ത് ചെയർമാൻ സ്ഥാനം കൂടി ലഭിച്ചാൽ ചെറിയ മന്ത്രിയാണ്. അപ്പോൾ രാഷ്ട്രീയ സ്ഥിരതയുള്ള ഒരു ഗവൺമെൻറുണ്ടാക്കുക എന്നുള്ളതാണ് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളമുള്ള പ്രധാന ലക്ഷ്യം. രാഷ്ട്രീയ അഴിമതിയുടെ മുഖമുദ്രയാണ് ഈ ബില്ല്. ഇതിനെ എതിർക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഈ ബില്ലിനെ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്ത ആളുകൾ അധികമൊന്നും പറഞ്ഞില്ലെങ്കിലും ഇവിടെ ചില സൂചനകൾ നൽകിയത് പ്രതിപക്ഷത്തുനിന്നു രണ്ടു ബഹുമാനപ്പെട്ട മെമ്പർമാർ നൽകിയിട്ടുള്ള ഭേദഗതികളെക്കുറിച്ച് ആണ്. ഇത് ഈ സഭയിൽ അംഗമായിട്ടുള്ള ശ്രീ. ഭാമോദരൻ കാളാശ്ശേരിയെ സഹായിക്കുവാൻ വേണ്ടിയുള്ള ബില്ലാണെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവും ആ പാർട്ടിയുടെ ചീഫ് വിപ്പും അതുപോലുള്ള ഭേദഗതികൾ ഈ ബില്ലിന് നൽകിയിരിക്കുകയാണ്. ഏതായാലും ഞാൻ ആ കാര്യങ്ങളിലേക്ക് പോകുന്നതിനുമുമ്പ് ഒരു കാര്യം പറയാൻ ഉദ്ദേശിക്കുകയാണ്. ഈ ബിൽ വാസ്തവത്തിൽ ഈ സഭയിലെ ഏതെങ്കിലും ഒരംഗത്തെ ഉദ്ദേശിച്ചുകൊണ്ട് ഉണ്ടാക്കിയ ബില്ലാണോ എന്നുള്ളത് പരിശോധിക്കുകയാണെങ്കിൽ ഒരിക്കലും ഈ സഭയിൽ ഇന്നുള്ള ഏതെങ്കിലും ഒരു അംഗത്തെ ഉദ്ദേശിച്ചുകൊണ്ട് ഉണ്ടാക്കിയിട്ടുള്ള ബില്ല് അല്ലെന്നു മനസ്സിലാക്കാൻ കഴിയും. ഈ ബില്ലിനെ സംബന്ധിച്ച് പറയുമ്പോൾ മുൻകാല പ്രാബല്യം വരുന്നത് 1951 മുതൽക്കാണ്. പ്രിൻസിപ്പൽ ആക്ട് 1951-ലെ യാണ്. അതുകൊണ്ട് 1951 മുതലാണ് മുൻകാല പ്രാബല്യം കൊടുക്കുന്നത്. അതുകൊണ്ടുതന്നെ വ്യക്തമാണ്, ഈ ബിൽ ശ്രീ. കാളാശ്ശേരി ഭാമോദരനു വേണ്ടിയുള്ളത

LIBRARY ARCHIVES Kerala Legislative Assembly

ല്ലെന്ന്. അദ്ദേഹം കോർപ്പറേഷൻ ചെയർമാനാകുന്നത് 22.5.1978 ലാണ്. ഈ ബില്ലിന് മുൻകാല പ്രാബല്യം കൊടുക്കുന്നത് 1951 മുതലാണ്. അതുകൊണ്ടുതന്നെ വളരെ വ്യക്തമാണ് ശ്രീ. ദാമോദരൻ കാളാശ്ശേരിക്കു വേണ്ടിയുള്ളതല്ല ഈ ബില്ലെന്നുള്ളത്. അതേ സമയം മറെറാരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പീപ്പിൾസ് റെപ്രസെന്റേഷൻ ആക്ടിലെ 10.ാം വകുപ്പ് ഉദ്ധരിക്കാൻ ഞാനാഗ്രഹിക്കുകയാണ്. 10.ാം വകുപ്പിൽ വ്യക്തമായി ഇങ്ങനെ പറഞ്ഞിരിക്കുകയാണ്. "A person shall be disqualified if, and for so long as he is a managing agent, manager or secretary of any Company or Corporation (other than a Co-operative Society) in the capital of which the appropriate Government has not less than twenty five percent share". ഇതു കാണിക്കുന്നത് വളരെ വ്യക്തമാണ്. പീപ്പിൾസ് റെപ്രസെന്റേഷൻ ആക്ടിലെ 10.ാം വകുപ്പനുസരിച്ച് മാനേജിംഗ് ഏജൻസി, മാനേജർ, സെക്രട്ടറി ഈ പറയുന്ന മൂന്നു പോസ്റ്റുകളും മാത്രമാണ് ആഫീസായി വരുന്നത്. ഈ പറയുന്ന ചെയർമാൻ പോസ്റ്റ് ആഫീസ് അല്ല. അതുകൊണ്ടുതന്നെ ആഫീസ് ഓഫ് പ്രോഫിറ് എന്നുള്ള പ്രശ്നം ഉൽഭവിക്കുന്നില്ല.

ശ്രീ. ഇ. നാരായണൻ നായർ: സർ, ഒരു പോയിൻറ് ഓഫ് ആർഡർ. ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു കേസിനെക്കുറിച്ചാണ്. അതിൽ ഉൾക്കൊള്ളുന്ന കാര്യങ്ങൾ നിയമസഭയിൽ ചർച്ച ചെയ്യാമോ എന്നുള്ളതിനെക്കുറിച്ച് റൂളിംഗ് വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ: കോടതിയുടെ മുമ്പിലിരിക്കുന്ന യാതൊരു കാര്യവും ഇവിടെ പരാമർശിച്ചിട്ടില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: അപ്പോൾ ഈ വകുപ്പനുസരിച്ച് ആഫീസല്ല. ആഫീസ് ഓഫ് പ്രോഫിറ് ആകുന്ന പ്രശ്നവുമില്ല. പത്താം വകുപ്പനുസരിച്ച് ഈ പറയുന്ന മാനേജിംഗ് ഏജൻസി, മാനേജർ, സെക്രട്ടറി എന്നുള്ളതൊഴികെയുള്ള പോസ്റ്റുകളൊന്നും ആഫീസല്ല. വേറെ ഏതെങ്കിലും പോസ്റ്റുണ്ടെങ്കിൽ ആഫീസ് ഓഫ് പ്രോഫിറ് ആകുക എന്നുള്ള പ്രശ്നം ഉൽഭവിക്കുന്നില്ല. ഏതായാലും 1951 മുതൽ ഇതിന് മുൻകാലപ്രാബല്യം കൊടുക്കുകയാണ്.

ശ്രീ. പി. ആർ. കുറുപ്പ്: 1951 മുതൽ മുൻകാലപ്രാബല്യം കൊടുക്കുകയാണെന്നു ബില്ലിൽ എവിടെയാണ് പറഞ്ഞിട്ടുള്ളത്?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഈ ബിൽകൊണ്ട് വളരെ വ്യക്തമാണ് 1951 മുതൽ മുൻകാലപ്രാബല്യം കൊടുക്കുകയാണെന്നുള്ളത്. അതേപ്പററി ബഹുമാനപ്പെട്ട മെമ്പർക്ക് വേറെ അഭിപ്രായമുണ്ടെങ്കിൽ അതു പറയാം. എൻെറ അഭിപ്രായം അതാണ്. അതുകൊണ്ട് ഈ ബിൽ ശ്രീ. ദാമോദരൻ കാളാശ്ശേരിക്കുവേണ്ടിയുള്ള ബിൽ അല്ല എന്നുള്ളത് വളരെ വ്യക്തമായി പറയാൻ കഴിയും. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഞാൻ പറയുന്ന മറെറാരുകാര്യം മുൻകാലപ്രാബല്യം കൊടുത്തു എന്നുള്ളതാണ് ഒരു പ്രധാനകാരണമായി ഇവിടെ ചൂണ്ടിക്കാണിച്ചത്. മുൻകാലപ്രാബല്യം കൊടുത്തു എന്നുള്ളതുകൊണ്ട് ഈ ബിൽ ശ്രീ. ദാമോദരൻ കാളാശ്ശേരിക്കു വേണ്ടിയുള്ള ബില്ലാണെന്നുള്ള മറെറാരു വാദഗതിയാണ് ഇവിടെ കൊണ്ടുവന്നത്. മുൻകാലപ്രാബല്യം കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം പരിശോ

LIBRARY ARCHIVES Kerala Legislative Assembly

ധിക്കുകയാണെങ്കിൽ മുൻകാലപ്രാബല്യം കൊടുത്ത എത്രയോ നിയമ നിർമ്മാണങ്ങളാണ് ഇവിടെ നടന്നിട്ടുണ്ട്. ഇതേ സംബന്ധിച്ച് സുപ്രീം കോടതിയുടെ ഒരു റൂളിംഗ് ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സുപ്രീം കോടതി ലജിസ്ലേച്ചറിന് മുൻകാലപ്രാബല്യം നൽകാവുന്നതാണെന്നു റൂളിംഗ് നൽകിയിട്ടുണ്ട്. ''retrospective operation of any law would cause hardship to some person or other. This is inevitabe; but that is no reason to deny to the legislature power to enact retrospective law. In the case of a law which has retrospective effect, the theory is that the law was actually in operation, in the past and if the provisions of the Acts are general in their operation there can be no challenge to them on the ground of discrimination or unfairness merely because of their retrospective effect''. സുപ്രീം കോടതിയുടെ റൂളിംഗാണ്. അതുകൊണ്ട് മുൻകാലപ്രാബല്യം കൊടുത്തു എന്നുള്ളത് ഒരിക്കലും തെറ്റാണെന്നു പറയാൻ പറ്റുകയില്ല. അതേക്കുറിച്ച് എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. ടി. എം.ജേക്കബ് ചില കാര്യങ്ങളാണ് ഇവിടെ ഉദ്ധരിക്കുകയുണ്ടായി. രാജസ്ഥാനിലെ ചില റൂളിംഗ് അദ്ദേഹം ഉദ്ധരിച്ചു. മണിപ്പൂർ നിയമസഭയിലെ സ്പീക്കറെ സംബന്ധിച്ചിടത്തോളം ഒരു കേസുണ്ടായി. സ്പീക്കറുടെ പോസ്റ്റ്, ആഫീസ് ഓഫ് പ്രോഫിറ്റ് ആണെന്നുള്ള വാദഗതി വന്നു. കേസുണ്ടായി. ആ സമയത്ത് മുൻകാലപ്രാബല്യം കൊടുത്തുകൊണ്ടുള്ള ആർഡിനൻസ് കൊണ്ടുവന്നു. സ്പീക്കർ എന്നുള്ള നിലയിൽ അത് ആഫീസ് ഓഫ് പ്രോഫിറ്റ് എന്നുള്ള പേരിൽ ഇലക്ഷൻ കേസ്കൊടുത്ത സംഭവംകൂടി നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുണ്ട്. മണിപ്പൂരിൽ ഉണ്ടായ കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ആ കേസിനെ സംബന്ധിച്ചിടത്തോളം സുപ്രീം കോടതിവരെ പോയി. അതു ന്യായമാണ്, ലജിസ്ലേച്ചറിന് അതിനുള്ള അധികാരമുണ്ടെന്നുള്ള റൂളിംഗ് വന്നിരിക്കുകയാണ്. അപ്പോഴാണ് മുൻകാല പ്രാബല്യം കൊടുക്കാൻ ലജിസ്ലേച്ചറിന് അധികാരമുണ്ടെന്നു സുപ്രീം കോടതിയുടെ റൂളിംഗ്തന്നെ വന്നിട്ടുണ്ടെന്നു വളരെ വ്യക്തമായി കാണാൻ സാധിക്കുന്നുണ്ട്. ആ സ്ഥിതിക്ക് മുൻകാലപ്രാബല്യം കൊടുക്കാൻ ലജിസ്ലേച്ചറിന് അധികാരമുണ്ടെന്നുള്ള കാര്യം വളരെ വ്യക്തമാണ്. അതുകൊണ്ട് മുൻകാലപ്രാബല്യം കൊടുത്തു എന്നുള്ളത് തെറ്റാണെന്നു ചൂണ്ടിക്കാണിക്കാൻ കഴിയുകയില്ല. പിന്നെ ഈ നിയമം എങ്ങനെയാണ് ശ്രീ. ദാമോദരൻ കാളാശ്ശേരിക്കു വേണ്ടിയുള്ളതാണെന്നു പറയാൻ കഴിയുക? ഒരിക്കലുമല്ല. ഒരു കാര്യം ചോദിക്കട്ടെ, ഈ സഭയിലെ മുഴുവൻ അംഗങ്ങൾക്കും, മുമ്പുണ്ടായിരുന്ന അംഗങ്ങൾക്കും, ഈ സഭയിൽ ഇനിയുണ്ടാകാൻ പോകുന്ന അംഗങ്ങൾക്കും വേണ്ടി പീപ്പിൾസ് റെപ്രസെന്റേഷൻ ആക്ടിലെ പത്താം വകുപ്പനുസരിച്ച് ചെയർമാൻ എന്നു പറയുന്നത് ആഫീസ് ഓഫ് പ്രോഫിറ്റ് ആകാത്തതുകൊണ്ട് 1951-ലെ നിയമത്തെ ഒന്നുംകൂടി ക്ലിയറാക്കിക്കൊണ്ടുള്ള ഒരു ഭേദഗതി മാത്രമാണ് ഇന്നു ഇവിടെ അവതരിപ്പിച്ചിട്ടുള്ള അമെൻറുമെൻറ് ബിൽ എന്നാണ് എനിക്കു പറയാനുള്ളത്. അതുകൊണ്ട് ഈ അമെൻറുമെൻറ് ബിൽ വ്യക്തമായി ഈ സഭയിലെ മുഴുവൻ അംഗങ്ങൾക്കും വേണ്ടിയാണെന്നുള്ള കാര്യം വളരെ വ്യക്തമാണ്. മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കട്ടെ. ശ്രീ. ദേവസ്സിക്കുട്ടി സംസാരിച്ച അവസരത്തിൽ അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി, ഇതു ശ്രീ. ദാമോദരൻ കാളാശ്ശേരിക്കുവേണ്ടിയുള്ള ഒരു നിയമമാണ് എന്ന്. എന്നിട്ട് അദ്ദേഹം വേറെ ചില കാര്യങ്ങളും പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അതിലേക്ക് കടക്കുന്നില്ല. ഒരു കാര്യം മാത്രം പറയാൻ ആഗ്രഹിക്കുകയാണ്. ശ്രീ. ദാമോദരൻ കാളാശ്ശേരി ഈ ഭാഗത്തിരിക്കുന്ന ഒരു മന്ത്രിയാണ്. അദ്ദേഹത്തെ വിമർശിക്കാൻ ശ്രീ. ദേവസ്സിക്കുട്ടിക്ക് താൽപ്പര്യമുണ്ട്. അതു എന്തുകൊണ്ടാണെന്ന് ഞങ്ങൾക്കറിയാം. കഴിഞ്ഞ നിയമസഭയിലും ഈ ഭാഗത്തിരുന്ന മന്ത്രിയായ ശ്രീ. കെ. കെ. ബാലകൃഷ്ണനെ വ്യക്തിപരമായി വിമർശിക്കാൻ മുഴുവൻ സമയവും ഉപയോഗപ്പെടുത്തിയ ഒരു ബഹുമാനപ്പെട്ട മെമ്പറാണ് ആ ഭാഗത്തിരിക്കുന്ന ശ്രീ. ദേവസ്സിക്കുട്ടി. അദ്ദേഹത്തിന് ഈ ഭാഗത്തിരിക്കുന്ന ഹരിജൻ മന്ത്രിമാരോട് വിരോധമുണ്ടെന്നുള്ളകാര്യം എല്ലാവർക്കും അറിയാം. അത് ഇന്നും ഇന്നലെയും ഉണ്ടായതല്ല. പാവപ്പെട്ട ഹരിജനങ്ങളെ അടിച്ചമർത്തിയ കോഓ കൃഷിക്കാരുടെ വംശത്തിൽപ്പെട്ട ശ്രീ. ദേവസ്സിക്കുട്ടിക്ക് ആ പാരമ്പര്യത്തിൽ നിന്നാണ് ഈ എതിർപ്പും ആവേശവും ഉണ്ടാകുന്നതെന്നുള്ളകാര്യം ഞങ്ങൾക്കറിയാം. എനിക്ക് ആ കാര്യത്തിൽ അദ്ദേഹത്തോട് യാതൊരു വിരോധവുമില്ല. ശ്രീ. ദേവസ്സിക്കുട്ടി അംഗീകരിച്ചിട്ടുള്ള ഒരു നയമുണ്ട്. ഉയർന്നുവരുന്ന ഹരിജനങ്ങളാരാണെങ്കിലും അവരെ അടിച്ചമർത്തുക എന്നുള്ളതാണ് അദ്ദേഹത്തിന്റെ നയമാണ്. പക്ഷേ ഇന്ദിരാ കോൺഗ്രസ്സിന്റെ ഡെപ്യൂട്ടി ലീഡർ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നു, ചീഫ് വിപ്പായ സേവ്യർ അറയ്ക്കൽ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നു, ഇതൊരു ദാമോദരൻ കാളാശ്ശേരി ബില്ലാണെന്ന്. ഈ ബിൽ ശ്രീ. ദാമോദരൻ കാളാശ്ശേരിയുടെ തലയിൽ വയ്ക്കാൻ ശ്രമിക്കുന്നു. ഇതു പറയാൻ ധാർമ്മികമായി ഇന്ദിരാ കോൺഗ്രസ്സിന് എന്ത് അവകാശമുണ്ടെന്നു ഞാൻ ചോദിക്കുകയാണ്.

അലഹബാദ് ഹൈക്കോടതി വിധിപ്രകാരം ആറു കൊല്ലക്കാലം തിരഞ്ഞെടുപ്പിൽ നിൽക്കാൻ പാടില്ലെന്ന് പറഞ്ഞതിനുശേഷം പിൻവാതിലിൽകൂടി കടന്നാണ് നിങ്ങളുടെ ഇന്ദിരാഗാന്ധി നേതാവായതെന്നുള്ളകാര്യം ആലോചിക്കണം.

ശ്രീ. ഇ. നാരായണൻ നായർ: അന്നത്തെ കെ. പി. സി. സി. അദ്ധ്യക്ഷൻ അതിനെ ന്യായീകരിച്ചുകൊണ്ട് പ്രമേയം പാസാക്കി അയച്ചില്ലയോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ആണ്. ഞാൻ അതിന് മറുപടി പറയാം. ഞങ്ങൾ അങ്ങനെ അയച്ചതാണ്. അതിനുവേണ്ടി പ്രമേയം പാസാക്കിയവരാണ്. യാതൊരു സംശയവും വേണ്ട. ഞങ്ങളും നിങ്ങളും തമ്മിലുള്ള വ്യത്യാസം എന്തെന്ന് മനസ്സിലാക്കണം. കൊച്ചുകുട്ടികളായിരുന്ന കാലത്ത് ഞാനും എന്റെ ബഹുമാന്യ സുഹൃത്തായ നാരായണൻ നായരും വസ്ത്രം ധരിക്കാതെയാണ് നടന്നത്. കുറച്ചുകൂടി ബുദ്ധി വികസിക്കുമ്പോൾ ചിന്താഗതിയുണ്ടാകുമ്പോൾ വിവേകവും വിവരവും ഉണ്ടാകുമ്പോൾ വസ്ത്രം ധരിക്കേണ്ടത് അത്യാവശ്യമാണെന്നു മനസ്സിലാകും. നിങ്ങൾ ഇന്ന് കൊച്ചുകുട്ടികളെപ്പോലെ വിവരമില്ലാതെ, ബുദ്ധിയില്ലാതെ നടക്കുന്നതുകൊണ്ടാണ്. ഈ വാദഗതി ഉന്നയിക്കുന്നത്. ഞങ്ങൾ അന്ന് പറഞ്ഞത് തെറ്റാണെന്ന് ഇന്ന് ഞങ്ങൾക്ക് തോന്നി, അതുകൊണ്ട് ഞങ്ങൾ അതിനെ എതിർക്കുന്നു. പക്ഷേ ഇതു നിങ്ങൾ മനസ്സിലാക്കിയില്ല. ഒരു കാര്യം വ്യക്തമാണ്. ഈ രാജ്യത്ത് ഒരു ഭേദഗതി നിയമം കൊണ്ടുവരികയാണെങ്കിൽ അത് ഇന്ദിരാഗാന്ധിയെപ്പോലുള്ള ആളുകൾക്കുവേണ്ടിയേ കൊണ്ടുവരാൻ

LIBRARY ARCHIVES Kerala Legislative Assembly

പാടുള്ളൂ, ശ്രീ. ദാമോദരൻ കാളാശ്ശേരിയെപോലുള്ള ആളുകൾക്കു വേണ്ടി കൊണ്ടുവരാൻ പാടില്ല എന്ന് പറയുന്നതിന്റെ യുക്തി ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഇന്ദിരാഗാന്ധി എന്നു പറയുന്നത് ആരാണ്? കോടിക്കണക്കിന് രൂപ സ്വത്തുള്ള ഇന്ത്യയിലെ ഏക കാർ കമ്പനിയുടെ ഉടമസ്ഥനായ സഞ്ജയഗാന്ധിയുടെ അമ്മയാണ്; കോടിക്കണക്കിന് രൂപ സ്വത്തുള്ള ഒരു ബ്രാഹ്മണ സ്ത്രീയായ ഇന്ദിരാഗാന്ധിക്കുവേണ്ടി ഇങ്ങനെ ഒരു നിയമം കൊണ്ടുവരാം, ഒരു ഹരിജനായ ശ്രീ. ദാമോദരൻ കാളാശ്ശേരിക്കുവേണ്ടി ഇങ്ങനെ ഒരു നിയമം കൊണ്ടുവരാൻ പാടില്ല എന്നുള്ളതിലാണ് നിങ്ങളുടെ എതിർപ്പ്. ശ്രീ. കാളാശ്ശേരി ദാമോദരനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നതെന്ന വാദം സമ്മതിച്ചാൽ തന്നെയും നിങ്ങൾക്ക് അതിനെ എതിർക്കാൻ സാദ്ധ്യമല്ല. ഈ അവസരത്തിൽ ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ 1968-ൽ ഈ ആക്ടിനു ഇതുപോലെ ഒരു അമെൻറുമെൻറ് കൊണ്ടുവന്നിരുന്നു. അന്ന് അമെൻറുമെൻറ് കൊണ്ടുവന്നത് ശ്രീ. ഹമീദിനുവേണ്ടിയായിരുന്നു. അദ്ദേഹം ഈ സഭയിലെ ഒരംഗമായിരുന്നു. അദ്ദേഹത്തിന് ഒരു ക്യാബിനറ്റ് മന്ത്രിയുടെ എല്ലാവിധ സ്റ്റാറ്റസും നൽകിക്കൊണ്ട് പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനാക്കുന്നതിനു ഒരു ഭേദഗതി അന്ന് കൊണ്ടുവന്നു. എനിക്ക് അതിനു വിരോധമില്ല. ആവശ്യമാണെന്നു സമ്മതിക്കുന്നു. പക്ഷേ ഒരു കാര്യം നിങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. ഈ സഭയിൽ നിന്ന് പ്രതിപക്ഷത്തെ ഒരു മെമ്പറായ ശ്രീ. ദേവസ്സിക്കുട്ടി ഈ ബില്ല് നിയമസഭയിൽ കൊണ്ടുവന്ന സന്ദർഭത്തിൽ എന്ത് നിലപാടാണ് എടുത്തതെന്ന് മനസ്സിലാക്കണം. ഇന്ന് ശ്രീ. ദാമോദരൻ കാളാശ്ശേരി അമെൻറുമെൻറ് ബില്ലെന്ന് പറഞ്ഞ് ഭേദഗതി കൊടുത്തിരിക്കുകയാണ് ഇന്ദിരാ കോൺഗ്രസ്സുകാർ. ഇതിന് ദേവസ്സിക്കുട്ടി അന്ന് ഇതുപോലെ ഒരു ഭേദഗതി അവതരിപ്പിക്കാൻ മറന്നു പോയതിന്റെ കാരണം വ്യക്തമാണ്. ശ്രീ. ദാമോദരൻ കാളാശ്ശേരിയായതു കൊണ്ട് ദേവസ്സിക്കുട്ടിക്കു സഹിക്കുന്നില്ല. അദ്ദേഹത്തിന് ബില്ലിനോട് വിരോധമില്ല. ശ്രീ. കാളാശ്ശേരി ദാമോദരൻ ഒരു ഹരിജനായതുകൊണ്ടുള്ള വിരോധമാണ്. ശ്രീ. ദാമോദരൻ കാളാശ്ശേരി 22-2-1978 ലാണ് ചെയർമാനായി ചാർജ് എടുക്കുന്നത്. അതിന് എത്രയോ മുമ്പുള്ള മുൻകാലപ്രാബല്യമാണ് ഈ ബില്ലിൽ കൊടുത്തിരിക്കുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഏതായാലും വളരെ സദുദ്ദേശത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടു വന്നതെന്നു പറയുന്നു. ഇലക്ഷൻ കമ്മീഷന്റെ ഫൈനൽ ഹീയറിംഗ് 30-ാം തീയതി ഇരിക്കെ 29-ാം തീയതി ഇങ്ങനെ ഒരു ഓർഡിനൻസ് കൊണ്ടുവന്നത് ശ്രീ. ദാമോദരൻ കാളാശ്ശേരിക്കു വേണ്ടിയല്ലെന്നുള്ളത് എങ്ങനെ സമർത്ഥിക്കാൻ കഴിയും?

ശ്രീ. ആര്യാടൻ മുഹമ്മദ്: ശ്രീ. ബാലകൃഷ്ണപിള്ളക്ക് അങ്ങനെ തോന്നാനേ വഴിയുള്ളൂ. എന്തു കൊണ്ടെന്നാൽ മെമ്പറല്ലാതെ നിയമസഭയ്ക്കകത്തു കേറിയതു കൊണ്ട് അങ്ങനെ തോന്നും. ഏതായാലും ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഒരു വ്യക്തിക്കുവേണ്ടിയുള്ളതല്ലെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ. പി. ആർ. കുറുപ്പ്: സർ, ഞാൻ ഈ ബില്ലിനെ ശക്തിയായി എതിർക്കുകയാണ്. ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ ശ്രീ. ആര്യാടൻ മുഹമ്മദ് എത്രയേറെ നല്ല ഭാഷയിൽ വിശദീകരിച്ചാലും ആളുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ബോദ്ധ്യപ്പെടുമെന്ന് എനിക്ക് തോന്നുന്നില്ല. എത്ര ആവേശകരമായി ഇതിനെ സംബന്ധിച്ചു സംസാരിച്ചാലും ഇത് ഒരു വ്യക്തിക്കു വേണ്ടി അല്ല സംസ്ഥാനത്തിനുവേണ്ടിയാണെന്നു ബോദ്ധ്യപ്പെടുത്തുന്നതിൽ പരാജയപ്പെടുകയേ ഉള്ളു എന്നാണ് എന്റെ വാദം. സർ, ഇത് ഗവൺമെന്റിന്റെ നയമാണോ? എങ്കിൽ ഈ സംസ്ഥാനത്തിന് വേണ്ടിയാണെന്ന് വിശ്വസിക്കാനോ ആലോചിക്കാനോ സാധിക്കും. ഇതു ഒളിച്ചു വയ്ക്കേണ്ട ഒരു വസ്തുതയാണ്. ഡിസ്ട്രിക്റ്റ് കൗൺസിൽ ബില്ലു വന്നപ്പോഴും എം. എൽ. എ. മാർക്ക് അതിൽ വോട്ടവകാശം കൊടുക്കണമെന്നും ആഫീസ് ബെയറർ ആയിരിക്കാൻ പാടില്ലെന്നും അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചു. അതു ഗവൺമെന്റിന്റെ നയമാണെന്നു പറഞ്ഞു. പരിശുദ്ധമായ നയമാണെന്നു പറഞ്ഞു. എം. എൽ. എ. മാർ നിയമസഭയിൽ ഇരിക്കുന്നവരാണ്, അവർ ഡിസ്ട്രിക്റ്റ് കൗൺസിൽ ചെയർമാനായിക്കൂടാ, വൈസ് ചെയർമാനായിക്കൂടാ എന്ന് വളരെ ശക്തിയായി വാദിച്ചു. അപ്പോഴും ഈ ഗവൺമെന്റിന് ഇരട്ടത്താപ്പു നയം ഉണ്ടായിരുന്നില്ലേ? ഈ ഗവൺമെന്റിനെ പിന്താങ്ങിക്കൊണ്ടിരിക്കുന്ന ഭരണകക്ഷിയിലെ മെമ്പറായ ശ്രീ. ആര്യാടൻ മുഹമ്മദിന് ഇന്നു തോന്നിയ ഈ ബോധം അപ്പോഴുണ്ടാകാതിരിക്കാൻ ബുദ്ധി ഇനിയും വരണമെന്നതുകൊണ്ടാണോ എന്നു ഞാൻ സംശയിക്കുന്നു. അദ്ദേഹത്തിന്റെ ബുദ്ധി വികസിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. മുണ്ടുടുക്കാതെ വളർന്ന കൊച്ചുകുട്ടികൾക്ക് ബുദ്ധി വികസിച്ചാൽ മുണ്ടുടുക്കേണ്ടിവരും. കൂടുതൽ ബുദ്ധി വികസിച്ചാൽ മുണ്ട് അഴിച്ചു കാട്ടുന്ന രീതിയിൽ ആകരുതേ എന്ന് എനിക്കൊരു പ്രാർത്ഥനയുമുണ്ട്. ഏതായാലും അദ്ദേഹത്തിന്റെ ബുദ്ധിയും വികസിച്ചു കൊണ്ടിരിക്കുമ്പോഴാണ് ഈ ചിന്താഗതി ഉണ്ടായതെന്നു വാദിക്കാൻ തോന്നിയതിൽ ഞാൻ സന്തോഷിക്കുകയാണ്. അതേപ്പറ്റി നമുക്കൊന്നു ചിന്തിച്ചു നോക്കാം.

സർ, ഇപ്പോഴും തിരുവിതാംകൂർ ദേവസ്വം ബോർഡുണ്ട്, കൊച്ചി ദേവസ്വം ബോർഡുണ്ട്. ഈ ദേവസ്വം ബോർഡുകളിൽ രണ്ടിനും ഗവൺമെന്റ് പാരിതോഷികം സാമ്പത്തികമായി നൽകുന്നുണ്ട്. ആ ബോർഡിൽ അംഗങ്ങളായിരിക്കുന്നതിന് പ്രസിഡന്റായി ശമ്പളം കിട്ടുന്നതിന് ഈ ഗവൺമെന്റിനു വിരോധമുണ്ട്. ഗവൺമെന്റ് ഈ ഡിസ്കാളിഫിക്കേഷൻ ബില്ലിൽ അത് ഉൾക്കൊള്ളിച്ചിട്ടില്ല. എന്താണ് അതിനു കാരണം? ഗവൺമെന്റിന് ഇരട്ടത്താപ്പു നയമുണ്ട് ഈ കാര്യത്തിൽ. ഗവൺമെന്റിന് പ്രത്യേകമായ താൽപ്പര്യമുണ്ട് ഈ കാര്യത്തിൽ. ബഹുമാനപ്പെട്ട കാളാശ്ശേരിക്കുവേണ്ടിയോ അല്ലെങ്കിൽ വേറെ ഏതെങ്കിലും ശേരിക്കു വേണ്ടിയോ എന്നെനിക്കറിവില്ല. ഒരു ഇരട്ടത്താപ്പു നയം ഈ കാര്യത്തിലുണ്ട്. വ്യത്യസ്തമായ ഒരു നയമുണ്ട്. ഡിസ്ട്രിക്റ്റ് കൗൺസിൽ ബില്ലിൽ ഒരു നയം. അതേ നയം ദേവസ്വം ബോർഡിൽ ഉൾക്കൊള്ളിക്കാൻ ശ്രമിക്കുന്നു. പക്ഷേ കോർപ്പറേഷൻ വരുമ്പോഴും ആ നയത്തിനു വ്യത്യാസം. ഈ വ്യത്യാസം കാണിക്കുന്നത് ഏതോ ഒരു ജീവി കോർപ്പറേഷനിൽ ഏതോ ഒരു സ്ഥാനത്ത് ഇരുന്ന് കണക്കിലേറെ ശമ്പളവും ബത്തയും കുറേ മുമ്പേ വാങ്ങിപ്പോയി, ആ പാതകത്തിന് അദ്ദേഹം ശിക്ഷിക്കാതിരിക്കേണമേ എന്ന പ്രാർത്ഥനയല്ലേ ഇതിന്റെ പിന്നിലുള്ളത്. അതല്ലെന്ന് എങ്ങനെ വാദിച്ചാലും ഞങ്ങൾക്ക് ബോദ്ധ്യപ്പെടാൻ സാധിക്കുകയില്ല. ഉദ്ദേശശുദ്ധിയില്ലാതെ അവതരിപ്പിച്ച ഒരു നിയമമെന്നനിലയിൽ ഗവൺമെന്റ് ഈ നിയമം പിൻവലിക്കേണ്ടതാണ്. ഉദ്ദേശശുദ്ധി ഉണ്ടെന്നു വാദിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന്റെ വാദമുഖം കേൾക്കാൻ തയ്യാറുള്ളവനാണ് ഞാൻ. അതു വാദിച്ചു കൊണ്ടുവന്നത് ശ്രീ. ആര്യാടൻ മുഹമ്മദാണ്. വാദിച്ചു വാദിച്ചു അദ്ദേഹത്തിന്റെ കക്ഷിയുടെ കേസുതന്നെ പരാജയപ്പെടുത്തിയിരിക്കുകയാണ് എന്നാണ് എന്റെ വാദം. അതിനെക്കുറിച്ചു നമുക്കു ചിന്തിച്ചു നോക്കാം സർ. പ്രോപ്പർ മാനേജുമെന്റിനുവേണ്ടിയാണ് എം. എൽ. എ. മാരെ ഉൾക്കൊള്ളിക്കുന്നതെന്നു പറഞ്ഞു. എം. എൽ. എ. മാർക്കു പുറത്ത്, വ്യക്തിപരമായി പറഞ്ഞാൽ, കാളാശ്ശേരിയേക്കാൾ അധികം ഈ കോർപ്പറേഷന്റെ ചെയർമാനായിരിക്കാൻ പറ്റിയ ആൾ നിയമസഭയ്ക്കു പുറത്തില്ലെന്നു സമ്മതിക്കുകയാണ് ഇതിൽ. ഈ രാജ്യത്തുള്ള മുഴുവൻ ആളുകളേയും വിഡ്ഢികളാക്കുകയല്ലേ ചെയ്യുന്നത്. പ്രോപ്പർ മാനേജുമെന്റിന് സുഗമമായ നടത്തിപ്പിന് തീർച്ചയായും ശ്രീ. ദാമോദരൻ കാളാശ്ശേരിയുടെ സേവനം വേണ്ടിവരുമെങ്കിൽ അദ്ദേഹത്തെ ചെയർമാനാക്കിയതു മനസ്സിലാക്കാം. അദ്ദേഹം ഇതേ സ്വഭാവത്തിൽതന്നെ കോർപ്പറേഷന്റെ മാനേജുമെന്റും പ്രോപ്പറായി നടത്തുമെന്ന പ്രതീക്ഷയാണ് നിയമം കൊണ്ടുവരുന്നതിന് ശ്രീ. ആര്യാടൻ മുഹമ്മദിന്റെ കക്ഷിയെ പ്രേരിപ്പിച്ചിട്ടുള്ളതെങ്കിൽ അതിനദ്ദേഹത്തെ ഈശ്വരൻ തന്നെ രക്ഷിക്കട്ടെ എന്ന പ്രാർത്ഥനയേ എനിക്കുള്ളൂ.

സർ, ഈ നിയമം ഒരു വ്യക്തിക്കുവേണ്ടി കൊണ്ടുവന്നതാണ്. ഇത് സ്റ്റേറ്റിനു വേണ്ടിയല്ല. സ്റ്റേറ്റിന്റെ താൽപ്പര്യത്തിനു വേണ്ടിയാണെങ്കിൽ കോമൺ ആയ ഒരു നിയമമാണ് വേണ്ടത്. ശമ്പളം പറ്റുന്ന ഗവൺമെന്റിനു ബാദ്ധ്യതയുള്ള ഒരു പ്രസ്ഥാനത്തിലും എം. എൽ. എ. മാർ ഇരിക്കുന്നതിൽ വിരോധമില്ലെന്നു പറയാമായിരുന്നു. ചിലതൊഴിച്ചു വച്ചുകൊണ്ട് കോർപ്പറേഷന്റെ പ്രസിഡന്റ്ഷിപ്പിനെ മാത്രം ഉൾക്കൊള്ളുന്നു എന്നതിന്റെ അർത്ഥം എവിടെയോ ഒളിഞ്ഞു നിൽക്കുന്ന ഒരു വഞ്ചനയുടെ, സ്വാർത്ഥത്തിന്റെ, നാണക്കേടിന്റെ സൂചന ഇതിൽ ഉണ്ടെന്നു കാണാം. അത് വെളിച്ചത്തു പറയുന്നതിൽ ലജ്ജയുള്ളതുകൊണ്ട് തിരിച്ചു പറയുന്നു എന്നർത്ഥം. അതു പാടില്ല. ഞാൻ ഈ നിയമസഭയിലെ ഉന്നതനായ മുഖ്യമന്ത്രിയോടു ചോദിക്കുകയാണ്, കുമാരനാശാൻ പറഞ്ഞിട്ടുണ്ട്,

> ''ഇന്നലെ ചെയ്തോരബദ്ധം,
> മൂഢർക്കിന്നത്തെയാചാരമാകാം
> നാളത്തെ ശാസ്ത്രമതാകാം പക്ഷേ
> അതിൽ മൂളായ്ക സമ്മതം രാജൻ'' എന്ന്.

ശുദ്ധനായ പി. കെ. വി. ക്ക്, മാന്യനായ പി. കെ. വി. ക്ക്, നിയമസഭാ സാമാജികത്വത്തോട് വളരെക്കൂടുതൽ പരമ്പരാഗതമായ ബന്ധമുള്ള പി. കെ. വി. ക്ക് ഈ നാണക്കേടിനു മൂളാൻ തോന്നിയതിൽ ഞാൻ നാണിക്കുകയാണ്, അതുകൊണ്ട് ഈ വിഡ്ഢിത്തം മൂഢർക്ക് പറ്റിയതായിക്കൊള്ളട്ടെ. ചില മൂഢർക്ക് അതനുസരിച്ച് പോകണം. ഇതു വ്യക്തിക്കു വേണ്ടിയാണെന്നു പറഞ്ഞാൽ കാളാശ്ശേരിയെ കുറ്റപ്പെടുത്താൻ ഞാൻ തയ്യാറല്ല. കാളാശ്ശേരിയെ കുറ്റപ്പെടുത്തിയിട്ടു കാര്യവുമില്ല. ഒരു ഡെമോക്ലസിന്റെ വാൾ കാളാശ്ശേരിയുടെ നെഞ്ചിനു മുകളിൽ തൂങ്ങിക്കിടന്നിട്ട് മാസങ്ങളായി. ഈ വാളിൽ തൂക്കിക്കിടത്തിക്കൊണ്ട് ഏതോ ഒരു ശക്തി അദ്ദേഹത്തിന്റെ പിന്നിൽനിന്നു പറയുന്നു, സൂക്ഷിച്ചോ വാളിപ്പോൾ അറ്റു വീഴും. അതു വീഴുകനിന്റെ മാറത്താണ്. ഹൃദയം പൊട്ടി നീ മരിക്കേണ്ടി വരും. സൂക്ഷി

LIBRARY ARCHIVES Kerala Legislative Assembly

ച്ചോളൂ ഞാൻ പറയുന്നതു പോലെ നടക്കൂ. ഏത്തമിടൂ, ഇടും, വലത്തോട്ടു തിരിയൂ തിരിയും, ഇടത്തോട്ടു തിരിയൂ തിരിയും, കിടന്നുരുളൂ കിടന്നുരുളും, കാലു പൊന്തിച്ച് മേലോട്ടൊന്നു ശീർഷാസനം എടുക്കൂ, എടുക്കും. കാരണം ഈ വാളിങ്ങിനെ നെഞ്ചിനു മുകളിൽ തൂങ്ങിക്കിടക്കുന്നത് ഈ സാധു മനുഷ്യൻ അനുഭവിച്ചു കൊണ്ട് വേദനിക്കുകയാണ്. ആ വാളു നീക്കിയെന്ന് ബഹുമാന്യനായ കാളാശ്ശേരിയെ പരോക്ഷമായി ബോദ്ധ്യപ്പെടുത്തിയിട്ട് അയാളെ വലിയ ഒരു കുടുക്കിൽപെടുത്തുകയാണ് ഈ നിയമത്തിന്റെ ഉദ്ദേശമെന്നാണ് എന്റെ വാദം. ശ്രീ. കാളാശ്ശേരിയുടെ സുഹൃത്താണെന്നു നടിച്ചുകൊണ്ട് അദ്ദേഹത്തെ പിൻഭാഗത്തു നിന്ന് കുത്തി വച്ചു കുത്തുകയാണ് ചെയ്യുന്നത്. സർ, റെട്രോസ്പെക്റ്റീവ് ഇഫക്റ്റ് പ്രായോഗികമാവുകയില്ല, അതാണ് എന്റെ വാദം; ശ്രീ. ആര്യാടൻ മുഹമ്മദ് എന്തു വാദിച്ചാലും. കോൺസ്റ്റിറ്റ്യൂഷനിൽ ആർട്ടിക്കിൾ 191(1) (എ) യിൽ പറയുന്നത് നിയമസഭയിൽ ഒരു മെമ്പറായി തിരഞ്ഞെടുക്കുന്നതിനോ ഒരു മെമ്പറാകുന്നതിനോ, ഡിസ്കാളിഫിക്കേഷൻ നിയമപ്രകാരം നീക്കിയിട്ടില്ലാത്ത ഒരു ആഫീസ് കൈകാര്യം ചെയ്യുന്ന ഒരാൾക്ക് വിരോധമില്ല എന്നാണ്. തിരഞ്ഞെടുക്കപ്പെടുന്ന ഒരാൾ മെമ്പറായിത്തീരും. നേരെ മറിച്ച് മെമ്പറായിത്തീർന്നാൽ ഈ നിയമം ബാധകമാണെന്ന് കോൺസ്റ്റിറ്റ്യൂഷനിൽ പറയുന്നില്ല. മെമ്പറായിക്കൊണ്ട് ഡിസ്കാളിഫിക്കേഷൻ റിമൂവ് ചെയ്യുന്നതിന്റെ ഫലമായി അദ്ദേഹം ഡിസ്കാളിഫിക്കേഷനിൽ നിന്ന് രക്ഷപ്പെടുമെന്ന് പറയുന്നതിൽ അർത്ഥമില്ല. മെമ്പറായി തിരഞ്ഞെടുക്കപ്പെടുന്നതിനേയും മെമ്പറായി തീരുന്നതിനേയും മാത്രമേ ഇതു ബാധിക്കുകയുള്ളൂ. ഭരണ ഘടനയുടെ ആർട്ടിക്കിൾ 191(1) (എ) വച്ചു കൊണ്ട് നോക്കിയാൽപോലും അതിന് റെട്രോസ്പെക്റ്റീവ് ഇഫക്റ്റ് പ്രായോഗികമായി അംഗീകൃതമാവുകയില്ല. അത് സുപ്രീം കോടതിയുടെ ആലോചനയിൽ ഇരിക്കുകയാണ്. പക്ഷേ അത് കാളാശ്ശേരിയെ ഇപ്പോൾ ധരിപ്പിക്കുകയില്ല. കാരണം വാളങ്ങു പോയാൽ കാളാശ്ശേരി ചുവടു മാറുമോ എന്ന സംശയം ചിലർക്കുണ്ടെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് കാളാശ്ശേരിയെ ഇപ്പോൾ ബോദ്ധ്യപ്പെടുത്തുകയില്ല. കാളാശ്ശേരി ഇവിടെ ഇരിക്ക്, വാളു മുകളിലുണ്ട്, സൂക്ഷിച്ചോളൂ എന്നേ പറയൂ. ഏതായാലും ബഹുമാനപ്പെട്ട കാളാശ്ശേരി, നിങ്ങൾ ഇനിയും വഞ്ചിക്കപ്പെടാൻ പോവുകയാണ്. നിങ്ങളെ സംബന്ധിച്ചിടത്തോളം ആത്മപരിശോധന ചെയ്തിട്ട് സഹപ്രവർത്തകൻമാരുടെ മനോഭാവം എന്തെന്നു പഠിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്കുപറയാനുള്ളത്. ഈ തെറ്റായ നാണം കെട്ട അവതരണത്തിനുള്ള സമ്പ്രദായം വേണ്ടിയിരുന്നില്ല എന്നാണ് എനിക്കു പറയാനുള്ളത്. നിങ്ങൾ ഒന്നാലോചിച്ചു നോക്കണം. ഓർഡിനൻസിന്റെ ആവശ്യം എന്താണ്? എനിക്ക് അതു മനസ്സിലാക്കാൻ സാധിക്കുന്നില്ല. ശ്രീ. ആര്യാടൻ മുഹമ്മദ് വളരെയേറെ ആവേശത്തോടുകൂടി പറഞ്ഞു; ഈ ഓർഡിനൻസിന്റെ ആവശ്യം എന്താണ് എന്ന് അദ്ദേഹത്തോടു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ ചോദ്യത്തിന് ഉത്തരം പറയാതെ അദ്ദേഹം ഒഴിഞ്ഞു മാറി. കാരണം അതിന് ഉത്തരം പറയേണ്ട ആവശ്യകതയുണ്ടായതു കൊണ്ട്. ദേവസ്സിക്കുട്ടി യോഗ്യനല്ലാത്തതുകൊണ്ട് ഉത്തരം പറഞ്ഞില്ല. ശ്രീ. ആര്യാടൻ ചോദ്യത്തിന് ഉത്തരം പറയുന്നത് ആളെ നോക്കിയാണ്. ആ മനോഭാവം നല്ലതാണ്, ബുദ്ധിയുടെ വികാസം കൊണ്ട് ഉണ്ടായിത്തീരുന്നതാണ്. ആളെ നോക്കി ഉത്തരം പറയുകയല്ല നിയമസഭാ സാമാജികൻമാരുടെ കർത്തവ്യം. പ്രശ്നങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

നോക്കിക്കണ്ടേ ഉത്തരം പറയാൻ സാധിക്കണം. ശ്രീ. ബാലകൃഷ്ണ പിള്ളയുടെ ചോദ്യം പ്രസക്തമാണ്. 1978 ൽ സുപ്രീംകോടതി, തീരുമാനമെടുക്കാൻ തയ്യാറാകുമ്പോഴും ഒരു ഓർഡിനൻസ് എന്തിനു കൊണ്ടുവന്നു? ഓർഡിനൻസ് കൊണ്ടു വരേണ്ട പശ്ചാത്തലം എന്തായിരുന്നു, ആകാശം പൊട്ടി വീഴുമായിരുന്നോ? നിയമസഭാ സാമാജികൻമാർ നശിച്ചു പോകുമായിരുന്നോ? ഹൃദയസ്തംഭനം ഉണ്ടാകുമായിരുന്നോ, ഏതെങ്കിലും ശക്തിക്ക്. നിയമസഭയിൽ ഇരിക്കുന്ന മന്ത്രിമാർക്ക് ആർക്കെങ്കിലും ഹൃദയസ്തംഭനം ഉണ്ടാകുമായിരുന്നോ? നിയമസഭാ സാമാജികൻമാർക്ക് ആർക്കെങ്കിലും വേദന ഉണ്ടാകുമായിരുന്നോ? ഓർഡിനൻസ് കൊണ്ടു വരികയെന്നത് സംസ്ഥാന ഭരണകൂടത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും പ്രായോഗികമായ വൈഷമ്യം നേരിടുന്ന ഘട്ടമാണ്. കാളാശ്ശേരിക്ക് മറ്റൊന്നു ചെയ്തുകൂടായിരുന്നോ? ബഹുമാന്യനായ ഇ. അഹമ്മദ് കോർപ്പറേഷൻ ചെയർമാൻസ്ഥാനം രാജിവച്ചു കൊണ്ട് തിരഞ്ഞെടുപ്പിനു നിന്നതു പോലെ മാന്യമായ മാർഗ്ഗത്തിൽ കൂടി കാളാശ്ശേരിക്കും തിരഞ്ഞെടുപ്പിൽ നിൽക്കാമായിരുന്നില്ലേ? അങ്ങനെ മുന്നോട്ടു പോകാൻ സാധിക്കുമായിരുന്നില്ലേ? തെറ്റു താൻ ചെയ്തു, അല്ലെങ്കിൽ വിഡ്ഢിത്തം താൻ ചെയ്തു. മൂഢർക്ക് ഇത് ആചാരമായി മാറാം. പക്ഷേ ബഹുമാന്യനായ ബുദ്ധിമാനായ പി. കെ. വി. ക്ക്, ജനാബ് സി. എച്ച്. മുഹമ്മദ്കോയ സാഹിബിന് ഇത് ആചാരമായി മാറ്റാൻ സാധിക്കുമോ? ഇത് ശാസ്ത്രമായി മാറ്റാൻ സാധിക്കുമോ? മൂഢൻമാരുടെ പട്ടികയിൽ നിങ്ങളിൽ പലരേയും പെടുത്താൻ ഞാനാഗ്രഹിക്കുന്നില്ല. ചിലരെ പെടുത്താൻ ആഗ്രഹമുണ്ട്. ഏതായാലും ഈ സ്വഭാവം പ്രായോഗികമല്ല. ഭരണഘടനാ സിദ്ധാന്തമനുസരിച്ച് ഇതിന് റെട്രോസ്പെക്റ്റീവ് ഇഫക്റ്റ് കിട്ടുകയില്ല. ഇത് സ്റ്റേറ്റിനു വേണ്ടി ഉള്ളതല്ല., പൊതുവിൽ ഉദ്ദേശിച്ചു കൊണ്ടുള്ളതല്ല. ഗവൺമെന്റിന്റെ താൽപ്പര്യത്തിനു കടകവിരുദ്ധമായ താൽപ്പര്യത്തിനു വേണ്ടി നിലകൊള്ളുന്നതാണ്. അതുകൊണ്ട് ഇത് ഒരു വ്യക്തിക്കു വേണ്ടി തന്നെയാണ്. ആ വ്യക്തി മറ്റാരെങ്കിലുമാണോ? ആണെന്ന് എനിക്കു തോന്നുന്നില്ല. ആ വ്യക്തി കാളാശ്ശേരി അല്ലെന്നു പുറത്തു പറയണമായിരുന്നെങ്കിൽ കാളാശ്ശേരി കോർപ്പറേഷൻ ചെയർമാൻ സ്ഥാനത്തു നിൽക്കാതിരിക്കണമായിരുന്നു.

ഈ ഓർഡിനൻസിന്റെ ഓബ്ജക്റ്റ്സ് ആൻറ് റീസൺസ് നോക്കൂ. പെട്ടെന്ന് നിയമനിർമ്മാണ സഭ ഇല്ലാത്തതുകൊണ്ട് ഓർഡിനൻസ് പാസാക്കേണ്ടിവന്നു. അതിന് പെട്ടെന്ന് എന്താണ് ഇവിടെ സംഭവിച്ചത്. അറബിക്കടലിൽ മുങ്ങുമോ ഈ മന്ത്രിസഭ; കാളാശ്ശേരിക്കു കോർപ്പറേഷൻ ചെയർമാൻ സ്ഥാനം ഇല്ലാതെ വന്നു പോയാൽ. കാളാശ്ശേരിയെ രക്ഷിക്കാനല്ലാതെ ഇതിന്റെ പിന്നിൽ ഒരു ഉദ്ദേശവുമില്ല. ഒരു സത്യസന്ധതയുമില്ല. ആ വ്യക്തിയെ രക്ഷിക്കാനാണെങ്കിൽ രക്ഷിച്ചു കൊള്ളൂ. പക്ഷേ രക്ഷിക്കാനാണെന്നു തന്നെ ഞങ്ങളോടു പറയണം. ഞങ്ങളെയെല്ലാം വഞ്ചിക്കണമെന്നുദ്ധാരണ എന്തിനാണെന്നാണ് ഞാൻ ചോദിക്കുന്നത്. മറ്റു സംസ്ഥാനങ്ങളിലും ഇങ്ങനെ നിയമമുണ്ട്. പക്ഷേ അത് ഇന്ദിരാ കോൺഗ്രസ്സിനു പറഞ്ഞു കൂടാ. കാരണം ഇന്ദിരാ കോൺഗ്രസ് നിയമം കൊണ്ടുവന്നിരിക്കുന്നു. ഇന്ദിരാകോൺഗ്രസ് നിയമം കൊണ്ടുവന്നതൊക്കെ ഞങ്ങളും തെറ്റാണെന്നു പറയുന്നില്ല. നിങ്ങളും തെറ്റാണെന്നു പറയുന്നു, ഇന്ദിരാഗാന്ധി ഞങ്ങളുടെ പാർട്ടിയുടെ നേതാവാണ്, ഞങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

അതിൽ വിശ്വസിക്കുന്നു. അതുകൊണ്ട് ഞങ്ങൾ അവർ ചെയ്ത തെറ്റിനേയും ശരി വയ്ക്കുന്നു എന്നു പറയും. നിങ്ങൾ അതു വേണോ? നിങ്ങൾ ഇന്ദിരാഗാന്ധിയെ ആക്ഷേപിക്കുന്നവരല്ലേ? അവർ ചെയ്ത തെറ്റുകളെ പർവ്വതീകരിച്ചു കൊണ്ട് മാന്യമായ ഒരു മൂന്നാം ചേരിക്കുവേണ്ടി വാദിക്കുന്നവരല്ലേ? ഇന്നുള്ള ചേരികളൊക്കെ പിൻതിരിപ്പനാണോ? ധീരമായ മൂന്നാംചേരി ശുദ്ധമായ രാഷ്ട്രീയ പശ്ചാത്തലത്തിൽ ആവശ്യമുണ്ടെന്ന് വളരെ വീറോടു കൂടി വാദിച്ചു നടക്കുന്ന നിങ്ങൾ ഇന്ദിരാഗാന്ധിയെ എന്തിന് അനുകരിക്കണം?

സർ, ഇന്ദിരാഗാന്ധിയെ ഒരു വശത്തു കൂടി അനുകരിക്കുകയും മറുവശത്തുകൂടി എതിർക്കുകയും ചെയ്യുമ്പോൾ നമ്മുടെ മുറ്റത്തെ വളപ്പിൽ തല പൊന്തി നിൽക്കുന്ന കുരുടൻ പാമ്പിനെപ്പോലെ രണ്ടു ഭാഗവും തലയുണ്ടോ നിങ്ങൾക്ക്? നിങ്ങളുടെ പാർട്ടി ഇരു തല യുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനമായി മാറിയിട്ടുണ്ടോ? അതു കൊണ്ട് ആ ഇന്ദിരാഗാന്ധിയെ ആക്ഷേപിക്കുന്നതു ഇരിക്കട്ടെ, ഞാൻ ഒന്നു പറയും, നാരായണൻ നായർ ഒന്നു പറയും, മംഗലത്തു മഠം ഒന്നു പറയും, ഈച്ചരൻ പറയും, പക്ഷേ ഞങ്ങളൊക്കെ ഇന്ദിരാകോൺഗ്രസ്സുകാരാണ്. ''മല്ലായി മല്ലൻ മദം കൊണ്ടു തൂങ്ങി അതു കണ്ട് നാരി കൊതിയാലേ തൂങ്ങി'' കുഞ്ചൻ നമ്പ്യാർ പിന്നീടു ചോദിക്കുകയാണ്, ഞാൻ സഭയിൽ പറയുകയല്ല - ''നീ തൂങ്ങിയതെ ന്തിനെന്റെ കൂന്താലീ മാടായെന്ന്'' അതുപോലെ ഞങ്ങളൊക്കെ മദം കൊണ്ടു തൂങ്ങി, അതു കണ്ടു ഞങ്ങളെ സഹായിക്കുന്ന ചിലർ കൊതി യാലെ തൂങ്ങി, ശ്രീ ആര്യാടൻ മുഹമ്മദ് എന്തിന്നു തൂങ്ങിയെന്ന് പടച്ച തമ്പുരാനു തന്നെ മറുപടി പറയാൻ കഴിയുമോയെന്നാണ് എന്റെ സംശയം. ഇവിടെ എന്തിനുവേണ്ടി നിങ്ങൾ ഇന്ദിരാഗാന്ധിയെ അനുകൂലിക്കാൻ തയ്യാറായി. ഇന്ദിരാഗാന്ധിയോടുള്ള ബഹുമാനവും അനുസരണ ബോധവും നിങ്ങളുടെ ഹൃദയത്തിൽ തരിമ്പും ശേഷി ക്കുന്നുണ്ടെന്നാണോ തെളിയിക്കുന്നത്. എങ്കിൽ നിങ്ങൾ ബഹുമാനപ്പെട്ട പി. കെ. വി. യേയും പാർട്ടിയേയും വഞ്ചിക്കുകയാണ്. ശ്രീ. കുറ്റിപ്പു ഴയേയും പാർട്ടിയേയും വഞ്ചിക്കുകയാണ്. ശ്രീ. സി. എച്ച്. മുഹമ്മദ് കോയയേയും പാർട്ടിയേയും വഞ്ചിക്കുകയാണ്. വഞ്ചനയുടെ കൂത്തര ങ്ങായി മാറിയ ഒരു പ്രസംഗ ധോരണിയാണ് ശ്രീ. ആര്യാടൻ മുഹമ്മദിൽ നിന്നും കേൾക്കാൻ സാധിച്ചത്. ഇന്ദിരാഗാന്ധിക്കെതിരായ വാദമുഖം അവിടെ ശേഷിക്കുന്നു. അതുകൊണ്ട് ഈ നിയമനിർമ്മാണത്തിന് യാതൊരു ഉദ്ദേശ ശുദ്ധിയുമില്ല. കാളാശ്ശേരിയെ വിമർശിച്ചു പോയാൽ ജാതി നോക്കും, അങ്ങനെ വിമർശിക്കുന്നതും ദേവസ്സിക്കുട്ടി യായിപ്പോയാൽ അതു കൃഷിക്കാരനായിപ്പോയി വേറെ ആളായാൽ ജാതിയായിപ്പോയി. ജാതി പറഞ്ഞു കൊണ്ടു തെറ്റിനെ മൂടി വയ്ക്കാൻ ശ്രമിക്കരുത്. ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ഒരു പക്ഷേ ഹരിജനങ്ങളെ സഹായിച്ചിട്ടുണ്ടാകാം. പക്ഷേ നിയമനിർമ്മാണ രംഗത്തു വരുമ്പോൾ മുഖം നോക്കാതെ എതിർത്തിട്ടുണ്ടാകാം. ശ്രീ. ദേവസ്സിക്കുട്ടി ബ്യൂർഷ്വായാണ്, പിന്തിരിപ്പനാണ് എന്നൊക്കെപ്പറഞ്ഞാൽ, അതിന് ആര്യാടന്റെ പുരോഗമനത്തിന്റെ പാരമ്പര്യത്തിലേക്ക് ചുഴിഞ്ഞു നോക്കാൻ ശ്രമിച്ചാൽ ഈ നിയമസഭാവേദിയിൽ അതു ശരിയാവുകയില്ല. അതുകൊണ്ടു ഞാൻ അതിനു തയ്യാറില്ല. ഒരു വ്യക്തിയെ ആക്ഷേപിച്ചുകൊണ്ടുള്ള നിയമനിർമ്മാണമല്ല വേണ്ടത്. ഒരു വ്യക്തി യേയും രക്ഷിക്കാൻ വേണ്ടിയല്ല നിയമനിർമ്മാണവും കൊണ്ടു മുന്നോട്ടു വരേണ്ടത്. നിയമനിർമ്മാണം ചെയ്യുമ്പോൾ വസ്തുതകൾ നോക്കി

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമുള്ളതു ചെയ്യണം. ഈ ഓർഡിനൻസു പാസ്സാക്കുന്നതു കാളാശ്ശേരിക്കു വേണ്ടി തന്നെയല്ലേ? കാളാശ്ശേരിക്കു വേണ്ടിയല്ല പാസ്സാക്കുന്നതെങ്കിൽത്തന്നെയും അതിന്റെ ഗുണം അനുഭവിക്കാൻ പോകുന്നതു കാളാശ്ശേരിയല്ലേ? ഒന്നു പറയാൻ തയ്യാറാകണം, ഇതിൽക്കൂടുതലുള്ള ഭാഗധേയം കാളാശ്ശേരിക്കു വേണ്ടിയല്ലേ? കാളാശ്ശേരിയുടെ മഹത്തേറിയ ഭാഗ്യത്തിന്റെ ഉറവിടമായിട്ടല്ലേ ഈ സൂര്യോദയ നിയമം കൊണ്ടുണ്ടായിട്ടുള്ളത്. അതുകൊണ്ടു ഞാൻ ബഹുമാനപ്പെട്ട പി. കെ. വി. യോടു വീണ്ടും പറയുന്നു ''ഇന്നലെ ചെയ്തോരബദ്ധം മൂഢർക്ക് ഇന്നത്തെ ആചാരമാകാം, നാളത്തെ ശാസ്ത്രവും അതാകാം'' പക്ഷേ ബുദ്ധിമാനായ അങ്ങ് ശാസ്ത്രമായിട്ടും ആചാരമായിട്ടും ഇതിനെ ഗണിക്കരുതെന്നാണ് പ്രാർത്ഥനയുള്ളത്. മൂഢൻമാർ അതു ആചാരമായി ഗണിച്ചു കൊള്ളട്ടെ, അതു കൊണ്ട് ഇത്തരം ഒരു നിയമനിർമ്മാണത്തിനു മുതിർന്ന ഒരു ഗവൺമെന്റ് യഥാർത്ഥത്തിൽ സ്വാർത്ഥത്തിന്റെ പ്രകീർത്തനത്തിന്റെ പൂർണ്ണമായ ഭാഗം ചിത്രണം ചെയ്യുന്നു എന്നാണ് എന്റെ വാദം. വളരെ വേഗായിട്ട് അതു ചിത്രീകരിച്ചിരിക്കുന്നു.

സർ, 1961-ൽ ഒരു ഭേദഗതി ഇവിടെ അവതരിപ്പിച്ചു. ഞാൻ ചോദിച്ചപ്പോഴും ശ്രീ. ആര്യാടൻ മുഹമ്മദ് തെറ്റിദ്ധരിച്ചു കൊണ്ടു പറഞ്ഞു. 1968-ലെ 14-മത്തെ ഭേദഗതിയിൽ കാണുന്നത് ഒരു പ്രത്യേക ഇൻസ്റ്റിറ്റ്യൂഷനു ഒരു ഓഫീസിനെ എക്സംപ്റ്റ് ചെയ്യുന്നതായിട്ടാണ്. അങ്ങനെ രണ്ടാഫീസ് സെപ്പറേറ്റായി എടുത്തു പറയും, എല്ലാ കമ്മീഷനുകളേയും എടുത്തു പറഞ്ഞിട്ടില്ല. ലാ കമ്മീഷന്റെ പ്രസിഡൻറ്ഷിപ്പിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. പ്ലാനിംഗ് ബോർഡിന്റെ വൈസ്പ്രസിഡൻറിന്റെ സ്ഥാനത്തെക്കുറിച്ചു പറഞ്ഞു. അന്ന് വേറെരു കാര്യം എടുത്തു പറഞ്ഞുകൊണ്ടാണ് കൊണ്ടുവന്നത്. ഇങ്ങിനെ ഓരോ അവസരത്തിലും ഭരണഘടന അനുശാസിക്കുന്ന—An office എക്സംപ്റ്റ് ചെയ്യപ്പെടാത്ത ഒരു ആഫീസ് എന്നാണ്. നേരെ മറിച്ച് വേഗായിട്ട് എല്ലാ കോർപ്പറേഷനുകളെയും ഗവൺമെൻറിന്റെ ഷെയറുള്ള എല്ലാ കമ്പനികളേയും പരിപൂർണ്ണമായും യാതൊരു അഭിപ്രായ വ്യത്യാസവുമില്ലാതെ ഉയർന്ന പരിധി നിർണ്ണയത്തിനു തയ്യാറാകാതെ തനി സമ്പൂർണ്ണമായി വാരിപിടിക്കുന്ന നിയമനിർമ്മാണം വരുന്നുവെന്നു വരികിൽ ആർട്ടിക്കിൾ 191 ഈ സംക്ഷോപ്പിൽ നിന്നും കടന്നു പുറത്തു പോയി ഒരു നിയമ നിർമ്മാണ മായിട്ട് ഇതു വരുന്നു എന്നുള്ളതാണ് വാദം. ഈ ബുദ്ധി ആ കാലത്തു 1968-ലെ നിയമ നിർമ്മാണ സഭയ്ക്ക് ഉണ്ടായിരുന്നില്ലേ? ആർക്കുവേണ്ടി ഉണ്ടായ നിയമനിർമ്മാണമായാലും ശരി, എന്തുകൊണ്ടു മറ്റു പലതിലും അന്ന് ഉൾക്കൊള്ളിച്ചുകൂടാ. കോർപ്പറേഷനുകളെ ഉൾക്കൊള്ളിക്കാൻ അന്നത്തെ ഗവൺമെൻറ് തയ്യാറായില്ല. ഇന്നത്തെ ഗവൺമെൻറിനു അതിനു സാഹചര്യം സൃഷ്ടിച്ചത് കാളാശ്ശേരിയുടെ ആപൽസൂചകമായ ധൂമകേതുവിന്റെ ഉദയമല്ലാതെ മറ്റൊന്നും കൊണ്ടായിരുന്നില്ല എന്നാണ് എന്റെ വാദം. അതുകൊണ്ട് ഈ നിയമം തികച്ചും ഒരു വ്യക്തിയുടെ താൽപ്പര്യത്തെ രക്ഷിക്കാൻ വേണ്ടി മാത്രമുള്ളതാണ്, അല്ലെങ്കിൽ ഒരു സമൂഹത്തിന്റെ താൽപ്പര്യം രക്ഷിക്കാൻ വേണ്ടി മാത്രമുള്ളതാണ്; അതുകൊണ്ട് ഈ നിയമം തെറ്റാണെന്നു ഞാൻ പറയുന്നു. ഇതു നടപ്പിൽ വരുന്നതു പൂർവ്വകാല അപേക്ഷയോടു കൂടിയല്ല എന്നാണ് പറയുന്നത്. ഏതെങ്കിലും ഒരു കാലത്ത് ഇയാൾ ഓഫീസ് ഹോൾഡു ചെയ്തിട്ടുണ്ടെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിൽ അന്നു നിയമസഭാ സാമാജികനായി ഇരുന്നിട്ടുണ്ടെങ്കിൽ പോലും രക്ഷ കൊടുക്കണം എന്നാണ്. ഇങ്ങനെ ഒരു പ്രൊട്ടക്ഷൻ കൊടുക്കാനുള്ള നാണക്കേട് എന്തുണ്ടായി ഈ രാജ്യത്ത്. ഈ നിയമം പ്രായോഗികമായി പ്രവർത്തനത്തിൽ വന്നാൽ കേരള സംസ്ഥാനം ഉടലെടുത്ത കാലം മുതൽ ഇന്നുവരെ ഏതെങ്കിലും ഒരു വ്യക്തി കോർപ്പറേഷൻ ചെയർമാനായി ഇരുന്നുകൊണ്ടു നിയമസഭാസാമാജികനായി ഇരുന്നിട്ടുണ്ടെങ്കിലും അതു തെറ്റാണെന്നു പറയാൻ പാടില്ലാത്ത തരത്തിൽ ഒരു സംഘർഷണ വലയം കെട്ടിപ്പടുക്കുകയാണ്. ഇത്രയേറെ വേഗായ ഇത്രയേറെ അതിർത്തി നിർണ്ണയിക്കാത്ത, ഇത്രയേറെ സാധൂകരണം കിട്ടാത്ത, ഇത്രയേറെ നാണംകെട്ട ഒരു നിയമനിർമ്മാണം കേരള നിയമസഭയുടെ ജനനത്തിനു ശേഷം ഇന്നു വരെ ഉണ്ടായിട്ടില്ലെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. അതുകൊണ്ട് അന്തസ്സു പാലിക്കാൻ ഈ ഭരണകൂടം ഈ നിയമം പിൻവലിക്കണം. കാളാശ്ശേരി കോർപ്പറേഷൻ ചെയർമാനായി തുടർന്നാലും ശരി, കാളാശ്ശേരി നിയമസഭാ സാമാജികനായി തുടർന്നാലും ശരി ഈ ഭരണകക്ഷിക്ക് ഒന്നും വരാനില്ല. ഒരാൾ കുറഞ്ഞു പോയാൽ ഒരബദ്ധവും വരികയില്ലല്ലോ? അതിനപ്പുറം ഒരു മാന്യനെ കിട്ടും. എന്റെ അഭിപ്രായം ശ്രീ. കാളാശ്ശേരിയേക്കാൾ കഴിവുള്ള ഒരാളെ കോർപ്പറേഷനു വേണ്ടി കിട്ടുമെന്നാണ്. ഞാൻ ശ്രീ. കാളാശ്ശേരിയുടെ കഴിവിനെ കുറയ്ക്കുകയല്ല. നാം ഇതുവരെ കണ്ടതല്ലേ, അദ്ദേഹം നിയമസഭയിൽ വന്നതിനു ശേഷം അദ്ദേഹത്തിന്റെ അദൃശ്യമായ കഴിവുകളും, പാടവത്തിന്റെ പ്രകടനവും ചോദ്യോത്തരവേളയിലും പ്രസംഗവേളയിലും ഒക്കെ. അതുകൊണ്ട് ഈ നിയമസഭയുടെ അന്തസ്സിനെപ്പോലും നശിപ്പിക്കുന്നു എന്നുള്ളതുകൊണ്ടു നിയമസഭയോടു സ്നേഹമുള്ളവർ ഈ നിയമത്തെ പിൻവലിച്ചു മുന്നോട്ടു കൊണ്ടുപോയി സംരക്ഷണം നൽകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. ഇ. നാരായണൻ നായർ: സർ, ഞാൻ ഈ നിയമത്തെ എതിർക്കുകയാണ്. ഇതിനെ ന്യായീകരിച്ചുകൊണ്ട് പലരും ഇവിടെ സംസാരിച്ചു. മറ്റു സംസ്ഥാനങ്ങളിൽ ഇതു പോലുള്ള ഭേദഗതികൾ പാസ്സായിട്ടുണ്ടെന്ന് പലരും ഇവിടെ ഉദ്ധരിച്ചു. ഇത് ഇവിടെ വളരെ അത്യാവശ്യമാണ്. ഇതിന്റെ പേർ തന്നെ അയോഗ്യത നീക്കം ചെയ്യൽ ബിൽ—The Legislative Assembly Removal of Disqualifications) Amendment Bill, എന്നാണ്. ഇത് ആർക്കോ ഡിസ്ക്വാളിഫിക്കേഷനുണ്ട് അതു നീക്കേണ്ടതു അത്യാവശ്യമാണ്. അതു പെട്ടെന്ന് നീക്കേണ്ടത് അത്യാവശ്യമാണ് എന്ന് അപ്പുറത്തു നിന്നും തോന്നിയതിന്റെ ഫലമായിട്ടല്ലേ ഒരു പ്രത്യേക ഓർഡിനൻസു കൊണ്ടുവരേണ്ടിവന്നത്. ഇതു ആർക്കാണെന്നു പരിശോധിച്ചപ്പോൾ 52 മുതൽക്കുള്ള ആർക്കെങ്കിലും ഡിസ്ക്വാളിഫിക്കേഷൻ ഉണ്ടെങ്കിൽ അതെല്ലാം നീക്കാമെന്ന് ഒരു ദിവസം മുഖ്യമന്ത്രി പരിശോധിച്ച് പെട്ടെന്ന് അതിന് വേണ്ട ഒരു ഓർഡിനൻസ് കൊണ്ടുവന്നതാണെന്ന് വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ട്. ഡിസ്ക്വാളിഫിക്കേഷനുണ്ട് അതു നീക്കേണ്ടത് ഭരണ കക്ഷിയുടെ നിലനിൽപ്പിന് ഭരണത്തിന്റെ നിലനിൽപ്പിന് ആവശ്യമാണെന്ന് ബോദ്ധ്യമായതിന്റെ ഫലമായിട്ടാണ് ഇതു കൊണ്ടുവന്നത്. അതു കാളാശ്ശേരിയായാലും തരക്കേടില്ല, ആരായാലും തരക്കേടില്ല. കാളാശ്ശേരിയുടെ പുറകിൽ ഇരുന്നുകൊണ്ടു ശ്രീ. ആര്യാടൻ മുഹമ്മദ് ഇതിനെ ന്യായീകരിച്ചുകൊണ്ട് അദ്ദേഹത്തോടുള്ള സിമ്പതി കാട്ടി. ദേവസ്സിക്കുട്ടിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഹരിജനങ്ങളോടു വിരോധം ഉണ്ടെന്നും ഇതെല്ലാം ഉദ്ധരിച്ച് സംസാരിക്കുന്നതു കേട്ടു. കാളാശ്ശേരി എന്റെ സുഹൃത്താണ്. ഞങ്ങൾ അടുത്തടുത്ത മുറികളിൽ താമസിക്കുന്ന സുഹൃത്തുക്കളാണ്. ഇന്ദിരാഗാന്ധിയെ സംബന്ധിച്ച് അലഹബാദ് ഹൈക്കോടതിവിധിയെ ന്യായീകരിച്ചുകൊണ്ട് അതും ഇതും താരതമ്യപ്പെടുത്തിക്കൊണ്ടാണ് ശ്രീ. ആര്യാടൻ സംസാരിച്ചത്. അലഹബാദ് ഹൈക്കോടതിവിധി വന്നതിനുശേഷവും ഇന്ദിരാഗാന്ധി അധികാരത്തിൽ നിന്നും പോയതിനുശേഷവും കാളാശ്ശേരിയുടെ ഫാമിലി ഉൾപ്പെടെ എടുത്ത ഫോട്ടോ കാളാശ്ശേരിയുടെ റൂമിൽ വച്ചിരുന്നു. അതിൽ ഇന്ദിരാഗാന്ധിയെ കാണാം. ഞാൻ അതിന്റെ അടുത്ത റൂമിലാണ് താമസിച്ചിരുന്നത്. അതുകൊണ്ട് ആര്യാടന്റെ അഭിപ്രായം കാളാശ്ശേരിക്ക് ഉണ്ടാകുമെന്ന് എനിക്ക് അഭിപ്രായമില്ല. അപ്പോൾ കാളാശ്ശേരിയെ സംബന്ധിച്ചിടത്തോളം ശ്രീ. പി. ആർ. കുറുപ്പ് പറഞ്ഞ മാതിരി ഒരു ഭാഗത്തു കാളാശ്ശേരിയെ വഴക്കിയെടുക്കാനുള്ള പ്രവർത്തനം നടക്കുന്നു. മറുഭാഗത്ത് ഭരണത്തിന്റെ നിലനിൽപ്പിനാവശ്യമായ മറ്റു കാര്യങ്ങളും കൂടി ഇക്കൂട്ടത്തിൽ നടത്തിക്കളയാമെന്നുള്ള ഏർപ്പാടുകൾ ചെയ്തു. ഇതു മറ്റൊരു നാണക്കേട്. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഇങ്ങനെ ഒരു ബുദ്ധിമുട്ടുണ്ട്. അതിൽ നിന്നും അദ്ദേഹത്തെ രക്ഷിക്കാൻ വേണ്ടിയാണെങ്കിൽ മനസ്സിലാക്കാം. അതിന്റെ പേരിൽ പാവപ്പെട്ട കാളാശ്ശേരിയുടെ പേരിൽ വേറൊരു 10 കോർപ്പറേഷൻ കൂടി ഉണ്ടാക്കാനും മറ്റു സൗകര്യങ്ങൾ ഉണ്ടാക്കാനും കൂടി ഈ ചാൻസ് ഉപയോഗിക്കുന്നതിലാണ് കുറെ ബുദ്ധിമുട്ടുകളുള്ളത്. മറ്റു പലർക്കും പലതും കൊടുക്കേണ്ടിയിരിക്കുന്നു; അതിന് കോർപ്പറേഷൻ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ആ ബുദ്ധിമുട്ടുകൂടി പാവപ്പെട്ട കാളാശ്ശേരിയുടെ പേരിൽ നടത്തുകയല്ലേ ഈ ചാൻസ് ഉപയോഗപ്പെടുത്തി ചെയ്തത് അതാണ് ഞാൻ പറഞ്ഞത് നാണക്കേടെന്ന്. ഇത്തരത്തിലുള്ള ഒരു ബില്ല് ഭരണകക്ഷികളുടെ നിലനിൽപ്പിനുവേണ്ടി ഇങ്ങനെ കൊണ്ടു വരുന്നത്, അതിനു പൂർവ്വകാല പ്രാബല്യം കൊടുക്കണമെന്നു പറയുന്നത് ഒരേയൊരു വ്യക്തിക്കു വേണ്ടിയാണ്. മറ്റു സംസ്ഥാനങ്ങളിൽ പാസ്സാക്കിയ നിയമങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. മറ്റു സംസ്ഥാനങ്ങളിൽ പാസ്സാക്കിയ ഒരു നിയമവും ഇതുപോലെ വ്യാപകമായിട്ടുള്ളതല്ല. ഇങ്ങിനെ വ്യാപകമായി എന്തു കോർപ്പറേഷനുണ്ടാക്കിയാലും ഡിസ്കാളിഫിക്കേഷൻ ആകുന്നില്ലെന്ന നിലയിൽ മറ്റൊരു സംസ്ഥാനവും നിയമം പാസ്സാക്കിയിട്ടില്ല. പ്രത്യേക വ്യക്തികളുടെ കേസ്സുകളിൽ മാത്രമേ അങ്ങിനെ പറഞ്ഞിട്ടുള്ളൂ. അല്ലാതെ മറ്റു സംസ്ഥാനങ്ങൾ ഇതുപോലെ നിയമം പാസ്സാക്കിയിട്ടുണ്ടെന്നു പറയുന്നതു ശരിയല്ല. ശ്രീ. ദാമോദരൻ കാളാശ്ശേരിയെ സംബന്ധിച്ചു പറഞ്ഞാൽ ഞങ്ങൾ ഈയിടെ ഇക്കാര്യത്തെ സംബന്ധിച്ചു സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ ആത്മാവ് ഇവിടേയും ശരീരം അവിടേയും എന്ന നിലയിൽ നിൽക്കുന്നതായാണു കണ്ടത്. ഇവിടെ എ. കെ. ആന്റണിയുടെ പാർട്ടിയിൽപ്പെട്ട ആളുകളെ പിടിച്ചു നിർത്താനുള്ള ചില കസർത്തുകളുടെ ഭാഗമാണിതും. ആറാറു മാസം കൂടുമ്പോൾ മന്ത്രിമാരെ മാറ്റുമെന്നാണ് വാഗ്ദാനം. അപ്പോൾ എല്ലാപേർക്കും മാറി മാറി മന്ത്രിമാരാകാം. ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർക്ക് പറഞ്ഞു കൊടുത്തിരിക്കുന്നത് നിങ്ങൾക്കു കരുണാകരനോടു കൂടെ നിന്നാൽ മന്ത്രിയാകാൻ സാദ്ധ്യമല്ല, ആറാറു മാസം കഴിയുമ്പോൾ ഇനിയും മന്ത്രിമാരെ മാറ്റാൻ പോകുന്നു അപ്പോൾ ചാൻസ് വരുന്നു എന്നാണ്. ശ്രീ കെ. കെ. ബാലകൃഷ്ണനോടു പറഞ്ഞിരിക്കുന്നത് കാളാശ്ശേരിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്കാളിഫിക്കേഷൻ വരുമ്പോഴും അടുത്ത ചാൻസ് നിങ്ങൾക്കാണെന്നാണ്. ഇങ്ങനെ എ. കെ. ആൻറണിയുടെ ഭാഗത്തുള്ള ആളുകളെ പിടിച്ചുനിർത്താൻ ഒരു ഭാഗത്ത് ഈ വിദ്യ നടത്തുകയും മറുഭാഗത്തു ആളുകളെ നിർത്താൻവേണ്ടി കസർത്തുകളും കാണിക്കുകയും ആണു ചെയ്യുന്നത്. ഇതിൻെറയെല്ലാം സംവിധായകനാണ് ദാമോദരൻ കാളാശ്ശേരിയുടെ പിന്നിലിരിക്കുന്ന ആര്യാടൻ മുഹമ്മദ്. ആര്യാടൻ മുഹമ്മദ് ഞങ്ങളെ ബുദ്ധി പഠിപ്പിക്കേണ്ട. ഇന്ദിരാഗാന്ധിയെ സംബന്ധിച്ചിടത്തോളവും മാരുതി കമ്പനിയുടെ പണത്തെ സംബന്ധിച്ചുമെല്ലാം ഇവിടെ പറഞ്ഞു. അതിനൊന്നും ഞാൻ മറുപടി പറയണമെന്ന് ഉദ്ദേശിക്കുന്നില്ല. ആ പണംകൊണ്ട് ജീപ്പ് വാങ്ങിച്ചതിൻെറ കേസ് ഉണ്ട്. ആ ജീപ്പു കൊണ്ടുനടന്നു അതിൽ കയറി സഞ്ചരിച്ച് വോട്ടു പിടിച്ച് ജയിച്ച് നിയമസഭയിൽ ഇരിക്കുന്ന ആളാണ് അതിനെക്കുറിച്ചു സംസാരിക്കുന്നത്. മലപ്പുറം ഡിസ്ട്രിക്റ്റിനുവേണ്ടി വാങ്ങിച്ച ജീപ്പിൽ കയറി സഞ്ചരിച്ച് വോട്ടു പിടിച്ച ആര്യാടൻ അതിൽ കയറി ഇരുന്നുകൊണ്ടു ഇന്ദിരാഗാന്ധിക്കു സിന്ദാബാദ് വിളിച്ചിട്ട് ഇപ്പോഴും ലജ്ജയില്ലാതെ ഞങ്ങളെ ബുദ്ധി പഠിപ്പിക്കുവാൻ ശ്രമിക്കുകയാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള ഒരു നാണം കെട്ട ബിൽ അവതരിപ്പിച്ചിരിക്കുന്നതിൽ പ്രതിഷേധിക്കുകയും, ഇതു പിൻവലിക്കണമെന്നു മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

(Shri T. M. Jacob in the Chair)

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഈ ബില്ലിനെ എതിർത്തുകൊണ്ട് വളരെ ശക്തിയായ രീതിയിൽ വിമർശിക്കുന്നത് ഇന്ദിരാ കോൺഗ്രസ്സിലുള്ള അംഗങ്ങളാണെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. അവർ ഇതിനെ ഇത്രയധികം എതിർക്കുന്നതെന്തിനാണെന്നു കുറച്ചാലോചിച്ചാൽ നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. ഇവിടെ ആദ്യമായി ഇതിനെ എതിർത്തു സംസാരിച്ച ശ്രീ. ദേവസ്സിക്കുട്ടി വാസ്തവത്തിൽ അദ്ദേഹത്തിൻെറ എതിർപ്പു തുടങ്ങിയത് കഴിഞ്ഞ തിരഞ്ഞെടുപ്പിനു ശേഷം ഇവിടെ പുതിയ മന്ത്രിസഭ അധികാരത്തിൽ കയറിയ ദിവസം മുതലാണ്. അന്നു ഞങ്ങളും ഒന്നായിരുന്ന കാലത്ത് അദ്ദേഹത്തിന് മന്ത്രിയാകാൻ സാധിക്കാത്തതുകൊണ്ട് അന്നു തന്നെ വളരെയധികം എതിർപ്പുണ്ടായിരുന്നു. പുറത്തു പറയാൻ സാധിക്കാത്തതുകൊണ്ട് അന്നു പറഞ്ഞില്ല. അതിനു ശേഷം 1978-ൽ കോൺഗ്രസ് പാർട്ടി രണ്ടായി പിളർന്ന അവസരത്തിൽ അദ്ദേഹം ആ ഭാഗത്തു ചെന്നിരുന്നുകൊണ്ട് ഈ ഭാഗത്തിരിക്കുന്ന ആളുകളെ പ്രത്യേകിച്ച് കോൺഗ്രസ് മന്ത്രിമാരെ അധിക്ഷേപ രൂപത്തിൽ വിമർശനം തുടങ്ങി. വളരെയധികം ആഗ്രഹം മനസ്സിൽ വച്ചുപുലർത്തി അവസാനം ആ ആഗ്രഹം സഫലീകരിക്കാതെ വന്നപ്പോഴാണ് അദ്ദേഹത്തിൻെറ നിരാശയിൽ നിന്നും ഉടലെടുത്ത എതിർപ്പാണിതെന്നു വളരെ വ്യക്തമായി നമുക്കു മനസ്സിലാക്കുവാൻ കഴിയും. അദ്ദേഹത്തെ ഇന്ദിരാ കോൺഗ്രസ്സിൻെറ കേരളത്തിലെ നേതൃത്വം ഇന്ന് ഈ അസംബ്ലിയിൽ ഗവൺമെൻറ് കൊണ്ടുവരുന്ന എല്ലാ നല്ല കാര്യങ്ങളേയും എതിർക്കുന്നതിനുള്ള ഒരു നേർച്ചക്കാളയായി അവതരിപ്പിച്ചിരിക്കുകയാണ്. നേർച്ചക്കാളകളുടെ സ്ഥിതി എന്താണെന്നു നമുക്കറിയാം. അതിൻെറ മരണം എന്നും പ്രതീക്ഷിക്കുകയാണ്. ആ മരണം വരുന്നതു വരെ എത്തു വേലിക്കകത്തും അതിനു കടക്കാം., എവിടേയും ചെല്ലാം. അതാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇന്നു ദേവസ്സിക്കുട്ടിയെക്കൊണ്ടു ചെയ്യിക്കുന്നത്. അദ്ദേഹം ഇതിനെ എതിർക്കാൻ മറെറാരു കാരണം കൂടിയുണ്ട്. വാസ്തവത്തിൽ ശ്രീ. ദേവസ്സിക്കുട്ടി ഇവിടെ എം. എൽ. എ. മാർക്കു എന്തെങ്കിലും അഡീഷണൽ ആനുകൂല്യങ്ങൾ കിട്ടുന്നതിന് എതിരാണ്. കാരണം അദ്ദേഹം പല ആനുകൂല്യങ്ങളും സമ്പാദിച്ചിട്ടുള്ളയാളാണ്. പലതും വാദിച്ചു വാങ്ങിക്കുവാനും അദ്ദേഹം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. അഗ്രികൾച്ചറൽ യൂണിവേഴ്സിറെറിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ മെമ്പറായിരുന്നു അദ്ദേഹം. അതുപോലെ തന്നെ കെ. എൽ. ഡി. സി. യിലും അംഗമായിരുന്നു. ഒരേ ദിവസം തന്നെ അദ്ദേഹം അസംബ്ലി മീറെറിംഗിൽ പങ്കെടുക്കുകയും കമ്മിറെറി മീറെറിംഗുകളിൽ പങ്കെടുക്കുകയും ചെയ്തിട്ട് രണ്ടിനും ടി. എ. വാങ്ങിച്ചത് തിരിച്ചടയ്ക്കാൻ പറഞ്ഞതു തിരിച്ചടച്ചതുകൊണ്ട് അദ്ദേഹത്തിനു വേവലാതിയുണ്ട്. അതു കൊണ്ടാണ് പ്രത്യേക ആനുകൂല്യങ്ങൾ എം. എൽ. എ. മാർ വാങ്ങിക്കരുതെന്നു പറയാൻ പ്രത്യേക കാരണം. നമുക്കറിയാം പാർലമെൻറ് അംഗമായ പ്രതിപക്ഷ നേതാവ് ശ്രീ. സി. എം. സ്റെറീഫൻ ഷിപ്പിംഗ് ബോർഡ് ചെയർമാൻ ആയിരുന്നു. അന്ന് അദ്ദേഹത്തിനു മന്ത്രി സ്ഥാനം കിട്ടാതെ വന്നതു എന്തുകൊണ്ടാണെന്ന് നമുക്കറിയാം. കേരളത്തിൽ നിന്നുള്ള കോൺഗ്രസ്സിൻെറ മറെറാരു പ്രഗൽഭനായ അംഗത്തെ കേന്ദ്രമന്ത്രിസഭയിൽ എടുത്തപ്പോഴും അതു കിട്ടാതെവന്നപ്പോഴും അതിൻെറ പാരിതോഷികമായി സ്റെറീഫനു ഷിപ്പിംഗ് ബോർഡ് ചെയർമാൻ സ്ഥാനം കൊടുത്തു. അങ്ങിനെ പല ആനുകൂല്യങ്ങളും പററുന്ന കാര്യത്തിൽ, അതെല്ലാം വഹിച്ചെടുക്കുവാൻ വിദഗ്ധൻമാരായ ആളുകളാണ് ഇന്ന് ഇതെല്ലാം പറയുന്നത്. ശ്രീ. കാളാശ്ശേരിക്കു വേണ്ടിയുള്ള ബില്ലാണെന്നു പറഞ്ഞുകൊണ്ട് കാളാശ്ശേരിയെ അധിക്ഷേപിക്കുന്ന തരത്തിൽ നീക്കമുണ്ടാകുന്നതിനുള്ള പല കാരണങ്ങളും ബഹുമാനപ്പെട്ട മെമ്പറൻമാർ സൂചിപ്പിച്ചു കഴിഞ്ഞു. അതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. പക്ഷേ കാളാശ്ശേരിയോട് ഇവർക്കു പ്രത്യേക എതിർപ്പുണ്ടാകാൻ കാരണമുണ്ട്. കാളാശ്ശേരിയുടെ വീട്ടിൽ ശ്രീ. കരുണാകരനും വക്കവും ചെന്നപ്പോഴും കാളാശ്ശേരിയുടെ ഭാര്യ തിളപ്പിച്ച വെള്ളം അവരുടെ മുഖത്തു ഒഴിച്ചു കൊടുത്തു. അതിൻെറ കരിവാളിച്ച നിറം ഇന്നും അവരുടെ മുഖത്തു കാണാം. അതല്ലെങ്കിൽ അവർ ഇത്ര രൂക്ഷമായ രീതിയിൽ വിമർശിക്കേണ്ട കാര്യമില്ല.

ശ്രീ. എ. പി. കുര്യൻ: ശ്രീ. വിശ്വനാഥൻ പോയപ്പോഴും ഈ തിളച്ച വെള്ളം മുഖത്തു വീണോ?

ശ്രീ. കെ. പി. വിശ്വനാഥൻ: ഞാൻ സാധാരണ കാളാശ്ശേരിയുടെ വീട്ടിൽ പോകാറില്ല. പിന്നെ ഏറവും വലിയ എതിർപ്പ് ഈ ബില്ലിൻെറ പേരിനെ സംബന്ധിച്ചാണ്. ഡിസ്ക്വാളിഫിക്കേഷൻ റിമൂവൽ എന്നാണ്. പക്ഷേ ഇന്നിവിടെ ഒരു കേസ് നടക്കുന്നുണ്ട്. ആ കേസിൻെറ പേരെന്താണ്? കള്ളസത്യവാങ്മൂലം എന്നാണത്. കളവു പറഞ്ഞിട്ടുള്ളതുകൊണ്ടാണ് കള്ളസത്യവാങ്മൂലം എന്നു പറയുന്നത്. അപ്പോഴും അതുപോലെ ഒരു പേരു കൊടുത്തു കാണും.

ശ്രീ. ഇ. നാരായണൻ നായർ: പോയിൻറ് ഓഫ് ഓർഡർ. ഈ ബില്ലുമായി ബന്ധമില്ലാത്ത ഇന്നു കോടതിയിൽ വിധി പറയാനുള്ള ഒരു കേസ് ഇവിടെ പരാമർശിക്കുന്നതു ഓർഡറിലാണോ?

മി. ചെയർമാൻ: അങ്ങനെയൊന്നും ഇവിടെ പരാമർശിച്ചിട്ടില്ല. കേസിൻെറ മെരിറെറിലേക്കു കടന്നു യാതൊന്നും പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. വിശ്വനാഥൻ: ഇന്ദിരാ കോൺഗ്രസ്സിന്റെ ആളുകളും ഇന്നിവിടെ ഇല്ലാത്തതു എന്തു കൊണ്ടാണെന്നു ഞാൻ പറഞ്ഞിട്ടില്ല. അവരിൽ പലരും കേസിന്റെ വിധി കേൾക്കാൻ എറണാകുളത്തു നിൽക്കുന്നുണ്ട്. അതിലും എനിക്കു പരാതിയില്ല.

ശ്രീ. ഇ. നാരായണൻ നായർ: പ്രത്യേകമായ ഏതു കേസ് എന്നു എടുത്തു പറയണം. ഇവരിൽ പലരും എറണാകുളത്തായിരിക്കാമെന്ന് ഇന്ന് എറണാകുളത്തു നടക്കുന്ന ഒരു കേസിനെ സംബന്ധിച്ചാണ് ചർച്ച ചെയ്യുന്നത്. ഇവിടെ നടക്കുന്ന ചർച്ച ബില്ലിനെ സംബന്ധിച്ചാണ്. ഒരു ബില്ലിനെ സംബന്ധിച്ചു സംസാരിക്കുമ്പോൾ ആ ബില്ലിനെക്കുറിച്ച് ഒന്നും സ്പർശിക്കാതെ ഇതേ ദിവസം മറെറാരു കോടതിയിൽ നടക്കുന്ന കേസിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നത് ഓർഡറിലാണോ?

മി. ചെയർമാൻ: കള്ളസത്യവാങ്മൂലം സംബന്ധിച്ച കേസിന്റെ വിധി വരാൻ പോകുന്നു എന്നു മാത്രമേ പറഞ്ഞിട്ടുള്ളു. അതു പറയുന്നതിൽ തെറെറായിട്ടൊന്നുമില്ല. കേസിന്റെ മെരിറെറു പറഞ്ഞിട്ടുമില്ല. അങ്ങനെ പരാമർശിക്കുന്നതു തെറെറല്ല. പലരും വിധി കേൾക്കാൻ പോയിരിക്കുന്നു എന്നു പറയുന്നതിൽ തെറെറില്ല. ബഹുമാനപ്പെട്ട നാരായണൻ നായർ അടക്കമുള്ള ആളുകൾ സംസാരിക്കുമ്പോൾ ബില്ലിന്റെ പരിധിക്കപ്പുറം പോയി സംസാരിക്കുന്നുണ്ട്. അതു റസ്ട്രിക്റ്റു ചെയ്യുകയാണെങ്കിൽ എല്ലാ മെമ്പറൻമാരും ബില്ലിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടു തന്നെ സംസാരിക്കേണ്ടതായി വരും. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ഓർഡറിലാണ്.

ശ്രീ. ഇ. നാരായണൻ നായർ: ഈ അവസരത്തിൽ സ്വാധീനിക്കുവാൻ പോയി എന്നു പറഞ്ഞു. അതു ഓർഡറിലാണോ?

മി. ചെയർമാൻ: അദ്ദേഹം സ്വാധീനിക്കുവാൻ പോയി എന്ന വാക്കു ഉപയോഗിച്ചിട്ടില്ല.

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, ഞാൻ ഈ വക കാര്യങ്ങളി
11a.m.] ലേക്ക് കൂടുതൽ കടക്കാൻ ആഗ്രഹിക്കുന്നില്ല. അതിന്റെ മറു കാര്യങ്ങളൊന്നും ഇവിടെ പരാമർശിക്കേണ്ട കാര്യമില്ല. അതെല്ലാം നാട്ടുകാർക്ക് അറിയാവുന്ന കാര്യങ്ങളാണ്. പക്ഷേ ഇവിടെ ബില്ലിന്റെ പരിധിയിൽനിന്നു മാത്രമേ സംസാരിക്കാൻ പാടുള്ളു എന്ന് ശ്രീ. നാരായണൻ നായർ പറഞ്ഞപ്പോൾ കുറുപ്പ് ഇവിടെ കൂവലിനെ പററി സൂചിപ്പിച്ചതിനെകുറിച്ചു പറയാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം കുറച്ചു വൈകി കൂവിയ ആളാണ്. ഇവിടെ ആദ്യം കൂവിയ കരുണാകരനും അതുപോലെതന്നെ മറാളുകളും ഒക്കെ ഈ കോൺഗ്രസ് പാർട്ടി വിട്ട അവസരത്തിൽ ആദ്യം കൂവി. പക്ഷേ അന്നൊന്നും കൂവാനുള്ള ബോധോദയം ചേതോവികാരം ഉണ്ടായില്ല ; അവസാനം കൂവി. പല കൂവലുകൾ അദ്ദേഹം നടത്താൻ ആഗ്രഹിക്കുന്നുണ്ടെന്ന് പരസ്യമായിട്ടുള്ള പാട്ടാണ്. ഇപ്പോഴും അദ്ദേഹത്തെക്കൊണ്ട് ഇതൊക്കെ പറയിപ്പിക്കുന്നത് വളരെ നീർബന്ധിച്ചാണ്. ഈ അസംബ്ലിയിൽ തന്നെ അദ്ദേഹം വരുന്നില്ല. വളരെ അടുത്ത ദിവസമാണ് വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

വളരെ നിർബന്ധമായിട്ട് എന്തെങ്കിലും കൂവിയില്ലെങ്കിൽ വളരെ വിഷമം അദ്ദേഹത്തിനുണ്ട് എന്നുള്ളതു വ്യക്തമാണ്. അതുകൊണ്ടു മാത്രമാണ് ഈ കുറുപ്പ് സ്വൽപ്പം വൈകിയാണെങ്കിലും ഇവിടെ കൂവൽ നടത്തിയത്. കോൺഗ്രസ് പാർട്ടി സ്പ്ലിറ്റ് ആയ സമയത്ത് 4 ആം ഒരുമിച്ച്. കൂവാതെ വളരെ കാലങ്ങൾക്കുശേഷം ഇന്ദിരാഗാന്ധി മാത്രമാണ് ഈ രാജ്യത്ത് ഏറ്റവും നന്നായി കൂവാൻ അറിയാവുന്ന ആളെന്ന് മനസ്സിലാക്കിക്കൊണ്ടും ആണ് അദ്ദേഹത്തിന്റെ രണ്ടാമത്തെ കൂവൽ. ഈ കൂവൽ ഇപ്പോൾ നടത്തുന്നതും അതിനു വേണ്ടിയിട്ടാണ്. അപ്പോൾ ആ കൂവലിനെക്കുറിച്ച് അല്ലെങ്കിൽ അസംബ്ലിയിൽ പറയേണ്ട പരിമിതികളെക്കുറിച്ച് ശ്രീ. നാരായണൻ നായർക്കും പി. ആർ. കുറുപ്പിനും പറയാനുള്ള അർഹത ഇല്ല എന്നാണ് എന്റെ പക്ഷം. അത് ഞാൻ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ഇ. നാരായണൻ നായർ: ഈ ബാക്കി ഉള്ളവർ സംസാരിക്കുന്നത് മിസ്റ്റർ വിശ്വനാഥനു കൂവലും വിശ്വനാഥൻ സംസാരിക്കുന്നത് ബുദ്ധിപൂർവ്വമുള്ള പ്രസംഗവുമാണോ? മാത്രമല്ല ശ്രീ. പി. ആർ. കുറുപ്പും ഞാനുമൊക്കെ സംസാരിച്ചത് കൂവലും ശ്രീ. വിശ്വനാഥന്റേയും ശ്രീ. ആര്യാടന്റേയുമൊക്കെ പ്രസംഗവുമാണെന്നാണോ വാദിക്കുന്നത്.

ശ്രീ. കെ. പി. വിശ്വനാഥൻ: ഞാൻ അത് പറയുന്നില്ല. ഞങ്ങൾക്ക് അത് അവകാശമുണ്ടെന്നുള്ള നിലയ്ക്കാണ് ഞങ്ങൾ അതു പറഞ്ഞത്. നിങ്ങളതു നിഷേധിച്ച നിലയ്ക്ക് അതൊന്ന് ഓർമ്മപ്പെടുത്തി. നാരായണൻ നായർ അജ്ഞതയെക്കുറിച്ചു വളരെയധികം അറിയാവുന്ന ആളാണല്ലോ, അതുകൊണ്ട് ഒന്നു പറഞ്ഞെന്നു മാത്രം. അപ്പോൾ ഈ അജ്ഞത നീക്കാൻ പല മാർഗ്ഗങ്ങളുണ്ട്; പി. ആർ. കുറുപ്പ് ഇവിടെ സൂചിപ്പിച്ചു. അജ്ഞതയെക്കുറിച്ചു പറഞ്ഞ ശ്രീ. കരുണാകരൻ എന്തിന്റെ അടിസ്ഥാനത്തിലാണ് വെളിയിൽ ഒന്നു പറയുകയും അസംബ്ലിയിൽ വേറൊന്നു പറയുകയും ചെയ്യുന്നത്. അതുപോലെ തന്നെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ എഴുതി കൊടുത്തിട്ടുള്ളതും പറഞ്ഞിട്ടുള്ളതുമൊക്കെ അജ്ഞതയാണോ, അറിവില്ലായ്മ ആണോ, അല്ലെങ്കിൽ വിവരമില്ലാത്തതുകൊണ്ടാണോ; എന്താണത്? ഏതായാലും അതേക്കുറിച്ചു ഹൈക്കോടതിയിൽ നടപടി എടുത്തിട്ടുണ്ട്. അപ്പോൾ അജ്ഞത അല്ലെങ്കിൽ അറിവില്ലായ്മ എന്നൊക്കെ പറയുന്നതിന് നേതൃത്വം കൊടുക്കുന്നത് പ്രതിപക്ഷ നേതാവും ഇന്ദിരാ കോൺഗ്രസ്സിന്റെ നേതാവുമായ ശ്രീ. കരുണാകരനാണ്. അദ്ദേഹത്തിന്റെ അനുയായികളായിരുന്ന നിങ്ങൾക്ക് എത്രത്തോളം അതേക്കുറിച്ചു അറിവുണ്ട്. അല്ലെങ്കിൽ ഈ വാക്കുകൾ .....

ശ്രീ. ഇ. നാരായണൻ നായർ: അദ്ദേഹത്തെ പാർട്ടി നേതാവായി തിരഞ്ഞെടുക്കാൻ നിങ്ങളും ഉണ്ടായിരുന്നോ? താങ്കൾ അദ്ദേഹത്തിന്റെ പെരിപ്പും പേറി കുറേക്കാലം നടക്കുന്നുണ്ടായിരുന്നു.

ശ്രീ. കെ. പി. വിശ്വനാഥൻ: അതിന് ആര്യാടൻ വ്യക്തമായി മറുപടി പറഞ്ഞു. ചില തെറ്റുകളൊക്കെ സംഭവിച്ചിട്ടുണ്ട്. ആ തെറ്റുകൾ തിരുത്തുന്നു. തെറ്റു പറ്റിയെന്ന് പൂർണ്ണമായി ബോദ്ധ്യമുണ്ട്, ആ തെറ്റു തിരുത്താൻ തയ്യാറുമാണ്. പക്ഷേ വ്യക്തിപരമായ പരാമർശങ്ങളിലേക്ക് കടന്നുവരുമ്പോൾ വളരെ സൂക്ഷിക്കണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

മാത്രമാണ് അഭ്യർത്ഥിക്കാനുള്ളത്. ശ്രീ. ദേവസ്സിക്കുട്ടി അദ്ദേഹത്തിന്റെ നേർച്ചക്കാളയുടെ വഴിപാട് നടത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ പലപ്പോഴും ഞങ്ങൾ മിണ്ടാതെയിരുന്നത് ഔചിത്യംകൊണ്ടു മാത്രമാണ്. അപ്പോൾ ഔചിത്യം ഞങ്ങളുടെ ബലഹീനതയായി നിങ്ങൾ വ്യാഖ്യാനിക്കുന്നത് തെറ്റാണ്. തുടങ്ങാൻ ഞങ്ങൾക്കും അറിയാം. നിങ്ങളേക്കാൾ മോശമായി പെരുമാറുന്നതിനും അതുപോലെ സംസാരിക്കുന്നതിനും ഞങ്ങൾക്കും അറിയാം. നമ്മളൊക്കെ ഒരു ക്ലാസിൽ പഠിച്ചിട്ടുള്ള ആളുകൾ എന്ന നിലയ്ക്ക് സാധിക്കുമെന്നുമാത്രം ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ബില്ലിനെ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: സർ, ആദ്യമായി നിയമപരമായി, ഈ ബില്ലിന്റെ ബലഹീനതയെ സംബന്ധിച്ച് ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ആരംഭിച്ചതു തന്നെ ലോകത്തെങ്ങും ഇതുപോലെ കരാളമായ ഒരു നിയമനിർമ്മാണത്തെ സംബന്ധിച്ച് കേട്ടിട്ടില്ല എന്നു പറഞ്ഞുകൊണ്ടാണ്; കേരള നിയമസഭയിലാണ് ഇത്തരത്തിലൊരു നിയമം ആദ്യമായി വരുന്നത് എന്നാണ്. ഇതുപോലെയുള്ള ഒരു നിയമനിർമ്മാണം നമ്മുടെ ഇൻഡ്യാ രാജ്യത്ത് മറ്റു സംസ്ഥാന നിയമസഭകളിൽ ഉണ്ടായിട്ടുണ്ടോ എന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞു തരികയാണെങ്കിൽ അതു കേട്ട് മനസ്സിലാക്കാൻ കഴിയുകയും അത് ഉപയോഗപ്രദമായിരിക്കുകയും ചെയ്യും എന്ന് കരുതിയാണ് ഞാൻ ഒരു ചോദ്യം ചോദിച്ചത്. ഒരു അഭിപ്രായ പ്രകടനം എന്നുള്ള നിലയിലല്ല. ഏതായാലും ബഹുമാനപ്പെട്ട ടി. എം. ജേക്കബ് നിയമപരമായി ഈ ബില്ലിന്റെ സാധുതയെ സ്ഥിരീകരിക്കുകയുണ്ടായി. എനിക്ക് അതു സഹായകരമായിരുന്നു. ഈ സഭയിലെ ബഹുമാനപ്പെട്ട ഒരു അംഗം ഒരു ചോദ്യം ചോദിച്ചതിനെ തുടർന്ന് ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി വെല്ലു വിളിക്കുകയുണ്ടായി; കാലനിർണ്ണയം ചെയ്യാതെ തീയതി വയ്ക്കാതെ ഒരു നിയമം ഇതിനു മുമ്പ് ഈ നിയമസഭ പാസ്സാക്കിയിട്ടില്ല, ഈ നിയമസഭയേയും ആളുകളേയും വഞ്ചിക്കുന്ന ഒരു നിയമം ആദ്യമായിട്ടാണ് ഇവിടെ അവതരിപ്പിക്കുന്നത് എന്ന്. ധാരാളം നിയമ പുസ്തകങ്ങളുടെ പിന്നിൽനിന്നുണ്ടായ ആ വെല്ലുവിളി കേട്ടപ്പോൾ വല്ല കഴമ്പും അതിൽ ഉണ്ടാകുമെന്നു കരുതി ഞാൻ മിണ്ടാതെയിരുന്നു. ബഹുമാനപ്പെട്ട ഭാസ്ക്കരൻ നായർ അനങ്ങാതെ ഇരുന്നത് എന്തുകൊണ്ട് ആണെന്ന് എനിക്കു മനസ്സിലായില്ല. എന്നാൽ ഇത്തരം നിയമനിർമ്മാണങ്ങളുടെ കാര്യം ബഹുമാനപ്പെട്ട ജേക്കബ് എടുത്ത് ഉദാഹരിക്കുമ്പോൾ ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി അദ്ദേഹത്തിന്റെ സീറ്റിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിൽനിന്നു ഒരു സംശയമെങ്കിലും ഉയർന്നില്ല. വെല്ലുവിളിച്ച ദേഹം പ്രശാന്തനായി ഇരിക്കുന്നതു കണ്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി. ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടികൂടി അംഗമായിരുന്ന നമ്മുടെ കേരള നിയമസഭ പാസ്സാക്കിയ 6 നിയമങ്ങളിലും പ്രത്യേക തീയതി വച്ചിട്ടില്ല. അതുപോലെ തന്നെ ഇതിലും പ്രത്യേക തീയതി വച്ചിട്ടില്ല. ഇത് ആളുകളെ വഞ്ചിക്കാനാണെന്നു പറയുമ്പോൾ ബഹുമാനപ്പെട്ട ഭാസ്ക്കരൻ നായർ ചോദിച്ചു ഇതൊരു ഭേദഗതി അല്ലേ; ഇങ്ങനെയുള്ള ഭേദഗതികൾ വരുമ്പോൾ തീയതി കാണിക്കേണ്ടതുണ്ടോ എന്ന്. അപ്പോഴാണ് വെല്ലുവിളി ഉയർന്നത്. ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ഈ പുസ്തകങ്ങളെല്ലാം നോക്കി മനസ്സിലാക്കുമ്പോൾ ഇത്ര സാധാരണയായുള്ള കാര്യങ്ങൾ പോലും വിസ്മരിച്ചു പോകുന്നത് എങ്ങനെയാണ്, എന്തിനാണ്

LIBRARY ARCHIVES Kerala Legislative Assembly

എന്ന് എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. ഇത്ര പരസ്യമായി, വ്യക്തമായി രേഖപ്പെടുത്തിയ കാര്യങ്ങളിൽ അതും അദ്ദേഹത്തിന്റെ കൂടി സാന്നിദ്ധ്യത്തിലുള്ളത് വിസ്മരിക്കുകയും അതിനെതിരായി വെല്ലുവിളി ഉയർത്തുകയും ചെയ്യുന്നത് എന്തു തരം മാനസിക പ്രവണതയുടെ ഫലമായിട്ടാണെന്നാണ് എനിക്ക് സത്യത്തിൽ മനസ്സിലാക്കാൻ സാധിക്കാത്തത്. അതുകൊണ്ട് അദ്ദേഹം ആദ്യം ആരംഭിച്ച എതിർപ്പ് അടിസ്ഥാന രഹിതമാണ്, അസത്യമാണ്, അബദ്ധ ജടിലമാണ്, ഒരു കാലത്തും നിൽക്കക്കള്ളിയില്ലാത്തതാണ്. ആ എതിർപ്പ് പരാജയപ്പെട്ടപ്പോഴാണ് ബഹുമാനപ്പെട്ട കുറുപ്പും നാരായണൻ നായരുമെല്ലാം മറ്റു ചില വാദഗതികളുമായി വരുന്നത്. എനിക്ക് അതിനെ സംബന്ധിച്ച് യാതൊന്നും പറയാനില്ല. നിയമ നിർമ്മാണം ചെയ്യുന്ന അവസരത്തിൽ ഇത്തരം പ്രയോഗങ്ങളും പ്രതിവചനങ്ങളും എത്രകണ്ട് ഫലപ്രദമാകുമെന്നുള്ളതിനെ സംബന്ധിച്ചും എനിക്ക് എതിരഭിപ്രായമുണ്ട്. പണ്ടുകാലത്തൊക്കെ പലതും ചെയ്തിട്ടുണ്ടെങ്കിൽ അതു മാറ്റാൻ ശ്രമിക്കുന്നത് നല്ലതാണ്. പക്ഷേ അതൊക്കെ വിളമ്പി അടുത്തുള്ള ആളുകളെയൊക്കെ അശുദ്ധമാക്കിയിട്ടു വേണമെന്ന് ഏത് ഏട്ടിലും പറഞ്ഞിട്ടില്ല. ഒന്നാംതരം ശൈലിയിൽ മറ്റുള്ളവരുടെ കാലുമാറ്റക്കാര്യങ്ങൾ വിവരിക്കാൻ കഴിവുള്ള ആളാണ് ബഹുമാനപ്പെട്ട കുറുപ്പ് എന്നു കാണുന്നു. എന്തോ? ഏതായാലും ഞാൻ പറയുന്നത് നിയമപരമായി, സാങ്കേതികമായി അസാധു എന്നു പറഞ്ഞാൽ പോലും വെല്ലു വിളികൾ നടത്തിയാൽ പോലും പരാജയപ്പെടുന്ന സ്ഥലത്ത് വിജയിക്കാൻ വേറൊരു തന്ത്രം പ്രയോഗിക്കരുത്. ഈ ബില്ലിന്റെ ഉദ്ദേശത്തെയോ ഈ ബില്ലിന്റെ നിലനിൽപ്പിനേയൊ, എതിർക്കുന്നതിൽ എനിക്ക് യാതൊരു ആക്ഷേപവുമില്ല. ശക്തിയായിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയോടുകൂടി കേൾക്കണം. ഇനിയും കേൾക്കാൻ ഒരുക്കമാണ്. പക്ഷേ എതിർക്കുന്നവർ തന്നെ എതിർക്കേണ്ട നിലയിൽ എതിർക്കാതിരുന്നാൽ അതു മോശമാണെന്നു പറയാനുള്ള ബുദ്ധിയെങ്കിലും വേണം.

ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ഇപ്പോൾ അദ്ദേഹത്തിന്റെ സീറ്റിൽ എത്തിയതിൽ സന്തോഷമുണ്ട്. ഞാൻ പറയുകയായിരുന്നു. ഒരു വെല്ലുവിളി ഉണ്ടായി; ഇത്തരം നിയമം ആദ്യമാണ് ഈ സഭയുടെ മുമ്പാകെ വരുന്നത്. നിയമം അറിയാത്ത ഇ. പി. ഗോപാലനെ വെല്ലു വിളിക്കുന്നു. നിയമം അറിയാവുന്ന ശ്രീ. ഭാസ്കരൻ നായരേയും അതിൽ പെടുത്തിയാണ് സംസാരിച്ചത്. ദേവസ്സിക്കുട്ടി നിയമം അറിയാവുന്ന ആളാണ്, വലിയ പുസ്തകങ്ങൾ മുമ്പിലുണ്ട്, സൂക്ഷിക്കേണ്ട കാര്യമാണ്. അപ്പോൾ കുറച്ചെങ്കിലും സത്യം അതിൽ കാണുമെന്നു കരുതി. ഈ നിയമസഭ തീയതി വയ്ക്കാതെ 6 ബില്ലുകൾ പാസാക്കിയപ്പോൾ ഹാജരായ ദേവസ്സിക്കുട്ടിയിൽനിന്നു തന്നെയാണ് ഈ വെല്ലുവിളി ഉടലെടുത്തത്. അതാണ് ഞാൻ പറഞ്ഞത് എന്റെ കൈവശം മരുന്നില്ല. ഒറ്റമൂലിയും ബഹുമൂലികളും എന്റെ കൈവശമില്ല. മറ്റെന്തോ മാനസിക വൈഷമ്യം ഇല്ലായിരുന്നെങ്കിൽ ദേവസ്സിക്കുട്ടിയെപ്പോലുള്ളവർ ഇതുപോലെ വെല്ലുവിളിക്കുകയില്ലായിരുന്നു എന്നേ ഞാൻ പറയുന്നുള്ളൂ.

സർ, ലോകത്ത് ഇൻഡ്യാ രാജ്യവും പെടുമെന്നും അതിൽ സംസ്ഥാനങ്ങളും പെടുമെന്നും ഞാൻ പറഞ്ഞു തരേണ്ട കാര്യമില്ല. പൂർവ്വകാല പ്രാബല്യം അടക്കം, ഈ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന അതേ വാചകങ്ങളും, അതേ വകുപ്പുകളും ഉൾപ്പെടുന്ന നിയമം മറ്റു സംസ്ഥാനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

പാസാക്കിയിട്ടുണ്ട്. എങ്കിൽപോലും ഈ നിയമത്തിലെ വകുപ്പുകൾ നിലനിൽക്കുകയില്ല, ഭരണഘടനയ്ക്ക് എതിരാണ്, കോടതി അംഗീകരിക്കുകയില്ല എന്നൊക്കെ ഈ നിയമസഭയിലെ മെമ്പർമാർക്ക് പറയാൻ പരിപൂർണ്ണമായ അവകാശമുണ്ട്. മലബാർ കുടിയായ്മ കേസുകളിൽ, പാട്ടക്കോടതികളിൽ പാവപ്പെട്ട വക്കീലൻമാർ ആദ്യം ഉപയോഗിക്കുക, ''യുവർ ഓണർ ഇത് ഭരണ ഘടനക്ക് എതിരാണ്'' എന്നാണ്. ''യുവർ ഓണർ, ഇത് ഭരണ ഘടനക്ക് എതിരാണ്'' വീണ്ടും ആവർത്തിക്കും. അതുപോലെ നിയമസഭാ സാമാജികൻമാർക്കും നേരത്തെ പറഞ്ഞതുപോലെ പറയാൻ അവകാശമുണ്ട്. ഡിസ്കാളിഫിക്കേഷൻ നീക്കുന്നത് ഭരണഘടനാ വകുപ്പുകൾ അനുസരിച്ചു നിലനിൽക്കുന്നതല്ലെന്നുപറയാം. യാതൊരു ആക്ഷേപവുമില്ല. അത്തരം എതിർപ്പുകളുടെ അർത്ഥവും മനസ്സിലാക്കാം. ഒരു പരിശോധനയുടേയും പരീക്ഷണത്തിന്റെയും ലക്ഷണമാണെന്നു അംഗീകരിക്കാം.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: അത്തരം വക്കീലൻമാരുടെ കൂട്ടത്തിൽ ബഹുമാനപ്പെട്ട വിശ്വനാഥനും പെടുമോ?

ശ്രീ. ഇ. പി. ഗോപാലൻ: ബഹുമാനപ്പെട്ട രാഘവൻ മാസ്റ്റർ ബഹുമാനപ്പെട്ട വിശ്വനാഥനോടുള്ള ചോദ്യം എന്നോടു ചോദിക്കുന്നത് ശരിയല്ല.

ഏതായാലും സർ, പ്രതിപക്ഷത്തുനിന്നു വന്ന എതിർപ്പുകളെ രണ്ടായി തരംതിരിച്ചു ഞാൻ പറഞ്ഞു. എന്റെ അഭിപ്രായത്തിൽ ഈ രണ്ടു തരം എതിർപ്പുകൾക്കും അടിസ്ഥാനമില്ല. പിന്നെ ഒരു കാര്യമുണ്ട്; പേരു വിളിക്കുന്നതു സംബന്ധിച്ചാണ്. ഇപ്പോൾ വിളിച്ച പേരിനു പുറമേ മറെറാരു പേരു വിളിച്ചാലും തരക്കേടില്ല. നിയമത്തിനിട്ട പേർ അതല്ല തന്നെ. നിയമത്തിന്റെ പേർ നിലനിൽക്കും. അതുകൊണ്ട് നിയമപരമായി ഇതു നിലനിൽക്കുന്നതാണ്. കോടതിയിൽ ചോദ്യം ചെയ്താൽ തരക്കേടില്ല. ഈ നിയമസഭ പാസാക്കിയിട്ടുള്ള ഒരുപാടു നിയമങ്ങൾ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. കോടതിയിൽ ചോദ്യം ചെയ്യപ്പെട്ട നിയമങ്ങൾ ആവശ്യമാണെന്നു കണ്ടാൽ ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ വരെ പെടുത്തിയിട്ടുണ്ട്. മാറാം വരുത്തുകയും പതിവാണ്. നിയമസഭാ സാമാജികൻമാർ സാധാരണ ഇത്തരം കാര്യങ്ങൾ പരിഗണിക്കാറുണ്ട്, പറയാറുണ്ട്. നിയമപരമായി നിലനിൽപ്പുള്ള ഒരു നിയമമാണ് ഇത്. എത്രയോ സംസ്ഥാന നിയമസഭകൾ പാസാക്കിയ മാതിരിയുള്ള ഒരു നിയമമാണ് ഇത്. ഞാൻ ഇതിനെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. പരമൻ: സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. സർ, ഗവൺമെന്റു കമ്പനികളുടേയും ഗവൺമെന്റിന്റെ നിയന്ത്രണത്തിലും ഉടമസ്ഥതയിലും ഉള്ള സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളുടേയും ചെയർമാൻ സ്ഥാനം എന്ന ഓഫീസ് ഓഫ് പ്രോഫിറ്റ് നിയമസഭാംഗങ്ങൾ വഹിക്കുകയാണെങ്കിൽ അതുമൂലം ഉണ്ടാകുന്ന അവരുടെ ഡിസ്കാളിഫിക്കേഷൻ നീക്കണമെന്ന് നിയമസഭയോട് ആവശ്യപ്പെടുന്ന ഒരു നിയമമാണ് ഇത്. ഈ നിയമസഭയിലെ അംഗങ്ങൾക്ക് ഓഫീസ് ഓഫ് പ്രോഫിറ്റ് വഹിക്കേണ്ടതായി വരും. അങ്ങനെ വഹിക്കേണ്ടതായിട്ടു വരുന്ന സന്ദർഭങ്ങളിലും ആവശ്യമായി വരുന്ന ഘട്ടങ്ങളിലും ആ ഡിസ്കാളിഫിക്കേഷൻ നീക്കുന്നതിനുള്ള അവകാശം സ്റ്റേറ്റ് നിയമസഭകൾക്ക് നൽകേണ്ടതാവശ്യമാണെന്ന് നമ്മുടെ ഭരണഘടനാ നിർമ്മാതാക്കൾക്കു ബോദ്ധ്യപ്പെട്ടതിന്റെ ഫലമായിട്ടാണ് നമ്മുടെ ഭരണഘടനയിൽ 191 (1) (എ) എന്ന ആർട്ടിക്കിൾ എഴുതിയുണ്ടാക്കിയിരിക്കുന്നത്. നമ്മുടെ ഭരണഘടനാ നിർമ്മാതാക്കളായ, നമ്മുടെ ദേശീയ നേതാക്കൻമാർ ആ ആർട്ടിക്കിൾ ഭരണഘടനയിൽ എഴുതിച്ചേർക്കുന്ന അവസരത്തിൽ ഏതെങ്കിലും ഒരു പ്രത്യേക നിയമസഭയിലെ അംഗത്തെ ഉദ്ദേശിച്ച്, അയാളെ രക്ഷിക്കേണ്ട ആവശ്യം വരുമെന്നു വിചാരിച്ച് അല്ല അവർ ഇങ്ങനെ എഴുതി ചേർത്തത്. ദൈനംദിന രാഷ്ട്രീയത്തിൽ അന്നന്നു കാണുന്ന കാര്യങ്ങളല്ല അവർ ആ ആർട്ടിക്കിൾ എഴുതിച്ചേർത്തപ്പോൾ പരിഗണിച്ചിരുന്നത്. നേരെമറിച്ച് മറ്റു രാജ്യങ്ങളിലെ ഭരണഘടനകൾ പരിശോധിച്ചും ഇൻഡ്യയിലെ ആവശ്യത്തേയും വികസനത്തേയും മറ്റും പരിഗണിച്ചും ആണ് ദേശീയ നേതാക്കൻമാരായ ദേശീയ സമര നേതാക്കൻമാർ, സ്വാതന്ത്ര്യസമര നേതാക്കൻമാർ, നമ്മുടെ ഭരണഘടനാ ശില്പികൾ ഈ ആർട്ടിക്കിൾ നമ്മുടെ ഭരണ ഘടനയിൽ എഴുതിച്ചേർത്തത്. ഈ ആർട്ടിക്കിളിന്റെ സംരക്ഷണയിൽനിന്നുകൊണ്ട് ആ അധികാരത്തോടുകൂടി ഇൻഡ്യാ രാജ്യത്തിലെ മിക്കവാറും എല്ലാ സ്റ്റേറ്റുകളിലും ഇങ്ങനെ നിയമസഭാംഗങ്ങൾക്ക് ഓഫീസ് ഓഫ് പ്രോഫിറ്റ് വഹിക്കുന്നതുമൂലം ഉണ്ടാകുന്ന ഡിസ്കാളിഫിക്കേഷൻ നീക്കിക്കൊണ്ടുള്ള നിയമങ്ങൾ മിക്കവാറും എല്ലാ സ്റ്റേറ്റ് നിയമസഭകളും ഇതിനകം പാസാക്കി കഴിഞ്ഞിട്ടുണ്ട്. അത് നമുക്ക് അറിയാവുന്നതാണ്. നിയമസഭാംഗങ്ങളുടെ ഡിസ്കാളിഫിക്കേഷൻ നീക്കുന്നതിനുള്ള അവകാശം ഭരണഘടന അനുസരിച്ച് ഗവൺമെന്റിലല്ല നിക്ഷിപ്തമാക്കിയിരിക്കുന്നത് നിയമസഭയിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത് എന്നുള്ള സംഗതി വളരെ പ്രധാനപ്പെട്ട സംഗതിയാണെന്നു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. ഓഫീസ് ഓഫ് പ്രോഫിറ്റ് ആയിട്ടുള്ള ഏതെങ്കിലുമൊരു സ്ഥാനം വഹിക്കുന്നതിന് നിയമസഭയിലെ ഒരംഗത്തിന്റെ കഴിവും സേവനവും ആവശ്യമാണെന്നു വരുന്ന സന്ദർഭത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് അതു ചെയ്തു കഴിഞ്ഞാൽ ഗവൺമെൻറുകാരുക്കു നിയമ സഭകളോടു പറയാം ഇതാ നിങ്ങളുടെ ഒരംഗത്തിൻെറ കഴിവും സേവനവും ഇന്ന ഓഫീസ് ഓഫ് പ്രോഫിറ് വഹിക്കുന്നതിനാവശ്യമാണെന്നു ഞങ്ങൾക്കു തോന്നുന്നു. അതുകൊണ്ട് , അതുമൂലം ഉണ്ടാകുന്ന ഡിസ്കാളിഫിക്കേഷൻ നിങ്ങൾ നീക്കിയിട്ടുണ്ടെങ്കിൽ അതു നന്നായി രിക്കും എന്ന്. എന്തിനു വേണ്ടിയാണ് നിയമസഭയുടെ മുമ്പിൽ വരു ന്നത്? ഒരു ഓഫീസ് ഓഫ് പ്രോഫിറിലേക്ക് ഗവൺമെൻറ് ഒരു നിയമസഭാംഗത്തെ നോമിനേറു ചെയ്യുകയാണെങ്കിൽ ആ നോമിനേഷൻെറ ഫലമായി ആ നിയമസഭാംഗത്തിന് ഗവൺമെൻറിനോടു കടപ്പാടു തോന്നുകയാണെങ്കിൽ ആ കടപ്പാടിൽനിന്നും ബാദ്ധ്യതയിൽനിന്നും ആ അംഗത്തെ വിമുക്തമാക്കുന്നതിനുള്ള അധികാരമാണ് നിയമ സഭയ്ക്ക് ഈ വകുപ്പുമൂലം കൊടുത്തിരിക്കുന്നത്. നിയമസഭാംഗ ത്തിൻെറ സർവ്വതന്ത്രസ്വാതന്ത്ര്യത്തെ രക്ഷിക്കുന്നതിനു വേണ്ടിയുള്ള അവകാശമാണ് ഈ ആർട്ടിക്കിൾ പ്രകാരം നിയമസഭയ്ക്കു കൊടുത്തി രിക്കുന്നത്. ആ വിധത്തിൽ, നേരെ ചൊവ്വേ ഈ ആർട്ടിക്കിളിനെയും നിയമത്തെയും നോക്കിക്കാണുന്ന ആളുകൾക്ക്, ഗവൺമെൻറിനു നിയമസഭാംഗങ്ങളെ ചാക്കിട്ടു പിടിക്കുന്നതിനുള്ള അവകാശമല്ല ഇതു മൂലം കൊടുത്തിരിക്കുന്നത്, നേരെമറിച്ച് നിയമസഭാംഗങ്ങളുടെ സർവ്വ തന്ത്രസ്വതന്ത്രമായ അവസ്ഥ സംരക്ഷിക്കുന്നതിനുള്ള അവകാശമാണ് കൊടുത്തിരിക്കുന്നത് എന്നു കാണാം. മറുവിധത്തിൽ പറയുക യാണെങ്കിൽ ഈ നിയമസഭയിലെ പബ്ലിക്ക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി മാത്രമല്ല ഈ നിയമസഭയിൽ അംഗമായിട്ടുള്ള എല്ലാവരും ഭരണകക്ഷി— പ്രതിപക്ഷ ഭേദം കൂടാതെ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ പ്പറ്റിയും ഗവൺമെൻറു കമ്പനികളെപ്പറ്റിയുമെല്ലാം ആക്ഷേപമുന്നയി ച്ചിട്ടുണ്ട്, അവിടത്തെ നഷ്ടത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്. അഹമഹ മികയാ നമ്മളെല്ലാവരും ആക്ഷേപമുന്നയിച്ചിട്ടുണ്ട്. ആരും അതിൽ സംതൃപ്തരല്ല. ആ അവസ്ഥയ്ക്കു വ്യത്യാസം വരുത്തണമെന്നു നമ്മളെല്ലാവരും ആഗ്രഹിക്കുന്നുണ്ട്. മന്ത്രിമാർ ഈ കാര്യത്തിൽ ശ്രദ്ധിക്കണമെന്നു നമ്മളെല്ലാവരും പറയുന്നുണ്ട്. അങ്ങനെയുള്ള ആളുകൾ പൊതുമേഖലാ സ്ഥാപനങ്ങളുടേയും ഗവൺമെൻറ് കമ്പനി കളുടേയും മറ്റും ചെയർമാൻസ്ഥാനം വഹിക്കുമ്പോൾ, അവർ ആ സ്ഥാപനങ്ങളുടെ തെറ്റുകുറ്റങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളവരായിരി ക്കുമ്പോൾ ആ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലുള്ള തെറ്റു കുറ്റങ്ങൾ പരിഹരിക്കുന്നതിൽ അവർ ജാഗ്രതയുള്ളവരായിരിക്കുമെന്ന് ഊഹിക്കുന്നതിൽ യാതൊരു തെറ്റുമില്ല. ആ തെറ്റുകുറ്റങ്ങൾ മാറ്റി അവയെ കുറ്റമറ്റതാക്കുന്നതിനുള്ള ധാർമ്മികമായ ചുമതല അവയെ വിമർശിച്ചിട്ടുള്ള നിയമസഭാംഗങ്ങൾക്കു വന്നു കൂടുന്നുണ്ട്. അതു നോക്കുമ്പോഴും ഈ ബിൽ ആവശ്യമാണ്. മാത്രമല്ല ഭരണ കക്ഷിയിൽ പ്പെട്ട അംഗങ്ങൾ ഈ വക കോർപ്പറേഷനുകളുടേയും കമ്പനികളുടേയു മെല്ലാം ചെയർമാൻസ്ഥാനം വഹിക്കുന്നതുകൊണ്ട് അഡീഷണലായി ഒരു ഗുണംകൂടി വന്നുകൂടുന്നുണ്ട്. എന്തെന്നുവച്ചാൽ അയാൾ പിന്താങ്ങുന്ന ഗവൺമെൻറിൻെറ പ്രശസ്തിയും അതിൻെറ പെർഫോർമൻസിൻെറ ഗുണവു മെല്ലാം ഈ സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി അഭേദ്യമായി ബന്ധപ്പെ ട്ടിരിക്കുന്നതുകൊണ്ട് അവയുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ അയാൾ സ്വാഭാവികമായും ശ്രമിക്കുമെന്ന് നമുക്ക് ഊഹിക്കാവുന്നതാണ്. എല്ലാ നിയമസഭാംഗങ്ങൾക്കും ഉള്ള അയോഗ്യത നീക്കുന്നതിനുവേണ്ടി യാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതെങ്കിലും ഇവിടെ ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly

കേട്ട വിമർശനങ്ങളിലും ആക്ഷേപങ്ങളിലുംനിന്ന് ഒന്ന് മനസ്സിലാക്കാൻ സാധിക്കും. അതായത് ഏതൊരു കാരണവശാലും ഏതു കാലത്തും നിയമസഭാംഗങ്ങളും ഗവൺമെൻറ് കമ്പനികളുടെ ചെയർമാൻസ്ഥാനം വഹിക്കുന്നതിനെ തത്വത്തിൽ ഞാൻ എതിർക്കുന്നു എന്ന് ആരും ഇവിടെ പറഞ്ഞില്ല. നിയമസഭാംഗങ്ങളുടെ കൃത്യാന്തരബാഹുല്യത്തിന്റെ പേരിൽ ഇത് ഒരു പക്ഷേ കാര്യക്ഷമമായി നടത്താൻ സാധിച്ചില്ലെന്നു വരും, അതു ശരിയല്ല എന്ന് ശ്രീ. രാഘവൻ മാസ്റ്റർ പറഞ്ഞു. അല്ലാതെ തത്വത്തിൽ ആരും ഇതിനെ എതിർത്തില്ല. ഈ ഗവൺമെൻറിന്റെ അവശിഷ്ട കാലത്ത് ഇനി മറ്റു വല്ലവരെയും ഗവൺമെൻറ് കമ്പനികളിൽ ചെയർമാനാക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിനേയും ആരും എതിർത്തിട്ടില്ല. ഹരിജൻ ഡെവലപ്മെൻറ് കോർപ്പറേഷന്റെ ചെയർമാനായി ദാമോദരൻ കാളാശ്ശേരിയെ വച്ചതാണ് ആർക്കും സഹിക്കാനും പൊറുക്കാനും സാധിക്കാതെ വന്നിട്ടുള്ളത്. സർ, ഇതിനു മുമ്പ് ശ്രീ. പി. രവീന്ദ്രൻ കൈത്തറി ഡെവലപ്മെൻറ് കോർപ്പറേഷന്റെ ചെയർമാനായി ഇരുന്നിട്ടുണ്ട്. കുഞ്ഞുകൃഷ്ണൻ നാടാർ കരകൗശല വികസന കോർപ്പറേഷന്റെ ചെയർമാനായി ഇരുന്നിട്ടുണ്ട്. എൻ. കെ. ബാലകൃഷ്ണൻ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ചെയർമാനായി ഇരുന്നിട്ടുണ്ട്. അതെപ്പറ്റിയൊന്നും ആർക്കും ഒരു കംപ്ലെയിൻറും ഉണ്ടായിട്ടില്ല.

ശ്രീ. എം. കെ. കൃഷ്ണൻ: ഇതിനു മുമ്പും അസംബ്ലി മെമ്പർമാർക്ക് ബോർഡിന്റെ ചെയർമാൻമാർ ആയിരിക്കാമെന്നിരിക്കേ എന്തിനാണ് ഈ ഭേദഗതി കൊണ്ടുവന്നത്?

ശ്രീ. ടി. എ. പരമൻ: പറയാം. ഞാൻ അതിലേക്കു വരികയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അവരാരും യാതൊരു റെമ്യൂനറേഷനും വാങ്ങിച്ചിരുന്നില്ലെന്നുള്ള വിവരം അറിയാമോ?

ശ്രീ. ടി. എ. പരമൻ: അറിയാം. റെമ്യൂനറേഷൻ വാങ്ങിക്കുന്നത് മാത്രമാണ് അഴിമതിക്കുള്ള സാഹചര്യം സൃഷ്ടിക്കുന്നത് എന്നുള്ള ധാരണ ശരിയാണെന്നെനിക്കു തോന്നുന്നില്ല. നമ്മുടെ സ്റ്റേറ്റിൽ അറുപതോളം ഗവൺമെൻറു കമ്പനികളും കോർപ്പറേഷനുകളും ഉണ്ട്. അവയിൽ ഒരൊറ്റ എണ്ണത്തിൽപ്പോലും ഒരു ഹരിജൻ ചെയർമാനായി ഇരുന്നിട്ടില്ല ഇതുവരെ; ഹരിജൻ ഡെവലപ്മെൻറ് കോർപ്പറേഷൻ വരുന്നതുവരെ. ഹരിജനങ്ങൾ ഗവൺമെൻറു കോർപ്പറേഷനുകളുടെ ചെയർമാൻ സ്ഥാനം വഹിക്കരുത് എന്നുള്ള അലിഖിതമായ ഒരു നിരോധനാജ്ഞ ഉള്ളതിന് ഇപ്പോഴെ വ്യതിയാനം സംഭവിച്ചിരിക്കുന്നു എന്നുള്ളതിന്റെ പേരിലാണ് ഈ എതിർപ്പെല്ലാം വരുന്നത് എന്നാണെനിക്കു തോന്നുന്നത്. ചെയർമാൻഷിപ്പിനെ സംബന്ധിച്ചാണെങ്കിൽ റെമ്യൂനറേഷനെ സംബന്ധിച്ചാണെങ്കിൽ കാളാശ്ശേരിയെ രക്ഷിക്കുന്നതിനോ അദ്ദേഹത്തിനു ഗുണം ചെയ്യുന്നതിനോ ഇങ്ങനെയൊരു ഓർഡിനൻസിന്റെ യാതൊരാവശ്യവും ഉണ്ടായിരുന്നില്ലെന്നാണെനിക്കു തോന്നുന്നത്. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തെ ചെയർമാൻ സ്ഥാനത്തേയ്ക്ക് നോമിനേറ്റ് ചെയ്തുകൊണ്ട് ആദ്യം ഉത്തരവു ഉണ്ടായത് 12.5.1978.ലാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്വാഭാവികമായി ഈ കോർപ്പറേഷന്റെ ചെയർമാൻ സ്ഥാനത്തേക്ക് ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടിയെ നിയമിച്ചിരുന്നെങ്കിൽ അത് അദ്ദേഹത്തോടു കാണിച്ച ഒരു ഇൻസൾട്ടായി മാത്രമേ കണക്കാക്കുമായിരുന്നുള്ളു എന്നാണെന്റെ ദൃഢമായ വിശ്വാസം. വേറെ വല്ല കോർപ്പറേഷനുകളിലുമായിരുന്നെങ്കിൽ അദ്ദേഹം സ്വീകരിക്കുമായിരുന്നു. ഹരിജൻ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ചെയർമാൻ സ്ഥാനം ഓഫർ ചെയ്താൽ അത് അദ്ദേഹത്തെ അപമാനിക്കലായിട്ടേ കണക്കാക്കുകയുള്ളു എന്നാണ് അറിഞ്ഞിടത്തോളം ഞാൻ വിശ്വസിക്കുന്നത്. ഒരു ഹരിജനായ ദാമോദരൻ കാളാശ്ശേരിക്ക് ഹരിജൻ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനവുമായി ബന്ധപ്പെടുന്നതിൽ സ്വാഭാവികമായും ചാരിതാർത്ഥ്യവും സന്തുഷ്ടിയും ഉണ്ടായിരിക്കും.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ബഹുമാനപ്പെട്ട ദാമോദരൻ കാളാശ്ശേരിയല്ലാതെ നമ്മുടെയിടയിൽ വളരെയധികം കഴിവുള്ള പ്രവർത്തകൻമാർ ഉണ്ടെന്നുള്ളതറിയാമോ?

ശ്രീ. ടി. എ. പരമൻ: അതു നമുക്കെല്ലാവർക്കുമുള്ള ഒരു തോന്നലാണ്, നമ്മേം മറ്റുള്ളവരേക്കാം വലുതാണെന്ന്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: എം. എൽ. എ. മാരുടെ കാര്യമല്ല പറഞ്ഞത്. കഴിവുള്ള പല പ്രവർത്തകൻമാരും പുറത്തുണ്ട്. അവരെ ഈ സ്ഥാനത്തു നിയമിക്കുന്നതല്ലേ കൂടുതൽ പ്രയോജനകരം എന്നാണ് ചോദിച്ചത്.

ശ്രീ. ടി. എ. പരമൻ: നിയമസഭാംഗങ്ങളുടെ ഡിസ്ക്വാളിഫിക്കേഷൻ നീക്കുന്നതിനുള്ള ബില്ലാണിത്. ദാമോദരൻ കാളാശ്ശേരിയെ ഈ കോർപ്പറേഷന്റെ പ്രവർത്തനവുമായി ബന്ധപ്പെടുത്താൻ കൊള്ളാം എന്നുള്ള ഒരഭിപ്രായമാണുള്ളത്.

ശ്രീ. എം. കെ. കൃഷ്ണൻ: ആരെയും രക്ഷിക്കാൻ വേണ്ടിയല്ല ഈ നിയമം കൊണ്ടുവന്നതെന്നു പറഞ്ഞു. കൊണ്ടുവന്നിട്ടുള്ള ഓർഡിനൻസ് അനാവശ്യമായിട്ടുള്ളതാണ്. അനാവശ്യമായിട്ടുള്ള ഓർഡിനൻസാണെങ്കിൽ അനാവശ്യമായ ഓർഡിനൻസ് നിയമമാക്കുന്നതിന് ബില്ല് വേണമോ? ഏതെങ്കിലും കോർപ്പറേഷനിൽ കഴിവുള്ള എം. എൽ. എ. മാരായ ആളുകളെ ചെയർമാൻമാരായി വയ്ക്കുന്നതിന് ഈ സഭയ്ക്കുള്ള അധികാരം ഉപയോഗിച്ച് ചെയ്താൽ പോരായിരുന്നോ? ഇങ്ങനെ ഒരു ഓർഡിനൻസ് കൊണ്ടുവന്ന് അതു നിയമമാക്കുന്നതിന് ബാലിശമായി ഈ സഭയിൽ വന്നത് എന്തുകൊണ്ടാണ്?

ശ്രീ. ടി. എ. പരമൻ: ഗവൺമെന്റ് ബില്ല് കൊണ്ടുവരുന്നത് അവർക്കു കിട്ടുന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ്. ആ ഉപദേശം തെറ്റാകാം, ശരിയാകാം. ഈ കാര്യത്തിൽ ഓർഡിനൻസിന്റേയും ബില്ലിന്റേയും ആവശ്യം ഇല്ലായിരുന്നു എന്നതാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. എനിക്കു നീയമപരമായി തോന്നിയിട്ടുള്ള അഭിപ്രായവും അതാണ്.

LIBRARY ARCHIVES Kerala Legislative Assembly

12.5.1978-ൽ 500 ഉറുപ്പിക റെമ്യൂനറേഷൻ കൊടുത്തു ശ്രീ. കാളാശ്ശേരിയെ ചെയർമാനായി നോമിനേറ്റു ചെയ്തുകൊണ്ട് ഉത്തരവുണ്ടായി. ആ റെമ്യൂനറേഷൻ സ്വീകരിച്ചുകൊണ്ടു ചെയർമാനായി ഇരിക്കാൻ അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. അതുവച്ച് പിന്നീട് 22.5.1978-ൽ വേറൊരു ഉത്തരവുണ്ടായി. അഞ്ഞൂറുറുപ്പിക റെമ്യൂനറേഷൻ എന്നുള്ളത് ഡിലീറ്റു ചെയ്തുകൊണ്ട് ടി. എ. യും ഡി. എ. യും അനുവദിച്ചുകൊണ്ടുള്ള പുതിയ ജി. ഒ. ഉണ്ടായി. ആ ജി. ഒ. ഉണ്ടായതിനുശേഷം മാത്രമാണ് ശ്രീ. രാമോദരൻ കാളാശ്ശേരി അവിടെ ചെന്ന് ചാർജ് എടുക്കുന്നത്.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ആദ്യത്തെ നിയമനം റദ്ദായിപ്പോയതിനാൽ അല്ലേ രണ്ടാമത്തെ നിയമനോത്തരവ് പുറപ്പെടുവിച്ചത്?

ശ്രീ. ടി. എ. പരമൻ: ആദ്യത്തെ നിയമനോത്തരവ് കാളാശ്ശേരിക്ക് സ്വീകാര്യമായിരുന്നില്ല. അഞ്ഞൂറു ഉറുപ്പിക റെമ്യൂനറേഷൻ വേണ്ട. അതു മാറണമെന്ന് ആവശ്യപ്പെട്ടു. അതിനെത്തുടർന്നു രണ്ടാമതു വേറൊരു നിയമനോത്തരവ് വന്നു. ഇപ്പോഴും ഓർഡിനൻസിന്റെ കോപ്പിയുംകൊണ്ട് വാസുദേവൻ നായർ ഗവർണ്ണറുടെ അടുത്തു പോയി. അദ്ദേഹം കുളിച്ചിരുന്നോ പല്ലു തേച്ചിരുന്നോ നിക്കറോ ബനിയനോ ഇട്ടിട്ടുണ്ടായിരുന്നോ എന്നും തിരഞ്ഞു പിടിച്ച് കണ്ടുപിടിച്ച് ഇവിടെ കൊണ്ടുവന്ന ശ്രീ. ദേവസ്സിക്കുട്ടി അദ്ദേഹത്തിന് അറിയാവുന്ന വസ്തുതകളും വച്ചുകൊണ്ട് അദ്ദേഹം ഇവിടെ പറഞ്ഞു എന്നാണ് എനിക്കു തോന്നുന്നത്. അങ്ങനെ ഇരിക്കുമ്പോഴും 22.ാം തീയതി അത് ഡിസ്ക്വാളിഫിക്കേഷൻ അല്ലായെന്നു സുപ്രീംകോടതി വിധി ഉണ്ടായി. ആ നിലയ്ക്ക് ഇങ്ങനെയുള്ള ഓർഡിനൻസിന്റേയും ബില്ലിന്റേയും ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. ആ നിലയ്ക്ക് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് കിട്ടിയിട്ടുള്ള നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ഇങ്ങനെ ചെയ്തതെന്നു ഞാൻ വിചാരിക്കുന്നു. പിന്നെ മുൻകാല പ്രാബല്യത്തോടുകൂടി കൊണ്ടുവന്നതിനെക്കുറിച്ച് ശ്രീ. ടി. എം. ജേക്കബും മറ്റും പറഞ്ഞു. ശ്രീ. ടി. എം. ജേക്കബ് ഇവിടെ പറഞ്ഞു,

'It seems that there is a settled legislative practice to make validation laws. It is also well-recognised that Parliament and the legislatures of State can make their laws operate retrospectively. Any law that can be made prospectively may be made with retrospective operation except that certain kinds of laws cannot operate retrospectively. This is one of them.' അങ്ങനെയുള്ള ഒരു നിയമമല്ല. അതുപോലെ അങ്ങനെയുള്ള റിട്രോസ്പെക്റ്റീവ് ഇഫക്റ്റ് വച്ചു പാസായിട്ടുള്ള നിയമങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും ഏറ്റവും ഒടുവിൽ ഉള്ളതുമായത്

Smt. Indira Gandhi Vs. Shri Raj Narayanan

എന്ന കേസ് ആണെന്ന് നമുക്കെല്ലാവർക്കും അറിയാം. അവരുടെ തിരഞ്ഞെടുപ്പു ഫലം അലഹബാദ് ഹൈക്കോടതി റദ്ദാക്കിയതിനെ തുടർന്ന് ഭരണഘടന മാറ്റിയെഴുതിയതിന്റെ പേരിലാണ് അലഹബാദ്

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതി വിധിയിൽനിന്ന് അവർക്കു രക്ഷപ്പെട്ടു പോകാൻ സാധിച്ചത് എന്നു നമുക്കെല്ലാവർക്കും അറിവുള്ള സംഗതിയാണ്. അപ്പോഴാണ് ഇന്ദിരാകോൺഗ്രസ്സുകാരെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അവർ ഇതിനെ ഒപ്പോസ് ചെയ്യാൻ പാടില്ല. മറ്റുള്ളവർ ഈ കാര്യങ്ങൾ സൈറ്റ് ചെയ്താൽ ഒരു ഓക്യുവേഡ് സിറ്റുവേഷൻ അവർക്കുണ്ടാകുന്നു.

ശ്രീ. പി. പി. എസ്തോസ്: ഇന്ദിരാഗാന്ധി കൊണ്ടുവന്ന അതേ നിയമനടപടികളും ഈ ഗവൺമെന്റ് കൊണ്ടുവന്നതുകൊണ്ട് ഇന്ദിരാഗാന്ധിയുടെ നയപരിപാടികളും തുടരുന്ന ഗവൺമെന്റാണ് ഇത് എന്ന് ഉറപ്പിക്കാമോ?

ശ്രീ. ടി. എ. പരമൻ: എനിക്ക് അതിൽ തർക്കം ഇല്ല. ഇവിടെ പറയുന്നത് റിട്രോസ്പെക്റ്റീവ് ഇഫക്റ്റ് വച്ച് ഒരു നിയമം കൊണ്ടു വരുന്നുവെന്നത് സുപ്രീംകോടതിപോലും അംഗീകരിച്ചിരിക്കുന്നതാണ്. അതിൽ ഒരു എക്സ്ട്രീം കേസ് ആണ് ഇന്ദിരാഗാന്ധിയുടെ കേസ് എന്നേ ഉള്ളു. ആ പ്രിൻസിപ്പലിന്റെ അടിസ്ഥാനത്തിലുള്ള എക്സ്ട്രീം ഇലസ്ട്രേഷൻ ആണ് ഇന്ദിരാഗാന്ധിയുടെ കേസ് എന്നേ ഇവിടെ പറഞ്ഞുള്ളു. അതുകൊണ്ട് ഈ ബില്ലിനെ ഒരിക്കൽ കൂടി ഞാൻ പിന്താങ്ങുന്നു.

ശ്രീ. സി. വാസുദേവമേനോൻ: സർ, ഇവിടെ എം. എൽ. എ. മാർ കോർപ്പറേഷനുകളിലോ കമ്പനികളിലോ ചെയർമാൻമാരാകുന്നത് മഹാപാപമാണെന്ന അഭിപ്രായം എനിക്കില്ല. അതുപോലെ തന്നെ കോർപ്പറേഷനുകളുടെ നിയമനങ്ങളിലെല്ലാം ചെയർമാൻമാർ എം. എൽ. എ. മാർ മാത്രമാകണമെന്ന അഭിപ്രായവും എനിക്കില്ല. അങ്ങനെ ഒരു എം. എൽ. എ. ചെയർമാൻ ആകുന്നത് അയോഗ്യത ആണെന്നു പറഞ്ഞ് എതിർക്കുന്നതിലും ഞാൻ കുറ്റം കാണുന്നില്ല. പക്ഷേ ഓർഡിനൻസ് നിയമമാക്കാൻ കൊണ്ടുവന്നിരിക്കുന്ന ഈ ബില്ല് പ്രത്യേകിച്ച് 1977-ൽ ആണ് ഇത്തരത്തിൽ ഒരു നിയമം കൊണ്ടുവന്നിരുന്നതെങ്കിൽ അതു മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. പ്രത്യേകിച്ചും മുഖ്യമന്ത്രിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. സത്യസന്ധമായി പറഞ്ഞിരുന്നുവെങ്കിൽ ഞങ്ങൾക്ക് അംഗീകരിക്കാമായിരുന്നു. പല കക്ഷികളും ഉണ്ട്. ഇങ്ങനെയൊക്കെ ചില കാര്യങ്ങൾ ചെയ്യേണ്ടതായി വരും, ഇത്തരത്തിലുള്ള ഗതികേട് ഉണ്ടെന്നു സത്യസന്ധമായി ഇവിടെ പറഞ്ഞിരുന്നുവെങ്കിൽ ആ സത്യസന്ധതയേയും ധീരതയേയും തീർച്ചയായും സ്വാഗതം ചെയ്യുമായിരുന്നു.

ക്രിമിനൽ വക്കീലൻമാരെപ്പോലെ ഭരണഘടനയും നിയമത്തിന്റെ വകുപ്പുകളും ഹൈക്കോടതി വിധികളും എല്ലാം ഉദ്ധരിച്ചാണ് പ്രസംഗിക്കുന്നതു കേട്ടത്. അതുപോലെ തന്നെ ശ്രീ. ഇ. പി. ഗോപാലനും പറഞ്ഞു. അദ്ദേഹം ഞങ്ങളുടെ പഴയ നേതാവായതുകൊണ്ടു പറയുകയാണ്. എത്ര വാചാലമായിട്ടാണ് അദ്ദേഹം പ്രസംഗിച്ചത്. ശ്രീമാൻ ജേക്കബിന്റെ വാദം കേട്ടതോടുകൂടി നിയമപരമായിട്ടു ബോദ്ധ്യം വന്നിരിക്കുന്നു എന്നാണ് അദ്ദേഹം പ്രസംഗിച്ചത്. അല്ലാതെ ബില്ലിനെ ന്യായീകരിക്കാനല്ല അദ്ദേഹം ശ്രമിച്ചത്. നിയമവിദഗ്ദ്ധൻമാർ പരിശോധിച്ചിട്ടുണ്ടെന്ന് അറിയാം. നിയമം പാസാക്കിയാലും അവസാനമായി

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കുവാൻ കോടതിയുണ്ട്. അവർ പരിശോധിക്കും. പക്ഷേ പൊതുജനങ്ങളുടെയിടയിൽ ഉയർന്നു വന്നിട്ടുള്ള ആക്ഷേപങ്ങൾക്ക്, പ്രത്യേകിച്ചും രാഷ്ട്രീയമായ അഴിമതികളെക്കുറിച്ചുള്ള ആക്ഷേപങ്ങൾക്കു മറുപടി പറയാൻ സാധിക്കണമായിരുന്നു. ക്രിമിനൽ വാദങ്ങൾകൊണ്ട് വാസ്തവത്തിൽ ജനങ്ങളെയാണു വാദിച്ചു തോൽപ്പിക്കാൻ ശ്രമിക്കുന്നത്. ഇവിടെ ഒരു എം. എൽ. എ. ഒരു കോർപ്പറേഷന്റെ ചെയർമാനാകുന്നു. ഗവൺമെന്റിൽനിന്നു പ്രതിഫലം കിട്ടുന്നു. അപ്പോൾ സാമാജികത്വം നഷ്ടപ്പെടുന്നു എന്ന സ്ഥിതി വരും. കോടതിയിൽ വരും. ആ സന്ദർഭത്തിലാണ് ആർഡിനൻസ് ഇവിടെ കൊണ്ടു വരുന്നത്. ഈ പാരമ്പര്യം, ഈ കീഴ്വഴക്കം തുടരുന്നത് ശ്രീ. വാസുദേവൻ നായരുടെ പാർട്ടിക്കായാലും ശരി, സംശുദ്ധമായ രാഷ്ട്രീയ പ്രവർത്തനം അല്ലെങ്കിൽ ആദർശം, നന്മ, ഇതെല്ലാം ഉണ്ടായിരിക്കണമെന്നു വിശ്വസിക്കുന്ന മറ്റു കക്ഷികളും ഭരണകക്ഷിയിലുണ്ടെങ്കിൽ അവർക്കായാലും ശരി ന്യായീകരിക്കാൻ കഴിയുകയില്ല. ഇതെല്ലാം ന്യായമാണെന്നോ ശരിയാണെന്നോ ഇങ്ങനെ തന്നെയാണു കീഴ്വഴക്കങ്ങൾ സൃഷ്ടിക്കേണ്ടതെന്നോ അവർക്കാർക്കും അഭിപ്രായമുണ്ടാകുമെന്നു തോന്നുന്നില്ല. അതുകൊണ്ട് ജനങ്ങളെ അറിയിക്കാൻ വേണ്ടിയെങ്കിലും സത്യസന്ധമായിട്ട്, ഇങ്ങനെയൊരു ഗതികേടു വന്നതു കൊണ്ടാണെന്നു പറയണം. പല കക്ഷികളും ഉണ്ട്. കാളാശ്ശേരിയെ ഇങ്ങോട്ടു ക്ഷണിക്കുന്നുണ്ട്. കാളാശ്ശേരി ഒരുപക്ഷേ പോയേക്കും, അതുകൊണ്ട് കാളാശ്ശേരിയെ ആൻറണിയുടെ കക്ഷിയിൽ പിടിച്ചു നിർത്താൻവേണ്ടി ഇതു ചെയ്യണം എന്നു സത്യസന്ധമായി പറഞ്ഞാൽ ഒരു കുഴപ്പവും ഉണ്ടാകാൻ പോകുന്നില്ല. അങ്ങനെ പറഞ്ഞ് അത്തരം ഒരു പാരമ്പര്യം സൃഷ്ടിച്ചു കൂടേ? ഇ. പി. യെ സംബന്ധിച്ച് ശ്രീമാൻ കുറുപ്പു പറഞ്ഞതു പോലെയാണെന്നു ഞാൻ പറയുന്നില്ല, എങ്കിലും ബി. എ. ബി. എൽ. കാരൻ പറഞ്ഞാൽ അതൊക്കെ ശരിയാണെന്നുള്ള രീതിയിൽ ബി. എ. ബി. എൽ. കാരൻ പറയുന്നതു മുഴുവൻ പിൻതുടരുന്നതു ശരിയല്ല എന്നാണ് എനിക്കു പറയാനുള്ളത്. പ്രത്യേകിച്ചും രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കൈകാര്യം ചെയ്യുന്ന ആളുകൾ അതു ചെയ്തുകൂടാ.

ആരെയും രക്ഷിക്കാനല്ല, കാളാശ്ശേരിയെ മാത്രം ഉദ്ദേശിച്ചു കൊണ്ടല്ല, പണ്ടും ഇങ്ങനെ ചെയ്തിട്ടുണ്ട് എന്ന് ഇവിടെ പറഞ്ഞു. എഞ്ചിനീയറിംഗ് കോളേജിന്റെ പ്രിൻസിപ്പൽ ആയിരുന്ന ആളിന്റെ സേവനം പ്ലാനിംഗ് ബോർഡിനു കിട്ടാൻവേണ്ടി ചെയ്തിട്ടുണ്ട്. സത്യസന്ധമായി തുറന്നു പറഞ്ഞുകൊണ്ട് അദ്ദേഹത്തെ പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനാക്കി. അതുപോലെ അദ്ധ്യാപകർ നിയമസഭാംഗമാകുന്നതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ അവർക്ക് അയോഗ്യത നീക്കാൻ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. ഇനിയും ഇതുപോലെ എം. എൽ. എ. മാരാകുന്നതു കൊണ്ട് അയോഗ്യത ഉണ്ടാകണമെന്ന് അഭിപ്രായമില്ല. ജനങ്ങളെയും നിയമസഭയേയും സത്യസന്ധമായി കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തിയിട്ടു ചെയ്യുന്നതിൽ ആക്ഷേപമില്ല. പക്ഷേ ഇത് രാഷ്ട്രീയമായ അഴിമതിയാണ്. ഒരംഗം നഷ്ടപ്പെട്ടാൽ മൂരിപക്ഷം കുറയുകയില്ലെന്നാണു പറയുന്നത്. എന്നു മാത്രമല്ല അങ്ങേയറ്റത്തെ ബഹുജനപിന്തുണയുണ്ടെന്നുമാണു വാദിക്കുന്നത്. അപ്പോൾ ഡിസ്ക്വാളിഫൈ ചെയ്തു പോകുകയാണെങ്കിൽത്തന്നെ വീണ്ടും മൽസരിക്കാം. 77-ലെ പാരമ്പര്യം ഉൾക്കൊള്ളുന്ന ഗവൺമെന്റല്ല എന്നു ബോദ്ധ്യപ്പെടുത്തുകയെങ്കിലും ചെയ്യണമായിരുന്നു. ഈ ബിൽ ഇവിടെ അവതരിപ്പിച്ചു പാസാക്കുന്നതിനു കുറെയെങ്കിലും ചങ്കൂറ്റം ഉണ്ടാകുന്നത

LIBRARY ARCHIVES, Kerala Legislative Assembly

ഈ ബില്ലിനെ ഇന്ദിരാ കോൺഗ്രസ്സുകാർ എതിർക്കുന്നു എന്നുള്ളതു കൊണ്ടാണ്. ഇതിനെ ന്യായീകരിക്കാൻ അതാണ് ശക്തി നൽകിയിട്ടുള്ളത്. പക്ഷേ ആ പാരമ്പര്യം വച്ചുകൊണ്ടാണ് ഇതു ചെയ്തിട്ടുള്ളത്. ഈ രാജ്യത്തേയും ജനാധിപത്യത്തേയും അതിന്റെ മൂല്യങ്ങളേയും ചവിട്ടിത്തേച്ച പാരമ്പര്യമായിരുന്നു അത് എന്നുള്ളതിൽ സംശയമില്ല. അലഹബാദ് ഹൈക്കോടതി വിധിയെത്തുടർന്ന് റിട്രോസ്പെക്റ്റീവ് ഇഫക്റ്റു വച്ച് ഭരണഘടന ഭേദഗതി ചെയ്തില്ലേ എന്നെല്ലാം ന്യായം പറഞ്ഞ് അതിന്റെ കാൽപ്പാടുകൾ തന്നെ പിന്തുടരുന്നത് ഇടതുപക്ഷജനാധിപത്യഗവൺമെന്റെന്നു പറഞ്ഞു വീമ്പിളക്കുന്ന ഒരു ഗവൺമെന്റിനു ഭൂഷണമല്ല. അതുകൊണ്ടു ഇത്തരത്തിലുള്ള ഡിസ്കാളിഫിക്കേഷനെപ്പറ്റി പ്രായോഗികമായിട്ടുള്ള വകുപ്പുകൾ ചേർക്കുന്നതിനു വേണ്ടി ഒന്നുകിൽ ഇതു പൊതുജനാഭിപ്രായത്തിന് അയക്കണം; അല്ലെങ്കിൽ ഇനിയും വകുപ്പുകൾ പരിശോധിക്കാൻ ഇതു സെലക്റ്റു കമ്മിറ്റിയ്ക്ക് അയക്കണം. കാളാശ്ശേരിയെ രക്ഷിക്കാനുദ്ദേശിച്ചതല്ലെന്നു വ്യക്തമായിട്ടും ബോദ്ധ്യപ്പെടുമെങ്കിൽ ഇപ്പോൾ തന്നെ പാസാക്കണമെന്നു നിർബന്ധം പിടിക്കാതിരിക്കുകയാണു വേണ്ടത്. അതിനെങ്കിലും സത്യസന്ധത കാണിച്ചാൽ രാഷ്ട്രീയമായ അഴിമതി ഇല്ലെന്നുള്ളതിന് നിങ്ങൾ പറയുന്ന ന്യായം പൊതുജനങ്ങൾക്കു ബോദ്ധ്യപ്പെടും. അല്ലെങ്കിൽ 75-76-ലെ പാരമ്പര്യം ചെറിയ തോതിലെങ്കിലും പിന്തുടരുകയാണെന്നു പറയേണ്ടി വരും. ഏതു ഗവൺമെന്റ് ആയാലും ശരി പൊതുജനങ്ങളുടെയിടയിൽ അങ്ങേയറ്റത്തെ ചീത്ത അഭിപ്രായം ഉണ്ടാകാൻ മാത്രമേ ഇതു സഹായിക്കുകയുള്ളൂ. ഇത്തരത്തിൽ ഈ നിയമം പാസാക്കി എടുക്കരുത്. അതുകൊണ്ട് ഇതു പൊതുജനാഭിപ്രായത്തിന് അയക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ആർഡിനൻസ് നിയമമാക്കാൻ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ അനുകൂലിക്കാൻ നിർവ്വാഹമില്ലാത്തതിൽ ഖേദമുണ്ട്. അനുകൂലിക്കാത്തവരൊക്കെ ഈ രാജ്യത്തു ഹരിജനങ്ങൾക്കെതിരാണെന്നും ഹരിജനങ്ങളെ രക്ഷിക്കാൻ വേണ്ടിയാണ് ഇങ്ങനെ ഒരു നിയമം കൊണ്ടുവന്നിരിക്കുന്നതെന്നും മറ്റുമുള്ള ഭാഷ ഈ നിയമസഭയിലെ ചില സുഹൃത്തുക്കൾ ഉപയോഗിച്ചതു വളരെ ഖേദകരമായിപ്പോയി. സർ, ഹരിജനങ്ങളെ സംരക്ഷിക്കാൻവേണ്ടി ഇവിടെ പാസാക്കിയ പല നിയമങ്ങളും വെളിച്ചം കാണാതെ കിടക്കുന്ന വസ്തുത ഇന്നു ചോദ്യോത്തര വേളയിൽ സഭയുടെ ഉള്ളിൽത്തന്നെ മുഴങ്ങിക്കേട്ടശേഷം മണിക്കുറുകൾക്കുള്ളിൽ ഇത് ഈ രാജ്യത്തെ മുഴുവൻ ഹരിജനങ്ങളേയും രക്ഷിക്കാനാണ്, ആ സംരക്ഷണമാണ് കാളാശ്ശേരിയെ ഒരു കോർപ്പറേഷന്റെ ചെയർമാനാക്കി നിയമിച്ചതുമൂലം ഉണ്ടായിരിക്കുന്നത് എന്നൊക്കെ പറയുന്നത് ശുദ്ധമായ അബദ്ധമാണ്. ഞങ്ങളാരും ഹരിജനങ്ങൾക്ക് എതിരൊന്നുമല്ല. ഈ രാജ്യത്തു കാളാശ്ശേരി ദാമോദരൻ മാത്രമാണ് ഒരു ഹരിജൻ എന്നും അദ്ദേഹത്തിനു മാത്രമേ ഇതിനുള്ള യോഗ്യതയുള്ളൂ എന്നും ഉള്ള വാദഗതികളൊന്നും ഞങ്ങൾ അംഗീകരിക്കുന്നില്ല. ഇത്ര തിടുക്കത്തിൽ ഇതു കൊണ്ടുവന്നത് എന്തിനായിരുന്നു? 1978-ൽ ഡിസംബർ 30 -ാം തീയതി തിരഞ്ഞെടുപ്പു കമ്മീഷൻ ശ്രീമാൻ ശങ്കർ നടത്താൻ തീരുമാനിച്ചിരുന്ന, ശ്രീമാൻ കാളാശ്ശേരിയുടെ ഡിസ്കാളിഫിക്കേഷൻ സംബന്ധിച്ചുള്ള അവസാനവാദം കേൾക്കലും അവസാന തീരുമാനമെടുക്കലും നടക്കുന്നതിന്റെ തലേ ദിവസം അർദ്ധ രാത്രിയിൽ വളരെ ധൃതിപിടിച്ച് ഇങ്ങനെ ഒരു നിയമമുണ്ടാക്കി

LIBRARY ARCHIVES Kerala Legislative Assembly

ഗവർണ്ണറെക്കൊണ്ട് ആർഡിനൻസാക്കി അതു മുഖ്യ തിരഞ്ഞെടുപ്പു കമ്മീഷന്റെ മുമ്പിൽ ഹാജരാക്കി ഇങ്ങനെ ഒരു കോടതി വിധി വരുന്നതു വരെ അദ്ദേഹത്തിന്റെ തീരുമാനം മാറ്റി വയ്പിക്കാൻ കാണിച്ച വ്യഗ്രത യേയും അതിലെ മനോഭാവത്തേയുമാണ് ഞങ്ങൾ എതിർക്കുന്നത്. ശ്രീമാൻ കാളാശ്ശേരി ദാമോദരൻ ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ട ആളാണ്. പക്ഷേ അദ്ദേഹം ഹരിജനാണോ എന്നെനിക്കറിഞ്ഞു കൂടാ. ഹരിജൻ എന്നു പറയുന്നതിൽ ഈ രാജ്യത്ത് അദ്ദേഹത്തിന്റെ സമുദായം പെടുമോ എന്നെനിക്കിപ്പോഴും സംശയമുണ്ട്. ഷെഡ്യൂൾഡ് കാസ്റ്റ് ഒക്കെ ഹരിജനാണെന്ന് അംഗീകരിക്കുമെങ്കിൽ അദ്ദേഹവും ഹരിജനാണെന്ന് അംഗീകരിക്കാം. അദ്ദേഹം ഹരിജനാണോ എന്നെനിക്കറിഞ്ഞു കൂടാ. ഹരിജനങ്ങൾ പറയുന്നത് അദ്ദേഹം ഹരിജനല്ല, അദ്ദേഹം ഷെഡ്യൂൾഡ് കാസ്റ്റ് ആണെന്നാണ്. അപ്പോൾ ഹരിജനങ്ങളുടെ പേരിൽ ഇതൊക്കെ പറയുന്നത് അർത്ഥശൂന്യമാണ്. സർ, ശ്രീമാൻ കാളാശ്ശേരിയെ ഇരുത്താനും കൊണ്ടുപോകാനും ശ്രമിക്കുന്നവരുടെ കൂട്ടത്തിൽ ഞങ്ങൾ ഇല്ലാത്തതുകൊണ്ട് ഞങ്ങൾക്ക് അതിലൊന്നും താൽപ്പര്യമില്ല. ശ്രീ. ദേവസ്സിക്കുട്ടിയുടെ എതിർപ്പിലോ ശ്രീ. ഇ. പി. ഗോപാലന്റെ അനുകൂലത്തിനോ ശ്രീ. നാരായണൻ നായരുടെ അഭിപ്രായത്തിലോ ഞങ്ങൾക്ക് വലിയ കാര്യമില്ല. ഞങ്ങൾ അവിടെയല്ല നിൽക്കുന്നത്. ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ശ്രീ. എം. കെ. എ. ഹമീദിനെ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാൻ ആക്കിയതിനെപ്പറ്റിയെല്ലാം ഇവിടെ പറഞ്ഞു. അതും ഇതും തമ്മിൽ ബന്ധപ്പെടുത്തുന്നത് ശരിയല്ല. അദ്ദേഹം എഞ്ചിനീയറിംഗിലും മറ്റും വൈദഗ്ദ്ധ്യമുള്ള ആളായിരുന്നു. ഒരു എം. എൽ. എ. ആയതുകൊണ്ട് അദ്ദേഹത്തിന്റെ സേവനം പ്ലാനിംഗ് ബോർഡിന് നഷ്ടപ്പെടുന്നത് ശരിയല്ല. ഇവിടെ ശ്രീ. കുഞ്ഞുകൃഷ്ണൻ നാടാരും ശ്രീ. രവീന്ദ്രനുമെല്ലാം ചില കോർപ്പറേഷനുകളുടെയും ബോർഡുകളുടേയുമെല്ലാം ചെയർമാൻമാർ ആയിരുന്നു എന്ന് പറഞ്ഞു. ശ്രീ. പരമൻ കേസ് വാദിച്ചപ്പോഴും ജയിക്കാനായിരിക്കുമെന്നു ഞാൻ വിചാരിച്ചു. പക്ഷേ അദ്ദേഹം കേസ് വാദിച്ച് തോറ്റുശുപായി. ശ്രീമാൻ കാളാശ്ശേരിക്ക് ഇവിടത്തെ ഹരിജൻ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ചെയർമാൻസ്ഥാനം ഓഫർ ചെയ്തു. അത് അദ്ദേഹം അംഗീകരിച്ചുകൊണ്ട് കത്ത് കൊടുത്തു. കത്തിൻപ്രകാരം ഗവൺമെന്റ് അദ്ദേഹത്തെ ഇതിന്റെ ചെയർമാനായി നിയമിച്ചതിൽ റെമ്യൂനറേഷൻ ഉൾപ്പെടെയുള്ള വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിരുന്നു. അതനുസരിച്ച് അദ്ദേഹം ചാർജ് എടുത്തു. പിന്നീട് ശമ്പളം വേണ്ടെന്ന് പറയുന്നതിനെപ്പറ്റിയുള്ള പ്രശ്നം മുഖ്യതിരഞ്ഞെടുപ്പു കമ്മീഷന്റെ മുമ്പിലും സംസ്ഥാന ഹൈക്കോടതിയുടെ മുമ്പിലും വന്നു. അദ്ദേഹത്തിനു വേണ്ടി തന്നെയാണ് ഈ നിയമം കൊണ്ടു വന്നത്. അദ്ദേഹംകൂടി ഉൾക്കൊള്ളുന്ന ക്യാബിനറ്റാണല്ലോ നമ്മുടെ രാജ്യത്ത് നിയമനിർമ്മാണങ്ങൾക്ക് അന്തിമമായ അംഗീകാരം കൊടുക്കേണ്ടത്. കാളാശ്ശേരികൂടി ഉൾക്കൊള്ളുന്ന ഒരു നിയമത്തിന് അദ്ദേഹം കൂടി ഉൾക്കൊള്ളുന്ന ഒരു ക്യാബിനറ്റ് അവസാന തീരുമാനമെടുത്തെന്നു പറയുന്നതുതന്നെ നീതിരഹിതമാണ്. ഏറ്റവും അടിസ്ഥാന ലെവലിലുള്ള ഘടകം പഞ്ചായത്താണ്. പഞ്ചായത്ത് ആക്റ്റിൽപ്പോലും ഒരു പഞ്ചായത്ത് മെമ്പറെ ബാധിക്കുന്ന ഒരു പ്രശ്നം പഞ്ചായത്ത് കമ്മിറ്റി പരിഗണിക്കുമ്പോൾ ആ പഞ്ചായത്ത് മെമ്പറുടെ അസാന്നിധ്യം വേണമെന്നു പറയുന്നുണ്ട്. പക്ഷേ ഈ ക്യാബിനറ്റിന്റെ യോഗത്തിൽ എന്റെ അറിവിൽ പെട്ടിടത്തോളം ശ്രീമാൻ കാളാശ്ശേരി ഉൾപ്പെടെ ഉള്ളവർ ഇരുന്നുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അതിന് അനുകൂലമായ ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് ഗവർണ്ണറെ ഉപദേശിച്ചതെന്നു പറയുന്ന അധാർമ്മികമായ പ്രവർത്തനം ഈ നിയമത്തെ സംബന്ധിച്ചിടത്തോളം ഉണ്ടായിരിക്കുകയാണ്.

സർ, ഇവിടെ ഇന്ദിരാഗാന്ധി എന്തെല്ലാം ചെയ്തെന്ന് പറയുകയുണ്ടായി. ഇന്ദിരാഗാന്ധി എന്തെല്ലാം ചെയ്തെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്. അതെല്ലാം അംഗീകരിച്ചുകൊടുക്കാൻ സാധിക്കുകയില്ല. 42-ാമത് ഭരണഘടന ഭേദഗതി ബില്ലിൽ പ്രത്യേകമായി എടുത്തു പറയാത്ത സ്ഥാനങ്ങളിലേക്കുള്ളതെല്ലാം സാധുവായിരിക്കണമെന്ന് പറയുകയും ചെയ്തു. ഇന്നത് ഡിസ്കാളിഫിക്കേഷൻ ഉണ്ടെന്ന് എടുത്തു പറയാത്തിടത്തോളം ഈ രാജ്യത്ത് നിയമസഭാ സാമാജികൻമാർക്കും പാർലമെൻറ് സാമാജികൻമാർക്കും അവർക്ക് സംസ്ഥാന ഗവൺമെൻറിൻെറയോ കേന്ദ്ര ഗവൺമെൻറിൻെറയോ ഉടമസ്ഥതയിലോ ഭൂരിപക്ഷം ഷെയറിലോ ഉള്ളതായ കമ്പനികളിലോ കോർപ്പറേഷനുകളിലോ ചെയർമാൻമാരായോ അംഗമായോ സ്വീകരിക്കാമെന്ന് വ്യവസ്ഥ ചെയ്തു. പക്ഷേ അത് കഴിഞ്ഞ തെരഞ്ഞെടുപ്പു കഴിയുന്നതുവരെ നോട്ടിഫൈ ചെയ്തില്ലെന്നുള്ളതുകൊണ്ട് നിലവിൽ വന്നില്ല. 42-ാമത് ഭരണഘടനാഭേദഗതി ബില്ലിലെ 6 - 7 കാര്യങ്ങളും ഒഴിച്ച് ബാക്കിയെല്ലാം റദ്ദ് ചെയ്യപ്പെട്ടതുപോലെ ഇതും റദ്ദ് ചെയ്യപ്പെട്ടു. അതെല്ലാം ഞങ്ങളും അംഗീകരിക്കുന്നു. അതെല്ലാം ശരിയാണെന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല. ശരിയല്ല. പക്ഷേ അന്ന് അത് ശരിയല്ലെന്നു പറയുന്ന ആളുകളും ഇന്ന് ഇവിടെ ഇത് കൊണ്ടുവന്നു പാസ്സാക്കുന്നത് കുറ്റകരമായ സ്ഥിതിയാണ്. അതിനെ എതിർക്കുന്നു എന്ന് പറയുന്നു. ശ്രീ. ഇ. പി. ഗോപാലൻെറ എതിർപ്പിനെപ്പറ്റിയെല്ലാം പറഞ്ഞു. പക്ഷേ എനിക്ക് ഓർമ്മയുള്ളത് ശ്രീ. സി. എച്ച്. മുഹമ്മദ് കോയയും ഞങ്ങളുമെല്ലാം പാർലമെൻറിൽനിന്നും വിട്ടു നിന്നിട്ട് 42. മത് ഭരണഘടനാഭേദഗതി ബില്ലിന് ആ സഭയിൽ ഉണ്ടായിരുന്ന മൂന്നു നാല് അംഗങ്ങളിൽ ശ്രീമതി ഗാർഗ്ഗവി തങ്കപ്പൻ ഒഴിച്ച് മറ്റുള്ള ആളുകളെല്ലാം പൂർണ്ണമായും ബോയിക്കോട്ട് ചെയ്തിരുന്നു എന്നാണ്. ശ്രീമാൻ സി. എച്ച്. മുഹമ്മദു കോയ ഓർക്കുന്നുണ്ടായിരിക്കും അഖിലേന്ത്യാ മുസ്ലീം ലീഗ് ഉൾപ്പെടെ ആ നിയമം ബോയിക്കോട്ട് ചെയ്തുകൊണ്ട് 42. മത് ഭരണഘടനാഭേദഗതി ബില്ലിൻെറ ചർച്ചയിൽ പങ്കെടുക്കാതെ ലോകസഭയും രാജ്യസഭയും ബോയിക്കോട്ട് ചെയ്തപ്പോൾ അന്ന് ആ നിയമം കൈപൊക്കി പാസ്സാക്കി കൊടുത്തിരുന്ന ആളുകളാണ് ശ്രീ. ഇ. പി. ഗോപാലൻെറ കക്ഷികളെന്ന കാര്യം മറക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹം ഇന്ന് അതിനെ ന്യായീകരിക്കാൻ ബാദ്ധ്യസ്ഥനാണ്. ഞങ്ങളും അംഗീകരിക്കുന്നു. പക്ഷേ ഇത്രയും അധാർമ്മികത്വം ശ്രീമതി ഇന്ദിരാഗാന്ധി ചെയ്തെന്ന് പറയുകയും ഇത് ശരിയാണെന്നു വാദിക്കുകയും ചെയ്യുന്നതു മാത്രമേ അംഗീകരിക്കാൻ കഴിയാതെയുള്ളു. അതു ചെയ്യണം നേരത്തെയും ചെയ്തതാണ്. ഇപ്പോഴും ചെയ്യുന്നതിൽ ആക്ഷേപമില്ല. പക്ഷേ ഇങ്ങിനെ വാദിച്ചു വയ്ക്കുന്നത് ശരിയല്ല. കാരണം ഈ നിയമം പാസ്സാക്കുന്നത് ആർക്കുവേണ്ടിയാണെന്നുള്ളത് നന്നായി അറിയാം. ശ്രീമാൻ കാളാശ്ശേരിക്ക് കുഴപ്പമില്ലെങ്കിൽ ഈ നിയമം പിൻവലിക്കണം. മറ്റ് ആരെങ്കിലും വരുന്നുവെങ്കിൽ അന്ന് ആളെ നോക്കി നമുക്ക് നിയമം പാസ്സാക്കാം. അതുകൊണ്ട് ഇത് നിയമമാക്കാൻ പാടില്ല. ഞങ്ങളും ഗവൺമെൻറിനെ ഉപദേശിക്കുന്നു എങ്കിലും ഞങ്ങളുടെ ഉപദേശം കേൾക്കണമെന്ന് ഞങ്ങൾക്ക് നിർബന്ധമില്ല. ഈ നിയമം എങ്ങനെ പാസ്സാക്കിയെ

LIBRARY ARCHIVES Kerala Legislative Assembly

ന്നുള്ളതു് ഞങ്ങൾക്കറിയാം. എത്രയെല്ലാം നിങ്ങൾ നിഷേധിക്കാൻ ശ്രമിച്ചാലും നിങ്ങൾ എത്രയെല്ലാം ശ്രീമാൻ കാളാശു്ശേരിക്കു വേണ്ടി വാദിക്കാൻ ശ്രമിച്ചാലും ഈ രാജ്യത്തു് നടന്ന സംഭവങ്ങൾ അറിയാവുന്ന എല്ലാവർക്കുമറിയാം, ഈ നിയമം ആർക്കു വേണ്ടിയാണെന്നു്. കാരണം മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷൻ ഈ നിയമം എടുത്തു വച്ചുകൊണ്ടു് അതിന്റെ അവസാനത്തെ അഭിപ്രായപ്രകടനം നടത്തുന്നതിനു് റിസർവ്വു് ചെയ്യുകയും വാദം മാറ്റി വയ്ക്കുകയും ചെയ്തിരിക്കുന്ന പരിതഃസ്ഥിതി പോലും ഉണ്ടാക്കി കഴിഞ്ഞതിനുശേഷം അതിനുവേണ്ടിയല്ല നിങ്ങൾ ഈ നിയമം കൊണ്ടുവന്നതെന്നു് വാദിക്കുന്നതു് ശരിയല്ല. സത്യ സന്ധതയോടു് പുലബന്ധം പോലും പുലർത്തുന്നുവെങ്കിൽ തീർച്ച യായും നിങ്ങൾ ഈ നിയമം അതിനു വേണ്ടിയാണെന്നു പറഞ്ഞുകൊണ്ടു് പാസ്സാക്കാൻ മുമ്പോട്ടു വരണം. കാളാശ്ശേരിക്കെതിരായി പറയുന്ന വരെല്ലാം ഹരിജനങ്ങൾക്കും എതിരാണെന്നു് പറയുന്നതു് ശരിയല്ല. കാളാശ്ശേരിക്കു വേണ്ടി കൊണ്ടുവന്ന ഈ ഓർഡിനൻസ് തൊട്ടു കൂടായ്മക്കും തീണ്ടി കൂടായ്മക്കും ഉള്ള ഏർപ്പാടാണു്. ശ്രീമാൻ ദേവസ്സിക്കുട്ടിയെപ്പോലുള്ള ബൂർഷ്വാകളാണു് ഇതിനെ എതിർക്കുന്ന തെന്നു് പറയുന്നതു് സത്യത്തിനു് നിരക്കുന്നതല്ല. ഈ പല്ലവി ഈ നിയമ സഭയിൽ പണ്ടു മുതലേ കേൾക്കുന്നതാണു്. ശ്രീ. ദേവസ്സിക്കുട്ടിയെ ന്യായീകരിക്കേണ്ട ബാദ്ധ്യത എനിക്കില്ല. എന്നാലും നയപരമായി ഒരു എതിർപ്പു വന്നാൽ അതു് ഹരിജനങ്ങൾക്കെതിരായി ഉള്ള എതിർപ്പാ ണെന്നു പറയുന്നതു് ശരിയല്ല. ഇതൊന്നും നല്ല കാര്യമല്ല. ശ്രീ. ഇ. പി. ഗോപാലനു് പഴയ ചരിത്രങ്ങളെല്ലാം അറിയാം. ഏതെങ്കിലും സമുദായത്തിൽ പെടാത്ത ആളുകൾ ആരാണു് ഇവിടെ ഉള്ളതു്. ഒരു സമുദായത്തിലും ആരും മനഃപൂർവ്വം ചെന്നു ചേരുന്നതല്ല. ജനിച്ചു പോയതുകൊണ്ടു് ആ സമുദായത്തിൽ തന്നെ നിൽക്കുന്നു എന്നേ ഉള്ളൂ. ഈ രാജ്യത്തു് 100 ശതമാനം ആളുകളും ഏതെങ്കിലും സമുദായത്തിൽ പെട്ട ആളുക ളാണു്. അങ്ങനെയുള്ള ഈ രാജ്യത്തു് അപകടത്തിനു് കാളാശ്ശേരി ഇതിൽ പെട്ടു പോയതുകൊണ്ടു് ഹരിജനങ്ങൾക്കു് എതിരാണു് എന്നുള്ള ചിന്താഗതി ഭരണകക്ഷികൾക്കു പാടുള്ളതല്ല.

സർ, ശ്രീ. ആര്യാടൻ മുഹമ്മദു് ഇവിടെ ഒരു കാര്യം പറഞ്ഞു. ഞാൻ അദ്ദേഹത്തോടു് ചോദിച്ച ചോദ്യത്തിനു് മനഃപൂർവ്വം അദ്ദേഹം മറുപടി പറയാതെ മാറി നിന്നിട്ടു് പറഞ്ഞു ഞാൻ ഇവിടെ മന്ത്രിയായി നിയമസഭയിൽ അംഗമല്ലാതെ ഇരുന്നിട്ടില്ല എന്നു്. ബഹുമാനപ്പെട്ട അംഗത്തോടു് എനിക്കു് ഒന്നേ പറയാനുള്ളൂ. ഞാൻ ഇതു് രണ്ടാമത്തെ ആളാണു്. എന്റെ ശിഷ്യനാണു് ആ കാര്യത്തിൽ ശ്രീ. എ. കെ. ആൻറണി. ഭരണഘടനാപരമായി അതിനപ്പുറമൊന്നും പറയാനില്ല. ഭരണഘടനാപരമായി എനിക്കു് ഇതിൽ അവകാശം ഉണ്ടായിരുന്ന കാലത്തു് എന്റെ പാർട്ടി നിർദ്ദേശിച്ചതനുസരിച്ചു് ഞാൻ നിന്നു. അതിൽ അവകാശം ഇല്ലെന്നു് ബോദ്ധ്യമായപ്പോൾ ഞാൻ ഇറങ്ങിപ്പോയി. പക്ഷേ അതിനുശേഷം ഇത്രയും ധാർമ്മിക രോഷം പുറപ്പെടുവിക്കുന്ന ശ്രീ. ആര്യാടൻ മുഹമ്മദിന്റെ പാർട്ടി, ഈ നിയമസഭയിൽ എം. എൽ. എ. പോലും അല്ലാതിരുന്ന, എത്രയോ എം. എൽ. എ. മാർ ഉണ്ടായിരിക്കേ മന്ത്രിമാരും മുൻ മന്ത്രിമാരും ഉണ്ടായിരിക്കേ അവരെയെല്ലാം മാറ്റി നിർത്തിക്കൊണ്ടു് ശ്രീ. ആര്യാടൻ മുഹമ്മദിന്റെ നേതാവായ ശ്രീ. എ. കെ. ആൻറണി കാണിച്ചതിനേക്കാൾ വലിയ അധാർമ്മികത വ മൊന്നും ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ കാണിച്ചിട്ടില്ല. അതും ഇതും ആയി ശ്രീ. ആര്യാടൻ മുഹമ്മദു് താരതമ്യപ്പെടുത്താൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമിക്കുന്നത്, അദ്ദേഹത്തിന് ഈ രാജ്യത്ത് നിയമത്തെക്കുറിച്ചും ഭരണഘടനയെക്കുറിച്ചും ഉള്ള അജ്ഞതകൊണ്ട് മാത്രമാണെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ബില്ലിനെ യാതൊരു കാരണവശാലും അനുകൂലിക്കാൻ നിവൃത്തിയില്ലെന്നു പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കല്ലട നാരായണൻ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഈ ബില്ലിന് ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. അറയ്ക്കൽ സൂചിപ്പിച്ച ഒരു കാര്യം ഞാൻ ഓർക്കുകയാണ്. ഇത് കാളാശ്ശേരിയുടെ ഡിസ്കാളിഫിക്കേഷൻ അവസാനിപ്പിക്കുന്നതിനുള്ള നടപടി ആണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഏതായാലും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾ ഇത്ര ഉന്നതമായ സ്ഥാനത്തേക്ക് കടന്നു വരുന്നത് ചിലർക്കെല്ലാം അസൂയയുള്ള കാര്യമാണ്,

സർ, മറ്റു ചില കാര്യങ്ങൾ പ്രധാനമായി ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ആന്ധ്രായിൽ ഇതുപോലൊരു കോർപ്പറേഷന്റെ ചെയർമാൻ ആരാണെന്നുള്ള കാര്യം കോൺഗ്രസ് (ഐ) യിലെ അംഗങ്ങൾക്കറിയാമോ? കോൺഗ്രസ് (ഐ) യിലെ ഒരു എം. എൽ. എ. യാണ് അവിടെയുള്ള ഒരു കോർപ്പറേഷന്റെ ചെയർമാൻ. അവിടെയൊന്നും യാതൊരു പരാതിയുമില്ല. കേസുമില്ല. ഇവിടെ പാടില്ലെന്നുള്ള നയം ശരിയല്ല. ആ എം. എൽ. എ. യെ ചെയർമാൻ ആക്കിയതിനുശേഷം അതിനെ സ്ഥിരീകരിക്കുന്നതിനുള്ള ഇത്തരം ഒരു ഭേദഗതി അവിടേയും കൊണ്ടുവന്നിരുന്നു. അതുപോലെ മഹാരാഷ്ട്രയിലും ഇത്തരം കോർപ്പറേഷനുകളിൽ എം. എൽ. എ. മാർ ചെയർമാൻസ്ഥാനം വഹിക്കുന്നുണ്ട്. മന്ത്രിമാർവരെ ചെയർമാൻമാരായി മഹാരാഷ്ട്രായിൽ ഇരിക്കാമെന്നുണ്ട്. അതിനാവശ്യമായ ഭേദഗതി നിയമത്തിൽ വരുത്തിയിട്ടുണ്ട്. അതുപോലെ മറ്റ് സ്റ്റേറ്റുകളിലും ഇത്തരത്തിലുള്ള ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. കഴിവുള്ളവരെ ഈ സ്ഥാനങ്ങളിലേക്ക് എടുക്കുമ്പോൾ അതിനാവശ്യമായ ഭേദഗതികൾ കാലഘട്ടത്തിനനുസൃതമായി കൊണ്ടുവരേണ്ടതാവശ്യമാണ്. ആ കാര്യത്തിൽ ശ്രീ. കാളാശ്ശേരിയെന്നോ ശ്രീ. നാരായണൻ നായരെന്നോ ശ്രീ. ദേവസ്സിക്കുട്ടിയെന്നോ ഉള്ള പ്രശ്നമില്ല. എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത് ഒരു കാര്യം മാത്രമാണ്. അസംബ്ലി കമ്മിറ്റികളിൽ പ്രതിപക്ഷകക്ഷിയിൽപ്പെട്ട ആളുകൾക്കും ചെയർമാൻ സ്ഥാനം കൊടുക്കാമെന്നുണ്ട്. അതുകൊണ്ട് വല്ലപ്പോഴും ഈ രോഷം ഒന്ന് ഒഴിവാക്കി നീർത്താൻ വേണ്ടി ഇത്തരം കോർപ്പറേഷനുകളുടെ ചെയർമാൻ സ്ഥാനം ദേവസ്സിക്കുട്ടി ആശാനേയും കുറുപ്പു ചേട്ടനേയും പോലുള്ളവർക്ക് നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങനെയാണെങ്കിൽ ഈ വിഷമം മാറും. ശ്രീ. കാളാശ്ശേരിയെപ്പോലുള്ള ആളുകളെ തേജോവധം ചെയ്യുന്നതിനുള്ള പ്രവർത്തനമായിട്ട് മാത്രമേ ഇതിനെ കാണാൻ സാധിക്കുകയുള്ളൂ.

സർ, ശ്രീമതി ഇന്ദിരാഗാന്ധിയുടെ കേസ് കാലത്ത് ഈ ബഹളം ഒന്നും കണ്ടില്ല.

12 NOON] 'പൊണ്ണത്തടിയനാം നിന്റെ പരാക്രമം
കാണിക്ക് പോയോ കഥിക്ക വൃകോദരാ'

LIBRARY ARCHIVES Kerala Legislative Assembly

അന്ന് കോൺഗ്രസ് (ഐ) യുടെ പരാക്രമം എവിടെപ്പോയി. കോൺഗ്രസ് (ഐ) യിലെ അംഗങ്ങളും ഇപ്പോൾ വളരെ വാചാലമായി പ്രസംഗിക്കുന്നുണ്ടല്ലോ. പാവപ്പെട്ടവനു വളർന്നുവരാനുള്ള ഒരുസമയം ഉണ്ടായപ്പോൾ അതിനെ നിങ്ങളെതിർക്കും.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: കാളാശ്ശേരിയെപ്പോലെതന്നെ പലരും അതിൽ പെടുന്നുണ്ട്.

ശ്രീ. കല്ലട നാരായണൻ: കഴിവുകളും ഉള്ളവർ വളർന്നുവരണം. അതിനുവേണ്ടി ആവശ്യമായ നടപടികളും എടുക്കും. എല്ലാ ആളുകളും വളർന്നു വരേണ്ടവരാണ്. അപ്പോൾ അവരെ വളർത്തി എടുക്കുന്നതിനുവേണ്ടി നിയമഭേദഗതികളും കൊണ്ടുവരേണ്ടതായി വരും. ഹരിജനങ്ങൾക്കുവേണ്ടി എന്ത് വ്യതിയാനം വരുത്താനും ഭരണഘടന അനുസരിച്ച് അവകാശമുണ്ട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: അങ്ങനെയാകുമ്പോൾ പല കോർപ്പറേഷൻ ചെയർമാൻമാർക്കും സുഗമമായി ആ സ്ഥാനത്ത് തുടർന്നു പോകാൻ സാധിക്കും.

ശ്രീ. കല്ലട നാരായണൻ: ആന്ധ്രയിൽ ചെയർമാനായിരിക്കുന്നത് കോൺഗ്രസ് (ഐ) യിലെ എം. എൽ. എ. ആണ്. മഹാരാഷ്ട്രയിൽ ചെയർമാനായിരിക്കുന്നത് അവിടത്തെ മന്ത്രിയാണ്. സർ, ഈ വക കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ വ്യക്തമായി നിങ്ങൾ മനസ്സിലാക്കണം. അല്ലാതെ അതിനെ തേജോവധം ചെയ്യുന്നത് ശരിയല്ല. സർ, കോൺഗ്രസ് (ഐ) ഭരിക്കുന്ന ആന്ധ്രാപ്രദേശിൽ എന്താണ് നടന്നത്. അവിടെ എത്രയോ ഹരിജനങ്ങളെ വെടിവെച്ചു വീഴ്ത്തി. എന്തായാലും നിങ്ങളുടെ ഈ ഹരിജനപ്രേമം അവസാനിപ്പിക്കണം. സമയക്കുറവുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ ബില്ലിനെ സമ്പൂർണ്ണമായി സപ്പോർട്ട് ചെയ്യുകയാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. എനിക്ക് ഇതിനെക്കുറിച്ചു സംസാരിക്കണമെന്നു തോന്നിയില്ല, എന്നാൽ കോൺഗ്രസ് (ഐ) യിലെ മെമ്പറൻമാർ സംസാരിക്കുന്നതു കേട്ടപ്പോഴാണ് എനിക്ക് സംസാരിക്കണമെന്നു തോന്നിയത്. സർ, ശ്രീ. കാളാശ്ശേരിയുടെ വീട്ടിൽ പോകാത്ത ഒരൊറ്റ ആളെങ്കിലും കോൺഗ്രസ് (ഐ) യിൽ ഉണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. ശ്രീ. നാരായണൻ നായർ പോയിട്ടില്ലേ? ശ്രീ. ദേവസ്സിക്കുട്ടി പോയിട്ടില്ലേ? ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള പോയിട്ടില്ലേ? ശ്രീ. രാഘവൻ മാസ്റ്റർ പോയിട്ടില്ലേ? എല്ലാവരും പോയിട്ടുണ്ട്. അവസാനമായി ശ്രീ. കെ. രാഘവൻ മാസ്റ്റർ ബോർഡ് മെമ്പർസ്ഥാനം രാജിവച്ചതിനുശേഷവും അദ്ദേഹത്തിന്റെ വീട്ടിൽ പോയി, അദ്ദേഹത്തെ ചെയർമാൻസ്ഥാനം രാജിവയ്ക്കണമെന്നു പറയാൻ. ഇതിന്റെ പിറേദിവസം ആണ് കേസ് ഉണ്ടായത്. സർ, ശ്രീ. കാളാശ്ശേരിയെ അപമാനിക്കുക എന്നുള്ളത് കോൺഗ്രസ് രണ്ടായി പിളർന്ന കാലം മുതൽ തുടങ്ങിയതാണ്. ശ്രീ. ദേവസ്സിക്കുട്ടി ഇതൊരു സ്ഥിരമായ ഏർപ്പാടായി മാറിയിരിക്കുകയാണ്. ശ്രീ. കെ. കെ. ബാലകൃഷ്ണൻ ഇവിടെ ഹരിജനക്ഷേമവകുപ്പ് മന്ത്രിയായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ വീട്ടിൽ മൽസ്യം വളർത്താൻ ഒരു കുളം കുഴിപ്പിച്ചതിനെപ്പോലും

LIBRARY ARCHIVES Kerala Legislative Assembly

ആരോപണമായി ഉന്നയിച്ചു ഹരിജൻ ആയിപ്പോയിയെന്നുള്ളതു കൊണ്ടായിരിക്കാം കോൺഗ്രസ് (ഐ) യിലെ അംഗങ്ങൾ ഇത്തരത്തിൽ പെരുമാറുന്നത്. ശ്രീ. ദേവസ്സിക്കുട്ടിയുടെ പാർട്ടിയിൽപ്പെട്ട നിരവധി എം. എൽ. എ. മാർ ആന്ധ്രായിലും കർണ്ണാടകത്തിലും ചെയർമാൻമാരായിട്ടുണ്ട്. അതുപോലെ തന്നെയാണ് മണിപ്പൂരിലും.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അതിൽ ഞങ്ങൾക്ക് ആക്ഷേപമില്ല. ഇതിന്റെ മാനദണ്ഡത്തെക്കുറിച്ചാണ് ആക്ഷേപമുള്ളത്.

ശ്രീ. കെ. സുകുമാരനുണ്ണി: സർ, കഴിവുള്ള ആളുകൾ ഭരിച്ചാലേ കോർപ്പറേഷന് രക്ഷ കിട്ടുകയുള്ളു. കഴിവുള്ള ഒരാൾ കോർപ്പറേഷൻ ചെയർമാനാകുന്നതുകൊണ്ട് അപകടമൊന്നും ഉണ്ടാകുകയില്ല. ഇത് കാളാശ്ശേരി ബില്ലാണെന്നുവരെ ചിലർ പറഞ്ഞു. കാളാശ്ശേരിയെ മാത്രം ഉദ്ദേശിച്ചു കൊണ്ടുവന്ന ഒരു ബില്ല് അല്ല ഇത്. ഇത് ഈ നിയമസഭയിലെ എല്ലാ മെമ്പറൻമാരേയും സംബന്ധിക്കുന്നതാണ്. നിങ്ങളും എല്ലാം ഇതുപോലെയുള്ള ഏതെങ്കിലും കോർപ്പറേഷന്റെ ചെയർമാനായി ഇരുന്ന് മാതൃകാപരമായി പ്രവർത്തിക്കണം. ശ്രീ. പി. ബി. ആർ. പിള്ളക്കോ മറ്റാർക്കെങ്കിലുമോ കഴിവുണ്ടെങ്കിൽ ചെയർമാനാകാം. എന്തായാലും ഹരിജനങ്ങളായവരെ കരുതിക്കൂട്ടി ചെളിവാരിയെറിയുന്നത് നല്ലതല്ല. അത് അവസാനിപ്പിക്കണം. കർണ്ണാടകം, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ എം. എൽ. എ. മാർ ചെയർമാൻമാരായി തുടരുന്ന ഏർപ്പാടുണ്ട്. അതുകൊണ്ട് ഇപ്പോൾ. ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെ ഞാൻ പരിപൂർണ്ണമായും സ്വാഗതം ചെയ്യുകയാണ്. കഴിവുള്ള ആളുകളെ ചെയർമാൻമാരായും ബോർഡ് മെമ്പർമാരായും നിയമിച്ചാൽ കോർപ്പറേഷൻ ലാഭകരമായി നടത്തുവാൻ കഴിയും. അതിനുള്ള മാർഗ്ഗം കാണണം.

(Mr. Deputy Speaker in the Chair)

ശ്രീ. പി. ബി. ആർ. പിള്ള: സർ, ഞാൻ ഈ നിയമത്തെ എതിർക്കുകയാണ്. ഈ നിയമത്തെ ഞാൻ എതിർക്കുന്നത് ഈ നിയമത്തിന്റെ സാധുതയെ ചോദ്യം ചെയ്തുകൊണ്ടല്ല. ഒരു നിയമം ഉണ്ടാക്കുവാനുള്ള അധികാരം നിയമസഭയ്ക്ക് ആണെന്നു നമുക്കെല്ലാവർക്കും അറിയാം. പക്ഷേ ഒരു നിയമം ഉണ്ടാക്കുമ്പോൾ ചില ധാർമ്മികമായ മൂല്യങ്ങൾ കൂടി ഉള്ളിൽ കണ്ടുകൊണ്ടായിരിക്കണം നിയമത്തിന് രൂപം നൽകുവാൻ; എന്നുള്ള അഭിപ്രായം കൂടിയുണ്ട്. ഈ ഭേദഗതിബില്ലിന്റെ ഒറിജിനൽ ബിൽ തന്നെ നല്ല ഉദ്ദേശശുദ്ധിയോടുകൂടി രൂപം പൂണ്ടതല്ല. രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുവേണ്ടി, ഗവൺമെന്റിന്റെ നിലനിൽപ്പിനുവേണ്ടി, പ്രതികാര മനോഭാവത്തോടുകൂടി സൃഷ്ടിച്ച ഒരു ബില്ലാണിത്. സർ, 1951-ൽ നമ്മുടെ സംസ്ഥാനത്ത് ശ്രീ. ആർ. ശങ്കറും ശ്രീ. മന്നത്തു പത്മനാഭനും നിയമസഭയിൽ ഉണ്ടായിരുന്ന കാലത്ത് അവർ ദേവസ്വം ബോർഡ് അംഗങ്ങളായിരുന്നപ്പോൾ കോൺഗ്രസ്സിനെതിരായി പ്രവർത്തിച്ചു എന്നുള്ള കാരണത്താൽ അവരെ പുറത്താക്കാൻവേണ്ടി കൊണ്ടുവന്ന ഒരു നിയമത്തെ ഇപ്പോൾ കോൺഗ്രസ്സിന്റെ ഉറപ്പിനുവേണ്ടി നിലനിൽപ്പിനുവേണ്ടി ഭേദഗതി ചെയ്തിരിക്കുകയാണ്. അന്നു കോൺഗ്രസ്സുകാരുടെ പിന്തുണയോടുകൂടി കൊണ്ടുവന്ന ഒരു നിയമത്തിന് ഇന്ന് ഇൻഡ്യൻ കമ്മ്യൂണിസ്റ്റു

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിയുടെ നേതാവും നമ്മുടെ മുഖ്യമന്ത്രിയുമായ ബഹുമാനപ്പെട്ട വാസുദേവൻ നായർ ഭേദഗതി അവതരിപ്പിച്ചുവെന്നുള്ളതേയുള്ളു. അല്പാതെ ഇതിൽ യാതൊരു വ്യത്യാസവും ഇല്ല. ഇത് ഈ രാജ്യത്തെ പാവപ്പെട്ട വരുടെ താൽപ്പര്യങ്ങളെ ഉദ്ദേശിച്ചുകൊണ്ട്, അവർക്ക് മതിയായ ഉയർച്ചക്കുവേണ്ടി അതു ലക്ഷ്യമാക്കികൊണ്ട് രൂപം കൊടുത്ത ഒരു ബിൽ അല്ല ഇത്.

ഒരു ബില്ലു കൊണ്ടുവരുമ്പോഴും നിയമം ആക്കുമ്പോഴും പ്രധാനപ്പെട്ട രണ്ടു കാര്യങ്ങളും ആലോചിക്കണം. ബില്ല് അവതരിപ്പിക്കുമ്പോഴും ആ ബില്ലുകൊണ്ട് സമൂഹത്തിൽ മൊത്തത്തിൽ ഉണ്ടാകുന്ന നേട്ടം എന്തായിരിക്കുമെന്ന ഒരു കണക്ക്, ഒരു ധാരണ അവതരിപ്പിക്കുന്ന ഗവൺമെൻറിന് ഉണ്ടായിരിക്കണം. രണ്ടാമത് ആ ബില്ല് നടപ്പാക്കുന്നതു മൂലം ഗവൺമെൻറിന് ഉണ്ടാകാവുന്ന സാമ്പത്തിക ബാദ്ധ്യത എന്തു മാത്രം ഉണ്ട് എന്നുള്ളതിനെ സംബന്ധിച്ച കാഴ്ചപ്പാട് ഉണ്ടായിരിക്കണം. വ്യക്തമായ കാഴ്ചപ്പാടില്ലാതെ ഒരു ബില്ല് ചില ആളുകൾക്കുവേണ്ടി മാത്രം അവതരിപ്പിച്ചു പാസ്സാക്കുകയാണെന്നു പറഞ്ഞാൽ അതു പോലെ ആത്മാർത്ഥതയില്ലാത്ത പ്രവൃത്തി വേറെ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടി ഭരിക്കുന്ന പല സ്റ്റേറ്റിലും ഇത്തരത്തിലുള്ള നിയമം ഉണ്ട്.

ശ്രീ. പി. ബി. ആർ. പിള്ള: 1951-ൽ കൊണ്ടുവന്ന ഇത്തരം ബില്ല് പല സ്റ്റേറ്റിലും കോൺഗ്രസ്സുകാർ കൊണ്ടുവന്നിട്ടുണ്ട്. അത് നിലവിലുണ്ട്. അത് മാറ്റാൻ സാധിച്ചിട്ടില്ല. അത് മാറ്റാനുള്ള ശ്രമത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: ഏതു നിയമസഭയ്ക്കും ഭേദഗതി ചെയ്യാനുള്ള അവകാശമുണ്ട്.

ശ്രീ. പി. ബി. ആർ. പിള്ള: കോൺഗ്രസ്സുകാർ കൊണ്ടുവന്ന അത്തരത്തിലുള്ള തെറ്റായ നിയമം ഭേദഗതി ചെയ്യാനും അത് ഇല്ലാതാക്കാനും പുരോഗമനപരമായ ബില്ല് അവതരിപ്പിക്കാനുമുള്ള സജീവമായ പ്രവർത്തനത്തിൽ ഞങ്ങളുടെ പാർട്ടി ഏർപ്പെട്ടിരിക്കുകയാണ്. ഈ ബില്ലിനെ നഖശിഖാന്തം ഞാൻ എതിർക്കുകയാണ്; ഉദ്ദേശശുദ്ധിയെ എതിർക്കുകയാണ്. എ. കെ. ആൻറണി പോലും ധൈര്യപ്പെടാത്ത ഒരു ബില്ലാണ് വാസുദേവൻ നായർ കൊണ്ടുവന്നത്.

ശ്രീ. ടി. എം. ജേക്കബ്: വ്യവസായമന്ത്രി കേന്ദ്രത്തിൽ കൊണ്ടു വന്നതോ?

ശ്രീ.പി.ബി.ആർ.പിള്ള: അത് വേണ്ടെന്നുവച്ചു. ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ഈ ബില്ല് അവതരിപ്പിക്കുന്ന കാര്യത്തിൽ എന്ത് മനോഭാവമാണ് പ്രകടിപ്പിച്ചിരിക്കുന്നതെന്ന് എനിക്ക് അറിയുകയില്ല. ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ധാർമ്മികമായ നിലപാട് ഈ രൂപത്തിലേക്ക് താണുപോയതിൽ (ബഹുമാനപ്പെട്ട മജീദ് നോക്കേണ്ട) എനിക്ക് വളരെയധികം ഖേദമുണ്ട്. ഈ ബില്ലിനെ ന്യായീകരിച്ചുകൊണ്ട് അപ്പുറത്തിരിക്കുന്നവരുടെ പല പ്രഖ്യാപനങ്ങളും കേട്ടപ്പോൾ ഒരു കാര്യം ഓർമ്മ വരുന്നു. പണ്ട് ഒരു പ്രാസംഗികൻ വമ്പിച്ച യോഗത്തിൽ കേറിനിന്നും

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗം തുടങ്ങി. പ്രസംഗത്തിന്റെ ഗൗരവവും ആസ്വാദനത്തിന്റെ കുറുത്തും കൊണ്ട് സഹിക്കവയ്യാതെ യോഗത്തിൽ കൂടിയിരുന്ന എല്ലാവരും കൂവി. അപ്പോഴാ പ്രാസംഗികൻ പറയുകയാണ് യോഗസംഘാടകരും പൊതുജനങ്ങളും തമ്മിൽ എന്തോ ഗുരുതരമായ അഭിപ്രായവ്യത്യാസം ഉണ്ട് എന്ന് എനിക്ക് ബോദ്ധ്യമായിരിക്കുന്നുവെന്ന്. പ്രാസംഗികന്റെ പ്രസംഗം കേട്ട് സഹികെട്ടപ്പോഴാണ് ആളുകൾ കൂവിയത്. ഇങ്ങനെ ഒരു ബില്ല് അവതരിപ്പിച്ചിട്ട് പ്രതിപക്ഷം എന്തോ ഗുരുതരമായ അഭിപ്രായവ്യത്യാസം കാണുന്നു, ഹരിജനദ്രോഹം കാണിക്കുന്നുവെന്ന് പറയുന്നത് എന്ത് അർത്ഥമില്ലാത്ത കാര്യമാണ്. ഏതെങ്കിലുമൊരു കാര്യം പറഞ്ഞാൽ ഉടനെ ഇല്ലാത്ത ചില വ്യാഖ്യാനങ്ങൾ കൊണ്ടുവരും അപ്പുറത്തുള്ളവർ. ഇപ്പോൾ ഹരിജനപ്രേമമാണ്. ഈ രാജ്യത്ത് എത്ര കോർപ്പറേഷനാണുള്ളത്. എത്ര ഹരിജനങ്ങളെ കോർപ്പറേഷന്റെ ചെയർമാനാക്കിയിട്ടുണ്ട്. പതിനൊന്നു കൊല്ലമായില്ലേ അപ്പുറത്തുള്ളവർ ഭരിച്ചിട്ട്. ഒരു ഹരിജനെ ഒരു കോർപ്പറേഷന്റെ ചെയർമാനാക്കി കൂടേ? ഹരിജനപ്രേമമാണ് പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. പി. ബി. ആർ. പിള്ള: സർ, ഞാൻ ബില്ലിലേക്കു കടന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലിലേക്കു കടക്കാത്തത് ബഹുമാനപ്പെട്ട മെമ്പറുടെ കുറ്റമാണ്. ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു. ഇവിടെ ഭേദഗതി തന്നിരുന്ന മെമ്പർമാരുടെ പേര് വിളിച്ചപ്പോൾ സീറ്റിൽ ഇല്ലായിരുന്നു. അവർ ഇപ്പോൾ സംസാരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ശ്രീ. പി. പി. എസ് തോമസ്: ഈ ബില്ലിന് ഭേദഗതികളൊക്കെ കൊടുക്കാറുണ്ടെങ്കിലും നറുക്കിട്ട് എടുക്കാത്തതുകൊണ്ട് ചിലർക്ക് മുൻഗണന കൊടുക്കുന്നു. ചിലർ പ്രത്യേക സൗകര്യം ഉപയോഗിച്ച് ആദ്യം കയറി വരുന്നുവെന്നുള്ളതേയുള്ളു. ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭാ നടപടികളെ ഛോദ്യം ചെയ്യുകയാണോ?

ശ്രീ. പി. പി. എസ് തോമസ്: അല്ല. പിൻവാതിലിൽ കൂടി വരാൻ പറ്റാത്തതുകൊണ്ടു സമയം നഷ്ടപ്പെടുന്നുവെന്നേയുള്ളു. സർ, ഇതെ സംബന്ധിച്ച് എനിക്ക് വളരെ കൂടുതൽ കാര്യങ്ങൾ പറയാനുണ്ട്. പലരും ചൂണ്ടിക്കാണിച്ചതുപോലെ ഈ നിയമം ആരെയൊക്കെയോ സഹായിക്കാൻവേണ്ടി കൊണ്ടുവന്നതാണ്. വിനയപൂർവ്വം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരുകാര്യം ഛോദിക്കാനാഗ്രഹിക്കുകയാണ്. എന്തിനാണ് ഓർഡിനൻസിന്റെ ആവശ്യം ഇവിടെ വന്നത്. അങ്ങനെയൊരു കണ്ടിൻജൻസി എന്തുകൊണ്ടു വന്നു. അത് വിശദമാക്കേണ്ട കാര്യമാണ്. ഒരു മന്ത്രിക്കു വേണ്ടിയോ ഏതെങ്കിലുമൊരു ആൾക്കു വേണ്ടിയോ അല്ല ഇത്. നമ്മുടെ കോടതിയിൽ പലപ്പോഴും വാദിച്ചു തോൽക്കുമെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പ്രഗൽഭൻമാരായ അഡ്വക്കേറ്റ്സ് അതിനുവേണ്ടി വളരെ ശക്തിയായി വാദിച്ചു. എന്തിനാണ് ഇങ്ങനെ ഒരു ഓർഡിനൻസ് കൊണ്ടുവന്നത്. ആ ഓർഡിനൻസിന്റെ ഉദ്ദേശലക്ഷ്യം എന്താണ്? അത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഇതിനകത്ത് രാഷ്ട്രീയമായി യാതൊരു പ്രശ്നവും ഉയർന്നുവരുന്നില്ലെന്ന് എടുത്ത് എടുത്ത് പറയുമ്പോഴും ഓർഡിനൻസുമായി ഇവിടെ കൊണ്ടുവരേണ്ട സ്ഥിതി എങ്ങനെ ഉണ്ടായി? മറ്റു പല ഓർഡിനൻസുകളും ഇവിടെ കൊണ്ടുവരുന്നുണ്ട്. നമ്മുടെ മന്ത്രിമാർ നിയമസഭയെ നേരിടാൻ ഏറ്റവും വലിയ ഭയമുള്ളവരാണ്. ആറുമാസം അവസാനിക്കുന്ന ദിവസമാണ് നിയമസഭ സമ്മേളിക്കുന്നത്. രണ്ടു വർഷത്തെ അനുഭവമാണ് ഞാൻ പറഞ്ഞത്. നിയമസഭയെ ഏറ്റവും കൂടുതൽ ഭയപ്പെടുന്നത് നിയമസഭയെ നയിക്കുന്ന മന്ത്രിമാരാണ്. അങ്ങനെ ഏതെങ്കിലുമൊരു സ്ഥിതി വിശേഷം ഇവിടെ വന്നതാണോ? ഓർഡിനൻസ് കൊണ്ടുവരേണ്ട സ്ഥിതി ഇവിടെ വന്നിട്ടില്ല. ഇത് പ്രത്യേകമായ ഉദ്ദേശത്തോടുകൂടിയുള്ളതാണ്, ഈ ഉദ്ദേശത്തിനു ഒരു പാരമ്പര്യമുണ്ട്. ഈ വശത്തിരിക്കുന്ന ആളുകളുടെ പാരമ്പര്യമാണ് അത്. അവരാണ് ഇത്തരത്തിൽ നമ്മുടെ രാജ്യത്തിന്റെ എല്ലാ നീതി പീഠങ്ങളേയും ലംഘിച്ചുകൊണ്ട്, നിയമ വ്യവസ്ഥകളെ ലംഘിച്ചുകൊണ്ട് സർവ്വാധിപതിയെപോലെ ഇൻഡ്യാ രാജ്യത്തിന്റെ മുകളിൽ യാദൃശ്ചികമായ കാരണങ്ങളാലോ മറ്റ് സംഭവങ്ങളാലോ തറവാട് കുത്തകപോലെ പത്ത് മുപ്പതു വർഷം ഈ രാജ്യ ഭരണത്തിന് കൈമണി കൊട്ടി കൊടുത്തതുകൊണ്ട് ഇപ്പുറം ഇരിക്കുന്നവരുടെ നേതാവായ ഇപ്പോഴത്തെ നേതാവ് തനിക്കെതിരായിട്ടു വരുന്ന എല്ലാ നിയമങ്ങളേയും അതിലംഘിക്കത്തക്ക വിധത്തിൽ ഒരു നിയമ ഭേദഗതി കൊണ്ടുവന്നു. ഏറ്റവും വലിയ അഴിമതി കാണിച്ചുവെന്നുള്ളതുകൊണ്ട് ഇൻഡ്യയുടെ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പു റദ്ദായി. ഗവൺമെൻറുദ്യോഗസ്ഥൻ ജനപ്രാതിനിധ്യനിയമം അനുസരിച്ചു തെരഞ്ഞെടുപ്പു പ്രവർത്തനത്തിൽ വരാൻ പാടില്ലെന്നുള്ള വ്യവസ്ഥ ലംഘിച്ചുവെന്നും ആക്ഷേപമുണ്ടായി. അയാൾ ആ ദിവസംതന്നെ രാജിവയ്ക്കുകയും ചെയ്തിരുന്നു. രാജി പ്രാബല്യത്തിൽ ആകണമെന്നുണ്ടെങ്കിൽ അത് അംഗീകരിക്കുന്ന തീയതി മുതലേ പ്രാബല്യത്തിൽ ആകുകയുള്ളു എന്നാണ് നിലവിലുള്ള വ്യവസ്ഥ. ആ വ്യവസ്ഥ ആണ് ശ്രീമതി ഗാന്ധി ഭേഗതി ചെയ്തത്. അങ്ങനെ ഒരു കോടതി വിധി വന്നതിനെത്തുടർന്ന് ഭരണഘടന ഭേഗതി ചെയ്തതും ഓർഡിനൻസ് കൊണ്ടുവന്നതും നമുക്ക് മനസ്സിലാക്കാം. ഇന്ദിരാഗാന്ധിക്ക് ഭരണാധികാരത്തിൽ തുടരുന്നതിനുവേണ്ടിയാണ്. അത്തരം ഒരു കണ്ടിൻജൻസി ഇവിടെ ഉണ്ടോ? ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയണം. അങ്ങനെ ഒരു സ്ഥിതി ഉണ്ടായിരുന്നോ? ഇന്ദിരാഗാന്ധിക്ക് ഭരണത്തിൽ തുടരാൻ നിർവ്വാഹമില്ലാത്ത കോടതി വിധി വന്നതിനെത്തുടർന്ന് ഇൻഡ്യൻ ഭരണഘടനയെ പിച്ചിച്ചീന്താനുള്ള സൗകര്യം ഞങ്ങൾ അന്ന് അനുവദിച്ചു കൊടുത്തത് ഞങ്ങളുടെ മുഖ്യമന്ത്രി കേരളത്തിൽ ഉണ്ടായിരുന്നതുകൊണ്ടും ഞങ്ങൾക്ക് ഈ ഗവൺമെൻറിൽ ചേരിക്കാൻ ആഗ്രഹം ഉണ്ടായിരുന്നതുകൊണ്ടും കേരളത്തിൽ അങ്ങനെയൊരു നയം അംഗീകരിക്കേണ്ടി വന്നതാണ്. ഇന്ന് അങ്ങനെയൊരു അടിയന്തിരാവസ്ഥയുള്ളത് ഒരു മന്ത്രിയെ അല്ലെങ്കിൽ ഒരു എം. എൽ. എ. യെ കോർപ്പറേഷന്റെ ചെയർമാനാക്കുന്നതിനുവേണ്ടി ആണ്. അതിന്റെ പിന്നിലാണ് രാഷ്ട്രീയമായ കുതിരക്കച്ചവടമുള്ളത്. അത് നമുക്കു എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

വർക്കുമറിയാം. ഇപ്പുറത്തിരിക്കുന്ന ചില ആളുകളെ അങ്ങോട്ട് കൊണ്ടു പോകാനും അങ്ങേവശത്തിരിക്കുന്ന ആളുകളെ ഉറപ്പിച്ചു നിർത്തുവാനും ശ്രമിക്കുന്നുണ്ട്. എൻ. ഡി. പി. യെ സംബന്ധിച്ചുതന്നെ നമുക്കറിയാം. ആ പാർട്ടി മൂന്നു നാലു തട്ടിലാണ് നിൽക്കുന്നത്. എന്തിനാണ് ഈ തട്ട് ഉണ്ടാക്കിയത്. കേരളത്തിലെ ഏതെങ്കിലുമൊരു ജനവിഭാഗത്തിന്റെ പാവപ്പെട്ട ജനങ്ങളുടെ പ്രശ്നത്തിനുവേണ്ടിയാണോ എൻ. ഡി. പി. രണ്ടായത്? ഭരണാധികാരവുമായി ബന്ധപ്പെട്ട അവരുടെ വില പേശലിൽ രണ്ടാകുന്നത് അവർക്കു പ്രയോജനമാണെന്നു കണ്ടപ്പോഴാ രണ്ടായി. പി. എസ്. പി. ഉണ്ട്. ഇപ്പോഴും സമരത്തിലാണെന്നാണ് പറയുന്നത്. സമരമാണെങ്കിലും വോട്ട് നിങ്ങൾക്കു തന്നെയാണ് തന്നുകൊണ്ടിരിക്കുന്നത്. എന്താണ് കാര്യം? ഇന്നല്ലെങ്കിൽ നാളെ ഒരു ചാൻസ് കിട്ടുമെന്ന ഒരു കോർപ്പറേഷൻ അല്ലെങ്കിൽ വേറെ എന്തെങ്കിലും കിട്ടുമെന്ന പ്രതീക്ഷയാണ്. തിരുവനന്തപുരത്ത് ഞങ്ങൾ മൽസരിക്കുമെന്നു പറഞ്ഞപ്പോഴാ ഒരു കോർപ്പറേഷൻ കൊടുത്തു. ഇത്തരത്തിൽ രാഷ്ട്രീയ കച്ചവടത്തിനുവേണ്ടി നടത്തുന്ന ജുഗുപ്സാവഹമായ നടപടിയെന്നുള്ള നിലയ്ക്കാണ് ഇതിനെ അധിക്ഷേപിക്കുന്നത്. ഇത്തരത്തിൽ ഒരു സ്ഥിതി ഇവിടെ ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് ഇതിനെ എതിർക്കുന്നത്.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: സർ, ഞങ്ങളം ഇതിനെ എതിർക്കുമ്പോഴാ അപ്പുറത്തിരിക്കുന്ന ആളുകളം പറയുന്നത് ശ്രീ. ദാമോദരൻ കാളാശ്ശേരി കോർപ്പറേഷൻ ചെയർമാനായ വിരോധംകൊണ്ടാണെന്നും ഹരിജൻ വിരോധംകൊണ്ട് ആണെന്നുമാണ്. ഒരു കാര്യം വളരെ വ്യക്തമായി പറയുകയാണ്. ശ്രീ. ദാമോദരൻ കാളാശ്ശേരി കോർപ്പറേഷൻ ചെയർമാനാകുന്നതിലും എം. എൽ. എ. ആയിരിക്കുന്നതിലും മന്ത്രിയായിരിക്കുന്നതിലും ഞങ്ങൾക്ക് യാതൊരു വിരോധവുമില്ല. പ്രത്യേകിച്ച് അതു നല്ല കാര്യമാണ്. പക്ഷേ ഈ നിയമം ഉണ്ടാക്കുമ്പോഴാ അതിന്റെ അടിത്തട്ടിൽ ചില ദുരുദ്ദേശങ്ങളം ഉണ്ടെന്ന് വ്യക്തമായി ഈ രാജ്യത്തെ ജനങ്ങളെല്ലാം പറയുന്ന കാര്യമാണ്, ഒരു കാര്യം ഞാൻ രേണുകക്ഷികളോട് ആവശ്യപ്പെടുകയാണ്, നിങ്ങൾക്ക് ധൈര്യമുണ്ടെങ്കിൽ ഈ ബിൽ പൊതുജനാഭിപ്രായത്തിന് വിടണം. ഈ രാജ്യത്തിലെ ഒരു പ്രധാനപ്പെട്ട പത്രം ഇതേക്കുറിച്ച് ഒരു ഹിതപരിശോധന നടത്തണമെന്നു ആവശ്യപ്പെട്ടിരിക്കുകയാണ്. അങ്ങനെയൊരു ഹിതപരിശോധന നടത്തുകയാണെങ്കിൽ തീർച്ചയായും ഈ രാജ്യത്തെ 85 ശതമാനം ആളുകളും ഈ ബില്ലിനെതിരായി വോട്ടു ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ രാജ്യത്തെ ഭരണകക്ഷികളിൽപ്പെട്ട ആളുകളൊഴിച്ച് ബാക്കി നിഷ്പക്ഷമായി ചിന്തിക്കുന്ന ആളുകളെല്ലാം ഈ ബില്ലിനെതിരായി വോട്ടു ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിന്റെ പിന്നിൽ ദുരുദ്ദേശമുണ്ടെന്നുള്ളതിന് ഒരു കാര്യം വ്യക്തമായി ഞാൻ പറയുകയാണ്. ചില ആളുകൾക്ക് മന്ത്രിമാരായി തുടരുന്നതിന് ധൈര്യമുണ്ടാകണമെങ്കിൽ കുറേ ആളുകളെ കോർപ്പറേഷൻ ചെയർമാനാക്കി മാറ്റിയില്ലെങ്കിൽ അവർക്ക് തുടരാൻ ഒക്കുകയില്ലെന്നുള്ളത് സത്യമാണ്. ചില ആളുകളെ മാറ്റി നിറുത്തിക്കൊണ്ട് ഈ മന്ത്രിമാർക്ക് മന്ത്രിമാരായി തുടരുന്നതിന് കുഴപ്പമുണ്ടാകുമെന്നു കണ്ടപ്പോഴാ കുറെ ആളുകൾക്ക് എങ്ങനെയെങ്കിലും കോർപ്പറേഷൻ ചെയർമാൻ സ്ഥാനം കൊടുത്താലും തരക്കേടില്ല, മറേതെങ്കിലും സ്ഥാനം കൊടുത്താലും തരക്കേടില്ല എന്നു വിചാരിച്ചാണ് ഇങ്ങനെയൊരു ബിൽ അവതരിപ്പിച്ചി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളത്. ഞങ്ങളെക്കുറിച്ച് ഇവിടെ പലതും പറഞ്ഞു. ശ്രീമതി ഇന്ദിരാഗാന്ധി ഏകാധിപത്യ പ്രവണതയ്ക്കുവേണ്ടി ഭരണഘടനയിൽ ഭേദഗതി വരുത്തി, ഞങ്ങളുടെ ബഹുമാന്യനായ നേതാവ് കരുണാകരൻ കള്ളസത്യവാങ്മൂലം കൊടുത്തതിന്റെ പേരിൽ കോടതിയിൽ കരിനിഴലിൽ നിൽക്കുകയാണ് എന്നൊക്കെ ഇവിടെ പറയുകയുണ്ടായി. അതേ സംബന്ധിച്ചിടത്തോളം ഇന്നു 12 മണിക്ക് കോടതിയിൽനിന്നു വിധിയുണ്ടായിരിക്കുകയാണ്, ശ്രീമാൻ കരുണാകരൻ നിരപരാധിയാണ്, അതുകൊണ്ട് വെറുതേ വിട്ടിരിക്കുകയാണെന്ന്. ഞങ്ങളുടെ പാർട്ടിയുടെ പേരിൽ കള്ളപ്രചരണങ്ങളും നടത്തുന്നത് ഒരു സ്ഥിരം തൊഴിലാക്കിയിരിക്കുകയാണ്. ഇന്ദിരാഗാന്ധിയെ സംബന്ധിച്ച് അലഹബാദ് ഹൈക്കോടതി വിധിയിൽ പറഞ്ഞത് എന്താണ്? ഇന്ദിരാഗാന്ധി ആ നിയോജകമണ്ഡലത്തിൽ ഒരു പത്രസമ്മേളനം നടത്തിയതും മറ്റു കാര്യങ്ങളുമാണ് ചൂണ്ടിക്കാണിച്ചത്. അല്ലാതെ അവർ അഴിമതി നടത്തിയതായി പറഞ്ഞിട്ടില്ല. ഈ മാതിരിയുള്ള കള്ളപ്രചരണങ്ങളും നടത്തുന്നതിന്റെ പിന്നിലുള്ള ഉദ്ദേശം എന്താണെന്നുള്ളത് ഈ നാട്ടിലെ ജനങ്ങൾക്കറിയാം. അവർ അതു മനസ്സിലാക്കിക്കഴിഞ്ഞിരിക്കുകയാണ്. ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ഈ നിയമത്തെ സംബന്ധിച്ച് ചർച്ച നടന്നപ്പോഴും വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം പൊതുവേ ചർച്ചയിൽനിന്നു ഒഴിവാക്കപ്പെട്ടതായി ഞാൻ കാണുകയുണ്ടായി. ഇതിനകത്ത് ഗവൺമെന്റ് ഒരു പുതിയ തീരുമാനം എടുത്തതിന്റെ പശ്ചാത്തലത്തിൽ ഒരു നിയമനിർമ്മാണത്തിന് മുതിരുകയാണ് ചെയ്തിട്ടുള്ളത്. ഞാൻ അതിനെ സംബന്ധിച്ച് പിന്നാലേ പറയുന്നുണ്ട്. എന്നാൽ നിർഭാഗ്യവശാൽ പ്രതിപക്ഷ മെമ്പർമാരുടെയെല്ലാവരുടേയും പരാമർശനം കേവലം ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട മെമ്പറുടെ കാര്യത്തിൽ ഒതുങ്ങി നിൽക്കുകയുണ്ടായി. ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയം അങ്ങനെ വിനിയോഗിക്കുകയും ചുരുക്കുകയും ചെയ്യേണ്ടതില്ലായിരുന്നു എന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. നിയമപരമായി ഇതിനകത്ത് ഒരു തെറ്റുമില്ല; കുറ്റവുമില്ല, ഈ നിയമസഭയ്ക്ക് ചെയ്യാൻ അധികാരമുള്ള കാര്യമാണ്, പല നിയമസഭകളും ചെയ്തിട്ടുള്ള കാര്യമാണ്, ഭരണഘടന നമുക്ക് അതിനു അനുവാദം തന്നിട്ടുണ്ട്, ഇതെല്ലാം സ്വയം വ്യക്തമാണ്. അതേ സംബന്ധിച്ചിടത്തോളം കൂടുതൽ പറയേണ്ട കാര്യമില്ല. എന്നിട്ട് എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ദേവസ്സിക്കുട്ടി വളരെയധികം കാടുകേറി പലതും ഇവിടെ പറയുകയുണ്ടായി. അദ്ദേഹം ഇവിടെ പല ബഹുമാനപ്പെട്ട മെമ്പർമാരും ചൂണ്ടിക്കാണിച്ചതുപോലെ തന്റെ വാദഗതികളെ സമർത്ഥിക്കാൻവേണ്ടി തടിച്ച പുസ്തകങ്ങളെല്ലാം ഹാജരാക്കുകയും ചെയ്തിരുന്നു. എന്നാൽ ആ പുസ്തകങ്ങളുടെയൊന്നും സാന്നിദ്ധ്യം അദ്ദേഹത്തെ അശേഷം സഹായിച്ചില്ല എന്നുള്ളത് വ്യക്തമാണ്. എന്റെ യുവസ്നേഹിതൻ ശ്രീ. ടി. എം. ജേക്കബ് ദേവസ്സിക്കുട്ടിയുടെ പ്രസംഗം കഴിഞ്ഞിട്ട് അന്നുതന്നെ വളരെ വ്യക്തമായി വസ്തുതകളെ ഉദ്ധരിച്ചുകൊണ്ട് ദേവസ്സിക്കുട്ടിയുടെ വാദങ്ങളെയെല്ലാം ഖണ്ഡിക്കുകയുണ്ടായി. അദ്ദേഹം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. സമയപരിധി പ്രഖ്യാപിക്കാത്ത ഒരേയൊരു നിയമമെന്നാണ് വളരെ തെറ്റിദ്ധരിപ്പിച്ച് തരപ്പിച്ച് ഈ സഭാതലത്തിൽ അവകാശപ്പെട്ടത്. ശ്രീ. ഇ. പി. ഗോപാലൻ പറഞ്ഞതുപോലെ കേട്ടിരുന്ന പലരും അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

പല പുസ്തകങ്ങളും ഹാജരാക്കി പറയുന്നതു കേട്ടപ്പോൾ ശരിയായി രിക്കുമോ എന്നു സംശയിക്കുകയുണ്ടായി. ഒരു ബഹുമാനപ്പെട്ട മെമ്പർ ഇത്ര അടിസ്ഥാന രഹിതമായി യാതൊരു കഴമ്പുമില്ലാതെ യാതൊരു വസ്തുതയും കയ്യിൽ ഇല്ലാതെ, യാതൊരു വിവരവുമി ല്ലാതെ ഈ സഭയിലുള്ള എല്ലാ പേരെയും എങ്ങനെയാണ് വെല്ലു വിളി ച്ചതെന്നു ഞാൻ അത്ഭുതപ്പെടുകയാണ്. പ്രത്യേകിച്ച് പരിണിത പ്രജ്ഞനായ, പാരമ്പര്യമുള്ള എന്റെ ബഹുമാന്യ സുഹൃത്ത് മേലിൽ വെല്ലുവിളി നടത്തുന്നത് സൂക്ഷിച്ചു വേണമെന്നു ഞാൻ ആദ്യമായി പറയുകയാണ്. ഏതായാലും തരക്കേടില്ല അദ്ദേഹത്തിന് ഈ വിഷ യത്തെ സംബന്ധിച്ച് ഒന്നും പറയാനില്ലെന്നുള്ളത് വളരെ വ്യക്തമാണ്. അതുകൊണ്ടാണ് ഈ ശൂന്യമായ നിശ്ശബ്ദത. അതിന് അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുന്നു. എന്റെ സ്നേഹിതൻ നിശബ്ദതയോടെ ഈ സഭയിൽ ഇരിക്കുന്നത് കാണാൻ കഴിഞ്ഞത് നല്ല കാര്യമാണ്. പലതും നമ്മുടെ അനുഭവത്തിൽ കൂടിയേ പഠി ക്കാൻ കഴിയൂ. നിയമസഭയിൽ അങ്ങോട്ടുമിങ്ങോട്ടും വാദപ്രതിവാദം നടത്തി വെല്ലുവിളി നടത്തുമ്പോൾ ഇപ്പുറത്തിരിക്കുന്നവരാരും ഒന്നും അറിയാത്തവരും അന്വേഷിക്കാത്തവരും പുസ്തകം മറിച്ചു നോക്കാത്തവ രുമാണെന്നു വിശ്വസിച്ചുകളയരുത്. അങ്ങനെയുള്ള ധാരാളം മെമ്പർമാർ ഇവിടെയുണ്ട്. പുസ്തകം നോക്കുന്നവരുണ്ട്, നിയമങ്ങൾ പഠിക്കുന്ന വരുണ്ട്. അതുകൊണ്ട് ഉരുളയ്ക്ക് ഉപ്പേരി എന്നമട്ടിൽ തിരിച്ചു കിട്ടിയതു കൊണ്ട് മിണ്ടാതിരിക്കുകയാണ്. ഏതായാലും നിയമപരമായി ഇതിന് യാതൊരു കുഴപ്പവുമില്ല, പാകപ്പിഴയുമില്ല. ആകെ ഇവിടെ പറഞ്ഞത്, ശ്രീ. ദാമോദരൻ കാളാശ്ശേരിയുടെ കാര്യമാണ്. അതേപ്പറ്റി പറയാം. എന്നാൽ ഗവൺമെൻറ് ഇതുപോലെ ഒരു നിയമനിർമ്മാണം നടത്താൻ പ്രധാനമായും ഉദ്ദേശിച്ചതിന്റെ കാരണം അതൊന്നുമല്ല. നിയമ സഭാസാമാജികൻമാർക്ക് ഗവൺമെൻറ് കമ്പനികളിലും കോർപ്പറേഷ നുകളിലും പ്രയോജനകരമായി പ്രവർത്തിക്കാൻ കഴിയുമോ ഇല്ലയോ? ഒരു പക്ഷേ നമ്മുടെ നാട്ടിൽ ഇതുവരെ നാം കണ്ടുപരിചയിച്ചതിൽ നിന്നു മെച്ചമായിത്തന്നെ അവരിൽ ചിലർക്കെങ്കിലും ഇത്തരം സ്ഥാപനങ്ങളുടെ നായകത്വം വഹിക്കാൻ കഴിയുകയില്ലേ? ഗവൺമെൻറ് വിശ്വസിക്കുന്നത് കഴിയുമെന്നാണ്. അതാണ് സുപ്രധാനമായ പ്രശ്നം. നിർണ്ണായകമായ പ്രശ്നം അതു തന്നെ യാണ്. ഈ സന്ദർഭത്തിൽ നമ്മുടെ നാട്ടിൽ കുറച്ചു കാലങ്ങളായി പറഞ്ഞു പരത്തുന്ന ചില കാര്യങ്ങളും ഞാൻ ഓർക്കുകയാണ്. ഈ സഭയിലെ സാമാജികൻമാർ പോലും മനഃപൂർവ്വമല്ലെങ്കിലും പറഞ്ഞു പറഞ്ഞ് അത്തരം പറച്ചിലിനെ സഹായിക്കുകയാണ്. എന്താണ് ആ പറച്ചിൽ? എം. എൽ. എ. മാരും രാഷ്ട്രീയക്കാരും പൊതു പ്രവർത്തകരുമെല്ലാം ഇങ്ങനെയുള്ള സ്ഥാനമാനങ്ങളുടെ പിന്നാലെ ഓടി നടക്കുന്നു; അതിനുവേണ്ടിയുള്ള മൽസരമാണ് ഈ നാട്ടിൽ. ഇങ്ങനെ എന്തെ ങ്കിലുമൊന്നു കാണിച്ച് ഇടയ്ക്ക് ഒരു കോർപ്പറേഷൻ ചെയർമാൻ സ്ഥാനമോ, ഒരു ബോർഡുമെമ്പർ സ്ഥാനമോ, ഒന്നു നീട്ടി ക്കൊടുത്താൽ മതി അതിന്റെ ചൂണ്ടയിൽ കൊത്താൻ നടക്കുകയാണ് എല്ലാവരും. അന്ത്രയ്ക്ക് അധഃപതിച്ചിരിക്കുന്നു ഈ നാട്ടിൽ പൊതു പ്രവർത്തകരുടേയും എം. എൽ. എ. മാരുടേയും എം. പി. മാരുടേയും, ജനപ്രതിനിധികളുടെ പോലും നിലവാരം. ഇത് ഇന്ന് നമ്മുടെ നാട്ടിൽ നടക്കുന്ന ഒരു പ്രചാര വേലയാണ്. ഞാൻ പറയുന്നില്ല ജനപ്രതിനിധികളെല്ലാം കുറ്റമറ്റവരാണെന്ന്. എവിടേയും ഒരു തകരാറുമില്ല എന്ന് ഞാൻ ഒരിക്കലും അവകാശപ്പെടുന്നില്ല. ഒരു

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ നമ്മളെല്ലാവരും ടോർച്ച് ഉള്ളിലേക്കടിച്ച് സ്വയം ഒരു പരിശോധന നടത്തേണ്ടതുണ്ട്. നമ്മുടെ സമൂഹത്തിൽ ഇന്നു വളർന്നു വന്നിരിക്കുന്ന ദുഷിച്ച പല പ്രവണതകളും അവസാനിപ്പിക്കാൻവേണ്ടി നമ്മൾ തന്നെ സ്വയം മാതൃക കാണിച്ചേ മതിയാകൂ; മറന്നെത്തേക്കാം കൂടുതൽ. അടച്ചു പിടിച്ച് ജനപ്രതിനിധികളും പൊതുവിൽ രാഷ്ട്രീയ പ്രവർത്തകർ ചില ഉദ്യോഗങ്ങളുടെ ചില സ്ഥാനമാനങ്ങളുടെ പുറകേ, അതു തേടി നടക്കുന്നവരാണ്; അതിനുവേണ്ടി മൽസരിച്ചു മൽസരിച്ചു നടക്കുന്നവരാണ്; അതിനു വേണ്ടി ചാക്കിൽ കയറുന്നവരാണ്; അതിനു വേണ്ടി ഒരു ചാക്കിൽ കയറിയിട്ട് പിന്നീട് അവിടെ നിന്നിറങ്ങി വേറൊരു ചാക്കിൽ കയറുന്നവരാണ്; ഇങ്ങനെയെല്ലാമാണ് നാട്ടിൽ പറഞ്ഞു നടക്കുന്ന പ്രചരണം. ഈ പ്രചരണം ആരു നടത്തിയാലും ഗവൺമെൻറിന്റെ വ്യക്തമായ അഭിപ്രായം ഒരു നിയമസഭാ സാമാജികൻ പറഞ്ഞു എന്നുള്ളതുകൊണ്ട് ഒരു നിയമസഭാ സാമാജികനു കാര്യക്ഷമമായി ചെയ്യാൻ കഴിയുന്ന ജോലിയിൽ നിന്ന് ഒഴിവാക്കരുതെന്നാണ്. ഞാൻ ഈ പറയുന്നതിന്റെ അർത്ഥം ഇതുകൊണ്ട് നിയമസഭാസാമാജികൻമാരെ ധാരാളമായി കമ്പനികളിലേയും കോർപ്പറേഷനുകളിലേയും ഉത്തരവാദിത്വം ഏൽപ്പിക്കണമെന്നേഅല്ല. അങ്ങനെ ഒരു അഭിപ്രായത്തോടു യോജിക്കാത്ത ആളാണ് ഞാൻ. പക്ഷേ നമ്മുടെ നാട്ടിൽ വേണ്ടിവന്നാൽ അതിനു നമ്മെ അവകാശപ്പെടുത്തുന്ന അധികാരപ്പെടുത്തുന്ന ഒരു നിയമമുണ്ട്. ഗവൺമെൻറ് കമ്പനികളും കോർപ്പറേഷനുകളും ഇന്ന് വളരെ പ്രധാനപ്പെട്ട ഒരു പങ്കാണ് നമ്മുടെ നാട്ടിലെ സാമ്പത്തിക ജീവിതത്തിൽ വഹിച്ചു കൊണ്ടിരിക്കുന്നതെന്ന് ഞാൻ പ്രത്യേകിച്ചു പറയാതെതന്നെ എല്ലാവർക്കും അറിയാം. വരാനിരിക്കുന്ന ഭാവിയിൽ ഈ മേഖല ഇന്നത്തേക്കാം എത്രയോ വിപുലമാകാൻ പോകുന്നുണ്ട്. 1968-ലെ ഒരു നിയമനിർമ്മാണത്തിന്റെ പഴയ പേജുകം മറിച്ചു നോക്കിയപ്പോം അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ. എം. എസ്സിന്റെ ഒരു വാചകം ഞാൻ കാണുകയുണ്ടായി. പ്ലാനിംഗ് ബോർഡിലേക്ക് എം. എൽ. എ. മാരായിട്ടുള്ളവരെ നിയമിക്കേണ്ട ഒരവസരം വന്നു. അതിന്റെ വൈസ് ചെയർമാനായിട്ടു നിയമിക്കേണ്ട അവസരമാണ് വന്നത്. അങ്ങനെ നിയമിക്കേണ്ട അവസരം വന്നപ്പോം ആ സ്ഥാനത്തേക്ക് അന്ന് ഇങ്ങനെ ഒരു എം. എൽ. എ. മാത്രമേ യോഗ്യനായിട്ട് ഉണ്ടായിരുന്നുള്ളു എന്നു കരുതിയിരിക്കണം തീർച്ചയായും അങ്ങനെ തന്നെ ആയിരിക്കണം ആ നിയമനിർമ്മാണം നടത്തിയത്. എന്തായാലും നേരത്തെതന്നെ ഡിസ്ക്വാളിഫിക്കേഷൻ ഒഴിവാക്കിയാണ് നിയമനം നടത്തിയത്. ഒരു എം. എൽ. എ. യെ നിയമിച്ചു. അന്ന് അന്നത്തെ മുഖ്യമന്ത്രി പറഞ്ഞത് ഗവൺമെൻറിന്റെ പ്രവർത്തന മേഖലകം മുൻ കാലത്തേക്കാളെല്ലാം പല രംഗങ്ങളിലും വിപുലമാക്കി, അങ്ങനെ വിപുലമായി വരുന്ന മേഖലകളിലേക്ക് ചിലപ്പോം ഇതുപോലുള്ള സാമാജികൻമാരെത്തന്നെ നിയമിക്കേണ്ടതു ആവശ്യമായി വരുന്നു. കാലം മാറുന്നതിനനുസരിച്ച് ഇങ്ങനെയുള്ള മാറ്റങ്ങം ആവശ്യമാണെന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ഞാൻ വായിക്കുകയുണ്ടായി. ഇപ്പോഴും അത് എന്റെ കയ്യിലുണ്ട്. അന്ന് അതായിരുന്നു സ്ഥിതി. അത് 1968-ലെ കാര്യമാണ്. അപ്പോം ഇന്ന് അതുപോലെതന്നെ നാളെ ഇങ്ങനെ ഈ മേഖലകളിലൊക്കെ നിയമസഭാസാമാജികൻമാരിൽ നിന്നും ചിലരെയെങ്കിലും നിയോഗിക്കേണ്ടി വരും. മറ്റു അനുവേങ്ങം നമുക്കു തെളിവാണ്. ഉദ്യോഗസ്ഥൻമാരെ ഈ കമ്പനികളുടെ ഭരണം സ്ഥിരമായി ഏൽപ്പിച്ചാൽ അതാണ് ഏറ്റവും ഭംഗിയെന്നു വിശ്വസിക്കുന്നവരുണ്ടാകാം. ഞാനേതായാലും അതിൽ വിശ്വസിക്കുന്നില്ല. ഇതുകൊണ്ട് ഉദ്യോഗ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനമാരുടെ കൂട്ടത്തിൽ ഈ കാര്യങ്ങളൊക്കെ ഭംഗിയായി നടത്താൻ കഴിയുന്ന ചിലർ ഇല്ലെന്നില്ല. അങ്ങനെയും ചില ആളുകളുണ്ട്. എന്നാൽ ഉദ്യോഗസ്ഥൻമാരെപ്പോലെയോ അതിൽക്കവിഞ്ഞോ പ്രത്യേകിച്ചും വ്യക്തമായ സാമൂഹ്യ വീക്ഷണത്തോടു കൂടി ഇത്തരം പ്രസ്ഥാനങ്ങളെ കൈകാര്യം ചെയ്യാൻ പൊതുജനനേതാക്കൻമാർക്കും രാഷ്ട്രീയ പ്രവർത്തകൻമാർക്കും കഴിയും. സർ, രാഷ്ട്രീയ പ്രവർത്തകരും പൊതുജന പ്രവർത്തകരും അത്ര വളരെ വെറുക്കപ്പെടുകയും അതിൽ നിന്നെല്ലാം ഒഴിവാക്കപ്പെടുകയും അവരെല്ലാം എന്തിനേറയോ പിന്നാലെ ഓടി നടക്കുന്നവരും ആണെന്ന് മുദ്രയടിക്കുന്നതിനെ ഞാൻ ശക്തിയായി പ്രതിഷേധിക്കുകയാണ്. ഇങ്ങനെ നമ്മുടെ നാട്ടിൽ ഇന്നൊരു പ്രചരണം നടക്കുന്നുണ്ട്. ആ പ്രചരണത്തിനു മാറ്റു കൂട്ടരുത്. ഇങ്ങനെയുള്ള വാദഗതിക്കു ശക്തി കൂട്ടരുത്. അറിഞ്ഞോ അറിയാതേയോ താൽക്കാലികമായ രാഷ്ട്രീയലാഭത്തെകരുതി ഇവിടെ നമ്മൾ കുറേ മണിക്കൂറുകൾ പലതും പറഞ്ഞിട്ട് സ്വന്തം ശരീരത്തിൽതന്നെ ചെളി തെറിപ്പിക്കുകയായിരുന്നു എന്ന് എന്റെ പ്രതിപക്ഷ സുഹൃത്തുക്കൾ മറന്നു പോയിരിക്കുന്നു. ഒരു വിഭാഗം എന്ന നിലയിൽ ഒരു വർഗ്ഗം എന്ന നിലയിൽ ഈ നിയമസഭയിലെ ശ്രീ. കാളാശ്ശേരിയെപ്പറ്റിയാണ് പലരും പറഞ്ഞു രസിച്ചത്. ആ ചിത്രത്തിൽ കാളാശ്ശേരി മാത്രം പെടുമെന്ന് ആരും തെറ്റിദ്ധരിക്കേണ്ട. ഈ പറഞ്ഞു രസിച്ചതിന്റെ സുഖം എത്രയുണ്ടെങ്കിലും ഈ നാട്ടിലെ ജനങ്ങളുടെ മനസ്സിലുള്ള ചിത്രം സാധാരണ ജനങ്ങളുടെ മനസ്സിൽ എം. എൽ. എ. മാരെ പ്പറ്റിയാണ് ഓർമ്മ വരുന്നത്. ആ വിഭാഗത്തെപ്പറ്റിയാണ് അവർ പലതും ധരിക്കുക. അത്ര വളരെ മോശമായി ധരിക്കത്തക്ക വിധത്തിലാണോ നമ്മുടെ നാട്ടിലെ ജനപ്രതിനിധികളുടെ സ്ഥിതി.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വേറെ ആരെപ്പറ്റിയും മോശമായി പറഞ്ഞില്ല.

ശ്രീ. പി. കെ. വാസുദേവൻ നായർ: മറ്റാരെപ്പറ്റിയും പറഞ്ഞില്ലെന്നു ശ്രീ. ബാലകൃഷ്ണപിള്ള പറഞ്ഞതു കൊണ്ടു കാര്യമില്ല. സ്വയം ചെളി വാരി എറിഞ്ഞു കഴിഞ്ഞാൽ കുറേ ചെളി അവിടേയുമിവിടേയുമിരിക്കും. അതുകൊണ്ട് കുറേക്കൂടി വസ്തു നിഷ്ടമായി നിഷ്കൃഷ്ടമായി ഈ പ്രശ്നങ്ങളെ കൈകാര്യം ചെയ്യണമെന്നേ എനിക്ക് ഇതേപ്പറ്റി പറയാനുള്ളു. ചില ഗവൺമെൻറ് കമ്പനികളുടേയും കോർപ്പറേഷനുകളുടേയും ഉത്തരവാദിത്വങ്ങളെ ജനപ്രതിനിധികളെ ഏൽപ്പിച്ചു കൊടുക്കണമെന്നാണ് ഈ ഗവൺമെൻറിന്റെ അഭിപ്രായം. അങ്ങനെ ചില തീരുമാനങ്ങളും ഞങ്ങളും എടുത്തിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇപ്പോഴത്തന്നെ എൻ. കെ. ബാലകൃഷ്ണനും മറ്റു ചില ഈ സഭയിലുള്ള അംഗങ്ങളും കോർപ്പറേഷനുകളിൽ ചെയർമാൻമാരായി തുടരുന്നുണ്ട്. അവർക്കൊന്നും ഡിസ്ക്വാളിഫിക്കേഷനില്ല. അവർ ഇനിയും തുടരട്ടെ, ആർക്കാണാക്ഷേപം? ഞങ്ങളാരും എതിരു പറഞ്ഞില്ല.

ശ്രീ. പി. കെ. വാസുദേവൻ നായർ: റമ്യൂണറേഷനോടുകൂടി തുടരേണ്ടി വരും. അതിനവരെ യോഗ്യരാക്കുന്നതിൽ തെറ്റില്ല എന്നാണ് ഞങ്ങളുടെ അഭിപ്രായം. ആ അഭിപ്രായത്തെപ്പറ്റി വിയോജിപ്പുണ്ടാകാം. ഇതിൽ നിന്നു വ്യത്യസ്തമായ മറ്റൊരു നല്ല വാദം, ഞാൻ അതു തള്ളിക്കളയുന്നില്ല. ശ്രീ. വി. കെ. കൃഷ്ണ മേനോൻ ചെയർമാനായി മുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. ശ്രീ. വി. കെ. കൃഷ്ണമേനോൻ കമ്മിറ്റിയുടെ ശുപാർശകൾ ഞങ്ങൾ പറയുന്നതിനെതിരാണ്. വി. കെ. കൃഷ്ണമേനോൻ കമ്മിറ്റിയുടെ ശുപാർശ എം. പി. മാരെ കമ്പനികളുടെ ഭരണത്തിൽ നിയമിക്കരുതെന്നാണ്. ഈ നിയമസഭയാണ് ഈ കമ്പനികളുടേയും കോർപ്പറേഷനുകളുടേയും വിധി കർത്താക്കൾ. ഇങ്ങനെയുള്ള വാദം ഇവിടെ ആരും പറഞ്ഞു കേട്ടില്ല. ഞാൻ തന്നെ പറയേണ്ടി വന്നിരിക്കുകയാണ്. പറയേണ്ടത് ഇതൊക്കെയായിരുന്നു. ശ്രീ. കാളാശ്ശേരിയോടുള്ള പകയുടെ ജ്വരം മൂത്തതുകൊണ്ട് ഇതൊന്നും പറയാൻ തോന്നിയില്ല. ഇതൊക്കെ ഉന്നയിച്ചിരുന്നെങ്കിൽ ചർച്ച ചെയ്യാമായിരുന്നു. വാദപ്രതിവാദം നടത്തേണ്ട കാര്യമായിരുന്നു, അതൊന്നും ചെയ്തില്ല. പാർലമെന്ററി ഡെമോക്രസിയിൽ വളരെയധികം ചർച്ച ചെയ്യപ്പെടേണ്ട ഒരു വിഷയമാണ് എം.എൽ.എ. മാരും എം. പി. മാരും. ഇങ്ങനെയുള്ള ഒരു കമ്പനിയിൽ ഭരണം ഏറെടുത്താൽ അവർ കൂടി ഉൾപ്പെടുന്ന ഒരു സഭ ആ കമ്പനിയുടെ വിധി കർത്താക്കൾ ആകുന്നത് എങ്ങനെ പൊരുത്തപ്പെടും, ഇതു തമ്മിൽ ഒരു വൈരുദ്ധ്യമില്ലേ? ഇത് ശ്രീ. വി. കെ. കൃഷ്ണമേനോൻ ഉന്നയിച്ച ഒരു സംശയമാണ്. അദ്ദേഹത്തിന്റെ ശുപാർശ എം. പി. മാരെ ആ ഉത്തരവാദിത്വത്തിൽ ഇരുത്തരുതെന്നാണ്. പക്ഷേ ആ ശുപാർശ അനുസരിച്ചല്ല കാര്യങ്ങൾ നടന്നിട്ടുള്ളത്. അല്ലാത്തകാര്യങ്ങളും കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും നടന്നിട്ടുണ്ട്, ഇപ്പോഴും നടക്കുന്നുണ്ട്, നാളെ നടക്കാനും പോകുന്നുണ്ട്. ഈ രാജ്യത്തു തീർച്ചയായും അങ്ങനെ നടക്കാനാണു സാദ്ധ്യത കൂടുതൽ എന്നു ഞാൻ കരുതുന്നു. പക്ഷേ അതിനെക്കുറിച്ച് ഒന്നു ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ഇങ്ങനെ വളരെ അപൂർവ്വമായിട്ടെങ്കിലും ഒരു കോർപ്പറേഷനേറയോ ഒരു കമ്പനിയുടേയോ ഭരണത്തിൽ നമ്മുടെ നിയമസഭാസാമാജികൻമാരെ ഉൾപ്പെടുത്തുന്നതാണു നല്ലതെന്നു ഗുണദോഷ വിചാരത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെൻറു തീരുമാനിച്ചു കഴിഞ്ഞാലും ചില കൺവെൻഷൻസ് വേണ്ടിവരുമെന്നാണ് എന്റെ അഭിപ്രായം. എന്റെ സ്വന്തം അഭിപ്രായം പറയുകയാണ്. ഉദാഹരണത്തിന് ഇതേ ചെയർമാൻ തന്നെ പി.എ.സി. യിലോ പി.യു.സി. യിലോ മെമ്പറായിരിക്കുകയാണെങ്കിൽ അതു ഭംഗിയല്ലെന്നാണ് എന്റെ അഭിപ്രായം. സ്വയം അങ്ങനെ ചിലതിൽ നിന്നും ഒഴിഞ്ഞു നിൽക്കേണ്ടി വരും. ആ ഉത്തരവാദിത്വം ഏൽക്കുന്ന മെമ്പർ ഒരു പക്ഷേ ഇതിനെപ്പറ്റി ചില തീരുമാനങ്ങൾ ഫോർമലായി എടുക്കേണ്ടി വന്നാൽ എടുക്കുകയുംചെയ്യാം. അല്ലാതെ രണ്ടും കൂടി ശരിയല്ലെന്നു തന്നെയാണ് എന്റെയും അഭിപ്രായം. ഇത്തരത്തിലുള്ള ചില വ്യക്തമായ ധാരണകളോ തീരുമാനങ്ങളോ എടുത്തു കൊണ്ട് അപൂർവ്വമായിട്ടെങ്കിലും, എപ്പോഴും എല്ലാസ്ഥലത്തും ആരെയും വയ്ക്കുകയെന്നുള്ളതല്ല, നിയമസഭാസാമാജികൻമാരുടെ കഴിവുകൾ, അവരുടെ അനുഭവങ്ങൾ നമ്മുടെ രാജ്യത്തിനു പ്രയോജനപ്പെടുത്തണം. സർ, നമ്മുടെ നിയമസഭാസാമാജികൻമാരിൽ പലർക്കും അങ്ങനെയുള്ള നല്ല കഴിവുകളുണ്ട്. ധാരാളം അനുഭവങ്ങളുണ്ട്, വിശേഷിച്ചും മറ്റാർക്കുമില്ലാത്ത അനുഭവ പരിചയവുമുണ്ട്. അങ്ങനെയുള്ള കഴിവും അനുഭവവും ഉപയോഗിക്കണമെന്നുദ്ദേശിച്ചാണ് ഇങ്ങനെ ഒരു നിയമനിർമ്മാണം ഗവൺമെൻറ് കൊണ്ടുവന്നിട്ടുള്ളത്. അതിനപ്പുറത്ത് ഇത്രയേറെ വാദപ്രതിവാദം ഈ സഭയിലെ ഒരംഗത്തെ മാത്രം ചുറ്റിപ്പറ്റി നടത്തേണ്ടതില്ലായിരുന്നു എന്നാണ് എനിക്കു തോന്നുന്നത്. ഇനി ഇക്കാര്യത്തിൽ ഒരു നിയമനം

LIBRARY ARCHIVES Kerala Legislative Assembly

നടന്നു കഴിഞ്ഞപ്പോൾ ആദ്യമായി അതിലെ ഒരു പോരായ്മ ചൂണ്ടിക്കാണിച്ചിട്ടുള്ളത് ബഹുമാനപ്പെട്ട മെമ്പർ തന്നെയാണ്, മറ്റാരുമല്ല. ഇതൊരു സാങ്കേതികമായ പ്രശ്നമാണ്. അതിനെപ്പറ്റിയുള്ള രാഷ്ട്രീയ കാര്യങ്ങൾ മാത്രമാണ് ഇവിടെ പറഞ്ഞിട്ടുള്ളതെല്ലാം. മറ്റു കാര്യങ്ങൾ പറഞ്ഞിട്ടുള്ളതെല്ലാം രാഷ്ട്രീയ കാര്യങ്ങളാണ്. നിർഭാഗ്യവശാൽ ഒരു കാലഘട്ടത്തിൽ ഒരു പാർട്ടിയിൽ പിളർപ്പുണ്ടായി, അഭിപ്രായവ്യത്യാസങ്ങളുണ്ടായി. അതെല്ലാം ഇതിനകത്തു കൊണ്ടു വരണമായിരുന്നോ ഈ പ്രശ്നത്തെപ്പറ്റി ഇത്ര വലിയ പശ്ചാത്തലത്തിൽ സംസാരിക്കേണ്ട ആവശ്യമുണ്ടായിരുന്നോ? ഈ കാലഘട്ടത്തിൽ അങ്ങോട്ടുമിങ്ങോട്ടും ആരെല്ലാം കക്ഷി തിരിഞ്ഞിട്ടുണ്ട്? ചില രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ പിളർപ്പുണ്ടാകുമ്പോൾ അതിനകത്തുള്ള അംഗങ്ങൾ ചില നിലപാടുകൾ സ്വീകരിക്കുന്നു എന്നുള്ളത് ഒരു പ്രതിസന്ധിയിൽ ഒരു തർക്ക വിഷയമാകാം. പല ആളുകളെ സംബന്ധിച്ചും പലതും പറയാൻ കഴിയും. അതു നിയമസഭയിൽ വിലപിടിച്ച മണിക്കൂറുകൾ ഉപയോഗിച്ച് ചർച്ച ചെയ്യണമോ എന്നു ഞാൻ സംശയിക്കുകയാണ്. നിർഭാഗ്യവശാൽ ഈ നിയമനിർമ്മാണത്തെ സംബന്ധിച്ച് നമ്മുടെ പ്രധാനപ്പെട്ട വർത്തമാനപത്രങ്ങൾ റിപ്പോർട്ടു ചെയ്തപ്പോൾ, ഞാൻ ഖേദത്തോടു കൂടിത്തന്നെ പറയട്ടെ, ആ പത്രപംക്തികളിൽ റിപ്പോർട്ടു ചെയ്യപ്പെടേണ്ടതു പോലെയല്ല റിപ്പോർട്ടു ചെയ്യപ്പെടുന്നത് എന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. 'കാളാശ്ശേരി നിയമം' എന്നാണെഴുതിയത്. നാം ഇവിടെ പറയുന്നത് അതുപോലെ പകർത്തിയെഴുതി എന്ന് അവർക്കു വേണമെങ്കിൽ പറയാം. എങ്കിലും ഈ നിയമസഭ ഒരു നിയമത്തെപ്പറ്റി ചർച്ച ചെയ്യുമ്പോൾ ഞാൻ അഭ്യർത്ഥിക്കുന്നത് പത്രങ്ങൾ ആ നിയമത്തെ സംബന്ധിച്ച റിപ്പോർട്ടുകളാണ്, കൊടുക്കാൻ ശ്രമിക്കേണ്ടത് എന്നാണ്. മറ്റു തരത്തിലുള്ള ചർച്ചകൾ നിർഭാഗ്യകരമായിപ്പോയി എന്നു മാത്രമേ എനിക്കു പറയാനുള്ളു. പ്രശ്നത്തിൽ നിന്നു ഒഴിഞ്ഞു മാറിയ തരത്തിലാണ് ഇതിനെ സംബന്ധിച്ച പരാമർശം ഉണ്ടായതെന്നു ഞാൻ വിശ്വസിക്കുന്നു. ഇതാണ് ഇതിന്റെ ശരിയായ പശ്ചാത്തലം. അതുകൊണ്ട് ഈ നിയമം ഈ സഭ പാസ്സാക്കിത്തരണമെന്നു അഭ്യർത്ഥിക്കുന്നു.

The amendment moved by Shri N.I. Devassikutty was put and lost.

The amendment moved by Shri P. Sankar was, by leave, withdrawn.

The question that the Legislative Assembly (removal of Disqualifications) Amendment Bill, 1979 be taken into consideration was put and carried.

The bill was taken into consideration.

Clause 2

Shri M. K. Krishnan: Sir I move the following amendments:

1. (48) In sub-section (2) proposed to be inserted in section 2 of the Principal Act, by clause 2, in the opening sentence delete the words, "or deemed ever to have been disqualified" and the words "and for being."

2. In sub-section (2) proposed to be inserted in section 2 of the Principal Act, by clause 2, delete the words "or has held" wherever they occur.

3. In sub-section (2) proposed to be inserted in section 2 of the Principal Act by clause 2, in clause (i) after the word 'company' add the following— "without remuneration".

LIBRARY ARCHIVES Kerala Legislative Assembly

4. In sub-section (2) (proposed to be inserted in section 2 of the Principal Act by clause 2) in clause (ii) after the word 'Kerala' add the following, "without remuneration".

സർ, ഈ സഭയിൽ മുഖ്യമന്ത്രി പറഞ്ഞ അതേ വാദഗതി തന്നെയാണ് ഈ ഭേദഗതികൂടി അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിക്കുന്നത്. സർ, ഇതു വ്യക്തിപരമല്ല. നമ്മുടെ സംസ്ഥാനത്ത് ഒരു നിയമം ഉണ്ടാക്കുമ്പോൾ വിശേഷിച്ചും ഈ സഭയിലെ അംഗങ്ങളെ ബാധിക്കുന്ന ഒരു നിയമം ഈ സഭ ഉണ്ടാക്കുമ്പോൾ ഈ സഭയിലെ അംഗങ്ങളുടെ അന്തസ് നില നിർത്താനും അന്തസ് ഉയർത്തിപ്പിടിക്കാനും നമുക്കു കഴിയണം. സർ, ഈ നിയമം പാസ്സായാൽ നമ്മുടെ സഭയിലെ അംഗങ്ങളെക്കുറിച്ച് വളരെ മോശമായ അഭിപ്രായം ഉണ്ടാകും. മുഖ്യമന്ത്രി പറഞ്ഞതുപോലെ പൊതുജനങ്ങളിൽ വേണ്ടാത്ത അഭിപ്രായമാണ് ഈ സംസ്ഥാനത്ത് പറഞ്ഞു നടക്കുന്നതെങ്കിലും ആ പറഞ്ഞു നടക്കുന്ന അഭിപ്രായങ്ങളെല്ലാം തന്നെ അക്ഷരം പ്രതി ശരിയാണെന്ന് ബോദ്ധ്യമാകും ഈ നിയമം പാസ്സായാൽ. ഈ സഭയിലെ അംഗങ്ങൾ എന്തെങ്കിലും പ്രത്യേകമായ താൽപ്പര്യം സംരക്ഷിക്കുവാൻ വേണ്ടി ആരുടെയെങ്കിലും പിന്നിൽ ഓടി നടക്കുന്നവരാണോ എന്നു ചോദിച്ചാൽ അല്ല. നമ്മുടെ ഈ സഭയിൽ കഴിവുള്ള ആളുകളുണ്ട്. മുഖ്യമന്ത്രി പറഞ്ഞതുപോലെ നമ്മുടെ സംസ്ഥാനം വികസിച്ചുകൊണ്ടിരിക്കുകയാണ്., ആ വികസന രംഗങ്ങളിലെല്ലാം തന്നെ അവരുടെ കഴിവു വിനിയോഗിക്കുവാൻ നമുക്കു കഴിയണം. ഇത്തരം വികസന രംഗത്തു കഴിവുള്ള ആളുകളുടെ കഴിവു വിനിയോഗിക്കുവാൻ കഴിയുന്ന തരത്തിൽ അവരുടെ സേവനം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ കോർപ്പറേഷനുകളുടേയും കമ്പനികളുടേയും ചെയർമാൻ ആക്കാൻ വ്യവസ്ഥ ചെയ്യുന്നതാണ് ഈ നിയമം. സർ, അങ്ങനെ ഒരു നല്ല ഉദ്ദേശത്തോടുകൂടിയാണ് ഈ നിയമംകൊണ്ടു വന്നതെന്ന് അംഗീകരിക്കുകയാണെങ്കിൽ അക്കാര്യം ഗവൺമെൻറിനു ബോദ്ധ്യമായി അതിന്റെ അടിസ്ഥാനത്തിൽ ഈ കോർപ്പറേഷനുകൾ നല്ല രീതിയിൽ നടത്താൻ കഴിയുന്ന സാമർത്ഥ്യവും കഴിവുമുള്ളവരുടെ സേവനം ഇതിനുവേണ്ടി വിനിയോഗിക്കുവാൻ കഴിയുമാറു നിയമം കൊണ്ടു വരികയാണെങ്കിൽ ഞങ്ങളാരും അതിനു എതിരല്ല. ഈ നിയമം അങ്ങനെയാണോ വന്നത്? അങ്ങനെയല്ല ഈ നിയമം ഈ സഭയിൽവന്നത്. ഈ സഭ കൂടാനിരിക്കുന്നതിനു രണ്ടു മാസം മുമ്പു ഗവൺമെൻറ് ഒരു ഓർഡിനൻസു കൊണ്ടുവന്നു. സർ, അതിൽ പറയുന്നത് എന്താണ്? സർ, ആരുടെയെങ്കിലും കഴിവു വിനിയോഗിക്കരുതെന്നു ഞാൻ ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നില്ല. No person shall be disqualified or deemed ever to have been disqualified for being chosen as, and for being, a member of the Legislative Assembly of the State of Kerala by reason only- എന്നു പറഞ്ഞിട്ട് "that he holds or has held the office of the Chairman of a Government Company. എന്നു പറയുകയാണ്. അതുപോലെ സബ് സെക്ഷൻ (2) ൽ പറയുന്നത് that he holds or has held the office of the Chairman of a Corporation .....എന്നാണ്. എന്തിനാണ് സർ ഇങ്ങനെ ഒരു നിയമം കൊണ്ടു വരുന്നത്? ഇതിനു മുമ്പു ഈ സഭ തന്നെ പാസ്സാക്കിയിട്ടുള്ള ചില നിയമങ്ങളും ഞാൻ നോക്കി. ആ നിയമങ്ങളിൽ ഒന്നും തന്നെ "or has held" എന്നപദപ്രയോഗം ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലത്തും കണ്ടില്ല. 1954 - ൽ കേരളാ അസംബ്ലിയിൽ തന്നെ ഈ നിയമത്തിന് ഒരു ഭേദഗതികൊണ്ടു വന്നിട്ടുണ്ട്. 1968 - ലെ ഭേദഗതി നിയമത്തെപ്പറ്റി പലരും ഇവിടെ പരാമർശിച്ചു. ആ ഭേദഗതി നിയമത്തിലും "or has held" എന്ന മൂന്നു വാക്കു ഉപയോഗിച്ചിട്ടില്ല. പിന്നെ എന്തിനാണു സർ ഈ നിയമത്തിൽ ഇങ്ങനെ 'disqualified or deemed ever to have been' എന്ന പദപ്രയോഗവും 'or has held' എന്ന പദപ്രയോഗവും കൊണ്ടു വന്നു പാസ്സാക്കുന്നത്? എനിക്കു മനസ്സിലാക്കാൻ വളരെ വിഷമമാണ്. ഈ പദപ്രയോഗം കൊണ്ട് ഗവൺമെന്റ് യഥാർത്ഥത്തിൽ ചെയ്യുന്നത് ഈ സഭയിലെ മുഴുവൻ മെമ്പറൻമാരേയും പൊതുജനങ്ങളുടെ മുന്നിൽ അവഹേളനാപാത്രമാക്കുകയെന്നുള്ളതാണ്. അതുകൊണ്ടാണ് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നത്. ഞാൻ ദീർഘിപ്പിക്കുവാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് മുഖ്യമന്ത്രി ഇപ്പോഴം ഉന്നയിച്ച വാദഗതി അംഗീകരിച്ചുകൊണ്ട് ഞാൻ കൊണ്ടു വന്നിട്ടുള്ള ഭേദഗതി അംഗീകരിക്കുന്നില്ലെങ്കിൽ പൊതുജനങ്ങളെ കുറ്റം പറഞ്ഞിട്ടു യാതൊരു കാര്യവുമില്ല. പൊതുജനങ്ങൾക്ക് ഈ സഭയിലെ അംഗങ്ങളെ കുറ്റപ്പെടുത്താൻ ആവശ്യമായ എല്ലാ കരുക്കളും ഈ നിയമത്തിലുണ്ട്. അതൊഴിവാക്കി ഈ സഭയുടേയും ഈ സഭയിലെ അംഗങ്ങളുടേയും അന്തസ്സ് നിലനിർത്താൻ കഴിയുമാറ് എന്റെ ഭേദഗതി അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റു ഭേദഗതികളം ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, എനിക്കു പറയാനുള്ള കാര്യങ്ങളെല്ലാം ഞാൻ വളരെ വിശദമായിത്തന്നെ പറഞ്ഞു. ബഹുമാനപ്പെട്ട മെമ്പറുടെ ഭേദഗതികളൊന്നും സ്വീകരിക്കാൻ സാധിക്കുകയില്ല. പ്രത്യേകിച്ചും ഹൈക്കോടതിയിൽ ഇതു സംബന്ധിച്ച് ഒരു കേസ് നിലവിലിരിക്കുന്ന സമയത്ത് ആ കാര്യങ്ങൾക്ക് ബാധകമാകുന്ന ഒന്നും ഈ സഭയിൽ പറയാൻ ഇപ്പോഴം ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഈ ഭേദഗതികളം സ്വീകരിക്കുന്നില്ല.

The amendments moved by Shri M. K. Krishnan were put and lost.

The question that Clause 2 stands part of the Bill was put and carried.

Clause 2 was added to the Bill.

Clause 3

Shri M.K. Krishnan: Sir, I move: "In clause 3, delete sub-clause (2).

സർ, നേരത്തെ പറഞ്ഞ മാതിരി ഓർഡിനൻസ് സേവു ചെയ്യുന്നതിനു വേണ്ടിയുള്ള ഒരു ക്ലാസ് ആണ് ഇത്. ഈ ഓർഡിനൻസിന്റെ പിൽക്കാലചരിത്രത്തെപ്പറ്റിയൊന്നും പറയേണ്ട കാര്യമില്ല. നേരത്തെ ഇവിടെ പറഞ്ഞതാണ്. ഇലക്ഷൻ കമ്മീഷന്റെ മുമ്പാകെ ഒരു കേസ്

LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കുമ്പോഴാ ആ കേസിന്റെ അവസാന ഹിയറിംഗ് വച്ചിരുന്നതിന്റെ തലേ ദിവസമാണ് ഗവൺമെന്റ് ഈ ഓർഡിനൻസ് കൊണ്ടു വന്നത്. ഈ ഓർഡിനൻസിനു പകരമായി നിയമം കൊണ്ടുവന്നു പാസാക്കുമ്പോഴാ ഡിസംബർ 29 -ാം തീയതി മുതലുള്ള പിൽക്കാല പ്രാബല്യം ഉണ്ടായിരിക്കുമെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഈ പിൽക്കാല പ്രാബല്യം എടുത്തു കളയണം. സീസറുടെ ഭാര്യ സംശയത്തിനതീതയായിരിക്കണമെന്നു പറയുന്നതു പോലെ ഈ സഭയുടെ അന്തസ്സ് നിലനിറുത്താൻ കഴിയുകയും ഈ സഭയിലെ മെമ്പറൻമാരെക്കുറിച്ച് പൊതുജനങ്ങൾക്ക് സംശയം ഇല്ലാതിരിക്കുകയും ചെയ്യണം. സർ, ഈ വകുപ്പു നിലനിറുത്തരുത്. അതുകൊണ്ട് ഇത് എടുത്തു കളയണമെന്ന് ഞാൻ ഒരിക്കൽകൂടി ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റു ഭേദഗതികളെല്ലാം ഈ ഭേദഗതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, കൂടുതലായി ഒന്നും എനിക്കു പറയാനില്ല.

The amendment moved by Shri M. K. Krishnan was put and lost.

The question that Clause 3 stands part of the Bill was put and carried.

Clause 3 was added to the Bill.

Clause 1, Preamble and Title :

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, 1979-ലെ നിയമസഭ (അയോഗ്യത നീക്കം ചെയ്യൽ) ഭേദഗതി ബിൽ പാസാക്കിത്തരണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

റവന്യൂ മന്ത്രി (ശ്രീ. ബേബി ജോൺ): സർ, ഞാൻ പിൻതാങ്ങുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈ ബില്ലിന്റെ മൂന്നാം വായന നടക്കുന്ന ഈ സമയത്തെങ്കിലും ഇവിടെ നടന്ന വികാരങ്ങളും ഒന്നു പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കാനാണ് ഞാൻ എഴുന്നേറ്റത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നമ്മുടെ എം. എൽ. എ. മാരുടെ അന്തസ്സിന്റെ പേരു പറഞ്ഞാണ് ഈ ബില്ലിന്റെ ചർച്ചക്ക് മറുപടി പറഞ്ഞത്. ഇതിനു മുമ്പ് ശ്രീ. ഹമീദിനെ പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാൻ ആക്കുന്നതിനുവേണ്ടി നടത്തിയിട്ടുള്ള ഭേദഗതികളോട് ഇതിനെ താരതമ്യപ്പെടുത്തുകയും ചെയ്തു. താരതമ്യപ്പെടുത്തിക്കൊണ്ട് അന്നു കൊണ്ടുവന്നിട്ടുള്ള ഭേദഗതി തെറ്റാണെന്നു പറയുകയല്ല, തത്തുല്യമായ ഒരു ഭേദഗതി, നിരുപദ്രവകരമായ ഒരു ഭേദഗതി എന്ന നിലയ്ക്കാണ് അദ്ദേഹം അവതരിപ്പിച്ചത്. സർ, അന്ന് രാഷ്ട്രീയമായ ഒരു പ്രശ്നം ഉണ്ടായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിൻെറ പിന്തുണ പിൻവലിക്കുന്ന പ്രശ്നം, ഗവൺമെൻറിന് ആപത്ത് ഉണ്ടാകുന്ന യാതൊരു പ്രശ്നവും, ഉണ്ടായിരുന്നില്ല. ശ്രീ. ഹമീദിനെപ്പോലെ ഇഞ്ചിനീയറിംഗ് കോളേജിൽ പ്രിൻസിപ്പലായിരുന്ന ആ എം. എൽ. എ. യുടെ കഴിവ് പ്ലാനിംഗിൻെറ ഒരു യുഗത്തിൽ ആ കാര്യത്തിൽ വിനിയോഗിക്കണമെന്ന പ്രത്യേക ഉദ്ദേശത്തോടു കൂടി കൊണ്ടു വന്നിട്ടുള്ള ഭേദഗതിയും ഇവിടെ പരാമർശിക്കപ്പെട്ട സന്ദർഭങ്ങളിൽ കൊണ്ടു വന്നിട്ടുള്ള ഭേദഗതിയും തമ്മിൽ എങ്ങനെ പൊരുത്തപ്പെടുമെന്ന് മനസ്സിലാക്കാൻ എത്ര ആലോചിച്ചാലും സാദ്ധ്യമല്ല. എം. എൽ. എ. മാരുടെ അവകാശം സംരക്ഷിക്കാൻ വേണ്ടി മുതിരുന്ന ഒരു ഗവൺമെൻറ് ആണെങ്കിൽ ആ എം. എൽ. എ. മാർ ഇവിടെ പ്രകടിപ്പിച്ച വികാരത്തെ മാനിച്ചു കൊണ്ട് ഈ ബിൽ നടപ്പിലാക്കാതിരിക്കുകയാണ് വേണ്ടത്. എം. എൽ. എ. മാരുടെ തന്നെ അന്തസ് ചോദ്യം ചെയ്യുന്ന, എം. എൽ. എ. മാരെ, വിലയ്ക്കെടുക്കാൻ കഴിയുന്നവരാണെന്ന രീതിയിൽ അവരെ അപമാനിക്കുന്ന ഒരു നിയമനിർമ്മാണമായതു കൊണ്ടാണ് എം. എൽ. എ. മാർ എതിർക്കുന്നത്. അത് കാളാശ്ശേരിയോടുള്ള ഒരു അവഹേളന മായിപ്പോയി, ഒരു മെമ്പറെ ചുറ്റിപ്പറ്റിയുള്ള പരാമർശനം നിർഭാഗ്യ കരമായിപ്പോയി, പ്രത്യേകിച്ച് അതൊരു ഹരിജനെക്കുറിച്ചായതുകൊണ്ട് അതിലേക്കു കൂടി വ്യാപിപ്പിച്ച്അതിനു മറുപടി പറഞ്ഞ രീതി നിർഭാഗ്യകരമായിപ്പോയി എന്നാണ് എനിക്കു പറയാനുള്ളത്. ഒരു പ്രത്യേക സന്ദർഭത്തിൽ മുൻകാല പ്രാബല്യത്തോടു കൂടി ഒരു പ്രത്യേക രാഷ്ട്രീയ ലക്ഷ്യം നടപ്പാക്കുന്നതിനുവേണ്ടി നടത്തിയിട്ടുള്ള ഒരു അഴിമതി എന്ന രൂപത്തിൽ ആ കളങ്കം എം. എൽ. എ. മാരെ ഏൽപ്പിക്കുന്നതിനു വേണ്ടി ഗവൺമെൻറ് ശ്രമിക്കുകയാണ്. അത് അവരുടെ മേൽ ഇപ്പോഴും തങ്ങിനിൽക്കുകയാണ്. ആ ചെളി ബഹുമാ നപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ എല്ലാവരുടേയും മേൽ തങ്ങി നിൽക്കുകയില്ല. കഴുകിക്കളയേണ്ടവർ ആ ചെളി കഴുകിക്കളഞ്ഞുകൊള്ളും. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ആ ചെളി നീക്കാനുള്ള പരി ശ്രമം നടത്തണമെന്നാണ് എനിക്ക് അവസാനമായി അഭ്യർത്ഥിക്കു വാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ബഹു മാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ വീണ്ടും ഒരു അഭ്യർത്ഥന നടത്തിയ തുകൊണ്ട് വാസ്തവത്തിൽ എനിക്ക് ഒന്നും മിണ്ടാതിരിക്കാൻ പറ്റുകയില്ല. എന്നാൽ വളരെ ഖേദത്തോടുകൂടി അദ്ദേഹത്തിൻെറ അഭ്യർത്ഥന സ്വീകരിക്കാൻ സാദ്ധ്യമല്ലെന്നു പറയേണ്ടിയിരിക്കുന്നു. എനിക്ക് അതിൽ ഖേദമുണ്ട്. ശ്രീ. ടി. കെ. പറയുമ്പോഴും കഴിയു മെങ്കിൽ അതു ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ അതിനു കഴിയാതിരി ക്കുകയാണ്. ഇവിടെ സംസാരിച്ചവർ ഗവൺമെൻറിൻെറ നിലനിൽപ്പു മായി ബന്ധപ്പെടുത്തി, അതിനു വേണ്ടി നടത്തുന്ന അഴിമതി എന്നൊക്കെ പറഞ്ഞു. ഇവിടെ ഗവൺമെൻറിൻെറ നിലനിൽപ്പ് ഒരിക്കലും ഒരു പ്രശ്നമായിട്ടില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിനു ശേഷം എപ്പോഴാണ് കേരളത്തിലെ ഗവൺമെൻറിൻെറ നിലനിൽപ്പു പ്രശ്നമായത്. അവിടെയാണ് അങ്ങിനെ ഒരു ധാരണ ഉണ്ടായത്. എന്തിനാണ് ഇതു പറഞ്ഞു പരത്തുന്നത്. അങ്ങനെയൊന്നും ഒരിക്കലും ഉണ്ടായിട്ടില്ല. ഈ ഗവൺമെൻറു വളരെ ഉറച്ചു സ്ഥിരമായിട്ട് നല്ല ഭൂരിപക്ഷത്തോടു കൂടി ഈ സഭയിൽ പ്രവർത്തിക്കുകയാണ്. എല്ലാ കാലത്തും അങ്ങിനെ പ്രവർത്തിക്കുകയായിരുന്നു. അതുകൊണ്ട് ഇതൊക്കെ ആവശ്യമില്ലാത്ത എന്തോ ചില സങ്കൽപ്പങ്ങളാണ്. പിന്നെ ഒരു പാർട്ടിക്കകത്ത്

LIBRARY ARCHIVES Kerala Legislative Assembly

പിളർപ്പുണ്ടായി. ഒരുപാർട്ടിക്കകത്ത് പിളർപ്പുണ്ടാകുമ്പോൾ അങ്ങോട്ടു മിങ്ങോട്ടും പലതും പറയും. അതിനകത്ത് കഥയില്ല. അടിസ്ഥാന മില്ല. പിന്നെ, ഗവൺമെൻറിൻെറ നിലനിൽപ്പുമായിട്ട് ബന്ധപ്പെടു ത്താൻ കഴിഞ്ഞത് ഭാവനാവിലാസം തന്നെയാണ്. അതിന് ഞാൻ ബഹുമാനപ്പെട്ട മെമ്പറൻമാരെ അഭിനന്ദിക്കുന്നു. സത്യവുമായിട്ട് യാതൊരു ബന്ധവുമില്ലാത്തതുകൊണ്ട് അതിൻെറ അർത്ഥം ശ്രദ്ധിക്കുന്നില്ല ഈ നിയമം പാസാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

സർ, നേരത്തെ എൻെറ പ്രസംഗത്തിൽ പറഞ്ഞ ഒരു കാര്യമുണ്ട് എം. എൽ. എ. മാരെ ഇത്തരത്തിലുള്ള ഉത്തരവാദിത്വം ഏൽപ്പിച്ചാൽ അവർ മറ്റു ചില കമ്മിറ്റികളിൽ വരുന്നതിനെപ്പറ്റി പറഞ്ഞു. അതിന് ഇപ്പോഴും തന്നെ നമ്മുടെ നിയമത്തിൽ ചില വ്യവസ്ഥകളുണ്ട്. അതിനാവശ്യമായ നിയമം ഉണ്ടാക്കിവച്ചിട്ടുണ്ടെന്ന് ഇപ്പോഴും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

The question that the Legislative Assembly (removal of Disqualifications) Amendment Bill, 1979, be finally passed, was put and carried.

Shri R. Balakrishna Pillai: Sir, I demand a poll.

A poll was taken, when the House divided as follows:

AYES : 52

1. Shri M.P.M. Abdulla Kurikkal
2. Shri Korambayil Ahammed Haji
3. Shri Aryadan Muhamed
4. Shri Baby John
5. Shri K.K. Balakrishnan
6. Shri N.K. Balakrishnan
7. Smt. Bhargavi Thankappan
8. Shri K.J. Chacko
9. Shri P.K. Chathan Master
10. Shri J. Chitharanjan
11. Shri Cyriac John
12. Shri Damodaran Kalassery
13. Shri P.R. Francis
14. Shri E.P.Gopalan
15. Shri C.P.Govindan Nambiar
16. Shri M.K. Hemachandran
17. Shri T.M.Jacob
18. Shri T.S.John
19. Shri P.J.Joseph
20. Shri V.J.Joseph
21. Shri M.K.Kesavan
22. Shri Kittappa Narayanaswamy
23. Shri K.T.Kumaran
24. Shri P.T.Kunhutty Haji
25. Shri C.A.Kurian
26. Shri Lonappan Nambadan
27. Shri O. Lukose
28. Shri T.A. Majid
29. Shri M.V. Mani
30. Shri C.H. Mohammed Koya
31. Shri K. Narayana kurup
32. Shri Kallada Narayanan
33. Shri Oommen Chandy
34. Shri K. Pankajakshan
35. Shri T.A. Paraman
36. Shri V.K. Rajan
37. Shri P. Sankar
38. Shri K. Sankaranarayanan
39. Shri V.T.Sebastian
40. Shri B.M.Sheriff
41. Shri Siddardhan Kattungal
42. Shri P.S. Sreenivasan
43. Shri K. Sukumaranunni
44. Shri C.M.Sundaram
45. Shri A.V.Thamarakshan
46. Shri Thomas Joseph
47. Shri Thyagarajan
48. Shri R.S.Unni
49. Shri S.Varadarajan Nair
50. Shri P.K.Vasudevan Nair
51. Shri K.P.Viswanathan
52. Shri Stephen Padua

LIBRARY ARCHIVES Kerala Legislative Assembly

NOES - 25

1. Shri T·K·Abdu
2. Shri P·M·Abubacker
3. Shri K·Anirudhan
4. Shri R·Balakrishna Pillai
5. Shri P·Bhaskaran
6. Shri N·Bhaskaran Nair
7. Shri N·Chandrasekhara Kurup
8. Shri K·Chandrasekharan
9. Shri N·I·Devassikutty
10. Shri V·Echaran
11. Shri P·P·Esthose
12. Shri P·Karunakaran
13. Shri M·K· Krishnan
14. Shri Thundathil Kunhu-Krishna Pillai
15. Shri G·P·Mangalathu Madom
16. Shri E·Narayanan Nair
17. Shri A·Neelalohithadasan Nadar
18. Shri K·Raghavan Master
19. Shri T·K·Ramakrishnan
20. Shri K·P·Raman
21. Shri P·B·R·Pillai
22. Shri P·R·Kurup
23. Shri N·Subramania Shenoy
24. Shri P·J·Thomas
25. Shri C·Vasudeva Menon

NEUTRALS : NIL

Mr· Deputy Speaker: For the motion : 52
Against the motion : 25
Neutrals : Nil

The Bill was declared passed·

SILENT VALLEY PROTECTED AREA (PROTECTION OF ECOLOGICAL BALANCE) BILL, 1979

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, 1979-ലെ സൈലൻറ്വാലി സംരക്ഷിത പ്രദേശം (ഇക്കോളജിക്കൽ ബാലൻസ് സംരക്ഷണം) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

Mr. Deputy Speaker: The Bill stands introduced·

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഈ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Minister for Works and Sports (Shri K. Pankajakshan): Sir, I second it·

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ഇത്തരമൊരു ഓർഡിനൻസ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം പൂർണ്ണമായി ഇതിലെ statement of objects and reasons-ൽ വിശദീകരിച്ചിട്ടുണ്ട്. അതുകൊണ്ട് അതേപ്പറ്റി കൂടുൽ വിശദീകരിക്കേണ്ടയാവശ്യമില്ല. സൈലൻറ് വാലി പദ്ധതി ഏറ്റെടുത്തു നടത്താൻ നാം വളരെക്കാലമായി ആഗ്രഹിക്കുകയാണ്. അതിനുള്ള പല

1 P. M.]

LIBRARY ARCHIVES Kerala Legislative Assembly